
കാലത്തിന്റെ
ഒഴുക്ക്
കെ. പൗസ്റ്റോവ്സ്കി

# കാലത്തിന്റെ ഒഴുക്ക്

KOTTAYAM PUBLIC LIBRARY
KOTTAYAM

# THE FLIGHT OF TIME

(Short Stories)

KONSTANTIN PAUSTOVSKY

Translated by:
SARKAR

1st Impression June 1962

**Price Rs. 1-25.**

Publishers:
C. I. C. C. Book House,
T. B. Road, Ernakulam.

Printed at:
Sathiaprakasini Press,
Ernakulam.

# ഗ്രന്ഥകാരനെപ്പററി

പോസ്റ്റോവ്സ്ക്കിയുടെ ചെറുകഥകളിലൊന്നിൽ ഒരാട്ടിടയ കുമാരൻ പറയുന്നു: എഴുത്തുകാരൻ എല്ലാം അറിഞ്ഞിരിക്കണം; എല്ലാം കാണണം; എല്ലാം മനസ്സിലാക്കണം; എന്തു ചെയ്യുവാനും കഴിവുള്ളവനുമായിരിക്കണം. പോസ്റ്റോവ്സ്ക്കിയുടെ സാഹിത്യ ജീവിതം മനസ്സിലാക്കുവാൻ നല്ലൊരുപാധിയാണു് ആ പ്രസ്താവന

1911-ലാണു് പോസ്റ്റോവ്സ്ക്കിയുടെ ആദ്യത്തെ കൃതി പ്രസിദ്ധീകരിക്കപ്പെട്ടതു്. അന്നു് അദ്ദേഹമൊരു പത്തൊമ്പതു കാരനായിരുന്നു. ഏതായാലും അന്നദ്ദേഹം മനസ്സിലാക്കി, 'എഴുതാനുള്ള അദമ്യമായ ആഗ്രഹം' കൊണ്ടുമാത്രം ഒന്നുമാവില്ലെന്നു്; 'ജീവിതചഷകം മോന്തുകയാണു്' ആദ്യമായി വേണ്ടതെന്നു്.

പത്തുകൊല്ലത്തോളം അദ്ദേഹം നാട്ടിലാകെ സഞ്ചരിച്ചു. കാസ്പിയൻ തീരത്തുകൂടി കടന്നു് അദ്ദേഹം കോക്കസസ്സിലൂടെയും ആർമ്മീനിയയിലൂടെയും പര്യടനം നടത്തി; കരേലിയയിലും യൂറൽ പ്രദേശങ്ങളിലും കോൾഖിദയിലും താമസിച്ചു; ട്രാം ഡ്രൈവറായും ബോയ്ലർ പ്ലാററിലെ തൊഴിലാളിയായും നാവികനായും അദ്ധ്യാപകനായും അദ്ദേഹം ജീവിച്ചു. ഒരിടയ്ക്കു ശിക്കാറിയായി കഴിഞ്ഞുകൂടാനും മടിച്ചില്ല. 1926-ൽ മാത്രമേ അദ്ദേഹം വീണ്ടും പേന കൈയിലെടുക്കുകയുണ്ടായുള്ള.

മുപ്പതോളം കൃതികളുടെ കർത്താവാണു പോസ്റ്റോവ്സ്ക്കി. കറാബുഗസ്, കോൾഖിദ, മെഷ്ചെഴ്സ്ക്കിനാട്ടത്തു്, അരണ്യങ്ങളുടെ കഥ, വിദൂരവർഷങ്ങൾ എന്നിവയും ഉക്രേനിയൻ കവിയായ താരാസ് ഷെവ്ചെങ്കോ, റഷ്യൻ ചിത്രകാരന്മാരായ ലെവിററൻ, ഓറെസ്റ്റ് കിപ്രെൻസ്ക്കി എന്നിവരുടെ ജീവചരിത്രങ്ങളും അതിലുൾപ്പെടുന്നു. പ്രഥിതങ്ങളാണു് അദ്ദേഹത്തിൻെറ പല കഥകളും. ഈ സമാഹാരത്തിലെ കഥകൾ അടുത്തകാലത്തു് അദ്ദേഹം രചിച്ചവയാണു്. "നമ്മുടെ നിരുപമമായ കാലഘട്ടത്തിൻെറ ഭാവാത്മകമായ 'പയറിഷാണു്' 'കാലത്തിൻെറ ഒഴുക്കു്'" എന്നാണു് പോസ്റ്റോവ്സ്ക്കിയുടെ അഭിപ്രായം.

---

## ഉള്ളടക്കം


| | | |
|---|---|---|
| ഒക്ടോബർ രാത്രി | — | 1 |
| മായാപുഷ്പം | — | 17 |
| കാട്ടുറോസ് | — | 22 |
| കാലത്തിന്റെ ഒഴുക്ക് | — | 44 |
| നിധി | — | 54 |
| തവള | — | 74 |
| ഒരു കൂട്ട ചുള്ളിക്കൊമ്പുകൾ | — | 88 |
| ഡിക്കൻസ് | — | 103 |

# ഒക്ടോബർ രാത്രി

നഗരത്തിലല്ല, നാട്ടിൻപുറത്തിരുന്നെഴുതുകയാണ് എനിക്കു് ഇഷ്ടം. ഏകാന്തത പാലിക്കാൻ അവിടെ സർവ്വവും തയാറാണെന്നു തോന്നും. കൊച്ചു വിളക്കിൻെറ ആടിക്കുഴയുന്ന നാളവും പുറത്തു ചൂളംകുത്തിവീശുന്ന കാററും ചിലപ്പോൾ പ്രപഞ്ചഗതി നിലച്ചു ശൂന്യാന്തരീക്ഷത്തിൽ നിശ്ചലമായി തുങ്ങിനിൽക്കുന്നതുപോലെ തോന്നുന്ന കേവല നിശ്ശബ്ദതപോലും അതിനൊരുങ്ങുകയല്ലേ?

അതിനാൽ, 1945–ലെ ശരൽകാലാവസാനത്തിൽ ഞാൻ റ്യാസാൻെറ സമീപത്തുള്ള ഒരു ഗ്രാമത്തിലേക്കു പുറപ്പെട്ടു. കാടു പിടിച്ച പൂന്തോട്ടങ്ങളുള്ള അനവധി ഗ്രാമീണഗൃഹങ്ങളുണ്ടു് അവിടെ. മുമ്പു് റ്യാസാനിലെ ലൈബ്രേറിയനായിരുന്ന വാസിലിസാ ഇയോനോവ്ന അവിടെയാണു താമസം. എന്തെങ്കിലും സൃഷ്ടിപരമായി ചെയ്യണമെന്ന തോന്നലുണ്ടാകുമ്പോഴെല്ലാം ഞാൻ അവരുടെ കൂടെയാണു താമസിക്കാറുള്ളതു്. എൻെറ ഓരോ സന്ദർശനവും, പൂന്തോട്ടം കൂടുതൽ കൂടുതൽ അവഗണിക്കപ്പെടുകയാണെന്നും ആ വീടും അതിൻെറ ഉടമസ്ഥയും കണക്കിലേറെ വാർദ്ധക്യബാധിതരാവുകയാണെന്നും വെളിപ്പെടുത്തിക്കൊണ്ടിരുന്നു.

അവസാനത്തെ ബോട്ടിലാണു ഞാൻ മോസ്കോവിട്ടതു്. തവിട്ടുനിറത്തിലുള്ള കരകൾ നീണ്ടുകിടക്കുകയാണു്, കണ്ണെത്താവുന്ന ദൂരത്തോളം ബോട്ടിൻെറ ഗതിനിമിത്തം ഇളകിയ ചാരവർണ്ണത്തിലുള്ള അലകൾ അവയെ അവിരാമം കുളിരണിയിച്ചുകൊണ്ടിരുന്നു. ആ രാത്രി മുഴുവൻ ചെമന്ന 'അപായവിളക്കു' തെളിഞ്ഞു കത്തുന്നുണ്ടായിരുന്നു.

ഞാൻ ഏകാകിയായാണു യാത്രചെയ്യുന്നതെന്നുതോന്നി. മററു യാത്രക്കാർ ചൂടുള്ള മുറിവിട്ടു ചുരുക്കമായേ വെളിയിൽ വന്നിരുന്നുള്ളു. യന്ത്രവിഭാഗത്തിലെ ഒരുദ്യോഗസ്ഥൻ മാത്രമുണ്ടു പുറത്തു്. പ്രകൃതിയുടെ അടിഃയററതാണു് അയാളുടെ മുഖം. ജീവൻ തുളുമ്പുന്ന കണ്ണുകൾ. കപ്പൽത്തട്ടിൽ ഏന്തിയേന്തിനടക്കുകയും വാത്സല്യപൂർവ്വം കരകളിലേക്കു കണ്ണോടിക്കുകയുമായിരുന്നു അയാൾ.

ഹേമന്തത്തിന്റെ വരവു പ്രതീക്ഷിച്ചിരിക്കയാണു് സർവ്വചരാചരങ്ങളും. മരങ്ങളിൽനിന്നു് ഇലകൾ കൊഴിഞ്ഞുവീണുകഴിഞ്ഞു. മണ്ണോടു പററിച്ചേർന്നു കിടക്കുകയാണു പുല്ലു്. തടിച്ച കുററികൾ കരുത്തിരുണ്ടുകഴിഞ്ഞു. തീരപ്രദേശത്തുള്ള ഗ്രാമങ്ങളിലെ പുകക്കുഴലുകളിൽനിന്നു് പുക അല്പാല്പം ചുരുണ്ടുയർന്നുകൊണ്ടിരുന്നു. പ്രതീക്ഷാഭരിതയാണു് ആ നദിയും. എവിടെയും കല്പടവുകൾ അകത്തേക്കു നീണ്ടിക്കഴിഞ്ഞിട്ടുണ്ടു്. ബോയ്കൾ എടുത്തുമാററിയിട്ടുണ്ടു്. ചന്ദ്രന്റെ മങ്ങിയ വെളിച്ചത്തിന്റെ സഹായത്തോടെയാണു ഞങ്ങളുടെ ബോട്ടിനു യാത്രതുടരുവാൻ സാധിച്ചതു്.

ഞാൻ ആ ഓഫീസറോടു സംഭാഷണം ആരംഭിച്ചു. സബോറ്യൈ തന്നെയാണു ഞങ്ങളിരുവരുടെയും ലക്ഷ്യം. എന്തൊരാശ്വാസമാണു് അനുഭവപ്പെട്ടതു്! നൊവോ സ്യോൽകിയിൽ ആദ്യം ഇറങ്ങണം. അവിടെനിന്നു ബോട്ടിൽ ഒകാ തരണം ചെയ്യണം. പിന്നെയും മൈതാനപ്പരപ്പുകൾ താണ്ടണം സബോറ്യൈയിലെത്താൻ. ഇരുട്ടുന്നതിനുമുമ്പു് ഞങ്ങളുടെബോട്ടു്നോവോസ്യോൽകിൽ എത്തും.

“വാസ്തവം പറയാം. ഞാൻ സബോറ്യേയിലേക്കല്ല പോകുന്നതു്. അതിനപ്പുറത്തുള്ള വൈററ് ലേക്കിലെ വനോദ്യോഗസ്ഥന്റെ പാർപ്പിടത്തിലേക്കാണു്.” അയാൾ പറഞ്ഞു. “ഏതായാലും സബോറ്യൈവരെ നമുക്കൊന്നിച്ചുപോകാം. ഞാൻ യുദ്ധ

ത്തിന്റെ മുന്നണിയിൽ തങ്ങിയിട്ടുണ്ട്. ധാരാളം അനുഭവങ്ങൾ കണ്ടവനാണ്. എങ്കിലും ആ കാട്ടുപാതയിൽക്കൂടി ഓററക്കുനട ക്കേണ്ടിവരാത്തതിൽ ഞാൻ ആഹ്ളാദം കൊള്ളുകയാണ്. യുദ്ധ ത്തിനുമുമ്പ് ഫോറസ്റ്റ് റേഞ്ചറായിരുന്നു ഞാൻ; ഇന്നു വിട്ടുതൽ കിട്ടിയതുകൊണ്ടു പഴയ സ്ഥലത്തേക്കുതന്നെ തിരിച്ചുപോകുകയാ ണ്. കാട്ടിലെ ജോലി– അതിലും നല്ലതെന്തുണ്ടു്? 'വനസംര ക്ഷണ'ത്തിൽ വൈദഗ്ധ്യവും പരിശീലനവും ഞാൻ നേടിയി ട്ടുണ്ട്. വല്ലപ്പോഴും നിങ്ങളൊന്നു വരു. നിങ്ങളെ അത്ഭുതംകൊ ണ്ടു പിടിച്ചുനിർത്തുന. പലതും ഞാൻ കാണിച്ചുതരാം. യുദ്ധമു ന്നണിയിലായിരുന്നപ്പോൾ ഞാൻ എന്നും അവ സ്വപ്നംകാണാ റുണ്ടു്."

അയാൾ പതുക്കെയൊന്നു ചിരിച്ചു. അതു് അയാളെ കൂടു തൽ ചെറുപ്പമുള്ളവനാക്കുന്നതായി തോന്നി.

അന്നു കുറെ വൈകിയിട്ട് ബോട്ടു് നോവോസ്യോൽകിയി ൽ എത്തി. കടവു വിജനമായിരുന്നു. വിളക്കുമായി നിൽക്കു ന്ന കാവൽക്കാരൻ മാത്രമുണ്ടു് അവിടെ. സുയേവും ഞാനുംമാ ത്രമേ അവിടെ ഇറങ്ങാനുണ്ടായിരുന്നുള്ളു. നനഞ്ഞ കടവുപല കകളിൽ ഹാവർസാക്കുമായി ഞങ്ങൾ ചാടിയിറങ്ങിയപ്പോഴേ ക്കും ബോട്ടുവീണ്ടും യാത്ര ആരംഭിച്ചു; ആ വിപാടലത്താൽ ഞങ്ങളെ പൊതിഞ്ഞുകൊണ്ടു് കാവൽക്കാരൻ വിളക്കുമെടുത്തു സ്ഥലം വിട്ടു. ഞങ്ങൾ അവിടെ തനിച്ചായി.

"ധാരാളം സമയമുണ്ടു്, നമുക്കു്." സുയേവ് പറഞ്ഞു. "ആ കാണുന്ന തടികളിൽ കയറിയിരുന്നു നമുക്കൊന്നു പുകവ ലിക്കാം."

ആ സമ്പ്രദായം എന്നെ ബോധ്യപ്പെടുത്തി, അയാൾക്കു വലിയ തിടുക്കമൊന്നുമില്ലെന്നു്. ആ ശബ്ദവും, നദീതീരത്തി ന്റെ മണം ആവേശത്തോടെ ഉൾക്കൊള്ളുന്ന രീതിയും ബോട്ടി ന്റെ ഹ്രസ്വമായ കാഹളവും രാത്രിയുടെ മാറെറാലിയാൽ തി രിച്ചടിക്കപ്പെട്ടു. ഒകായ്ക്കപ്പുറമുള്ള കാടുകളിൽ അലിഞ്ഞലി

ഞ്ഞുപോയപ്പോഴത്തെ ചിരിയും അതു വിളിച്ചോതുന്നുണ്ടായിരുന്നു. തനിക്കു സുപരിചിതവും തന്റെ സ്നേഹത്തിനു പാത്രീഭവിച്ചതുമായ ആ സ്ഥലത്തു് ഒരിക്കൽക്കൂടി എത്തിച്ചേർന്നതിനാൽ അയാൾ പരമാനന്ദം അനുഭവിക്കുകയായിരുന്നു.

പുക വലിച്ചതിനുശേഷം ഞങ്ങൾ ചെങ്കുത്തായ നദീതീരത്തിലുള്ള ബോയ്കീപ്പറിന്റെ താമസസ്ഥലത്തെത്തി. ഞാൻ ജാലകത്തിൽ മുട്ടിവിളിച്ചു. സോഫ്രൺ- ബോയ്കീപ്പർ-ക്ഷണം അവിടെ എത്തി. അയാൾ ഞങ്ങളെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നെന്നു തോന്നും. "വെള്ളം വേഗംവേഗം പൊങ്ങിക്കൊണ്ടിരിക്കയാണു്." അഭിവാദ്യത്തിനുശേഷം അയാൾ പറഞ്ഞു. "ഇന്നലത്തേതിനെ അപേക്ഷിച്ചു രണ്ടടി ഉയർന്നു കഴിഞ്ഞിട്ടുണ്ടു്. ദൂരെയെവിടെയെങ്കിലും നല്ല കനത്തമഴ ഉണ്ടായിരിക്കണം ആകട്ടെ, ആ വിശേഷം വല്ലതും അറിയാമോ?"

"ഇല്ല. ഞാനൊന്നും കേൾക്കുകയുണ്ടായില്ല" കോട്ടുവായിട്ടുകൊണ്ടു സോഫ്രൺ പറഞ്ഞു: "ശരൽക്കാലം വരുകയല്ലേ? ഇങ്ങനെയൊക്കെയുണ്ടാവും. എന്നാൽ, നമുക്കു പുറപ്പെടാം."

ഒകായ്ക്കു് ആ രാത്രി പകലത്തേതിലും വിസ്തീർണ്ണം അധികമുണ്ടെന്നു തോന്നി. ഒരൊററ വെമ്പലിൽ പാഞ്ഞൊഴുകുകയാണതു്. വല്ലപ്പോഴും ഒരു മത്സ്യം വെട്ടിത്തിളങ്ങും. അതുണർത്തുന്ന കുഞ്ഞലകളെ ഒഴുക്കു വലിച്ചുകൊണ്ടുപോകുകയാണ്. അവയെ വലിച്ചു നീട്ടുകയാണു് ആ രൂപസുഷമ നശിപ്പിക്കാൻ.

ഞങ്ങൾ കരയ്ക്കിറങ്ങി. ഒരു ഒററയടിപ്പാത അസ്പഷ്ടമായി കാണാം. വയലിലേയ്ക്കെത്തുന്ന വഴിയിൽ ചെന്നു ചേരാൻ അതാണു് മാർഗ്ഗം. പുൽക്കൊടികളുടേയും കൊഴിഞ്ഞു വീഴുന്ന വില്ലോ ഇലകളുടേയും ഗന്ധം അന്തരീക്ഷത്തിൽ തങ്ങിനിന്നിരുന്നു. പ്രകാശപ്പൊലിമ നഷ്ടമായി, മറയാൻ മുതിരുകയാണു് ചന്ദ്രൻ.

നാലു നാഴിക വീതിയുള്ള ഒരു പുൽത്തടം കടന്നു പോകണം ഞങ്ങൾക്കു്. അതിനുശേഷം ഒകായുടെ കരയിലൂടെ മണൽ

ചവിട്ടി നടന്നു. ഒരു പാലം കടക്കണം. അവിടെ ആ മണൽപ്പുറപ്പിനപ്പുറത്തു്........നബോറേ്യ.

“എല്ലാം തിരിച്ചു വരുകയാണ്. മനസ്സിലായോ?” വികാരഭരിതനായി ക്യാപ്റ്ററൻ പറഞ്ഞു. “ഞാൻ ഒന്നും മറന്നിട്ടില്ല. അതാ, ഒരു മരക്കൂട്ടം കാണുന്നില്ലേ? പ്രോർവ്വയിലെ വില്ലോമരങ്ങളല്ലേ? നോക്കൂ, സെല്യൻ തടാകത്തിലെ മൂടൽമഞ്ഞു് എത്ര കനത്തതാണു്! ഒരൊററക്കിളിയില്ല, എങ്ങും. സമയം വൈകിക്കാണണം — അവ പോയിക്കഴിഞ്ഞിട്ടുണ്ടാവും. എന്തൊരന്തരീക്ഷം. പുൽക്കൊടികളിൽനിന്നു് ഊററിയെടുത്തതുപോലെ. മററെങ്ങും ഇത്തരമൊരു അന്തരീക്ഷം ഞാൻ കണ്ടിട്ടില്ല. കോഴികളുടെ കൂവൽ കേൾക്കുന്നില്ലേ, നിങ്ങൾ? ടെബൂട്ടിനോവിൽ നിന്നാണ്. എന്തൊരു ശബ്ദം! രണ്ടു നാഴിക അകലെയാണ് നമ്മൾ. എന്നിട്ടും ആ ശബ്ദം കേൾക്കാൻ കഴിയുന്നു!

മുന്നോട്ടു നീങ്ങുംതോറും ഞങ്ങളുടെ സംഭാഷണം ചുരുങ്ങിച്ചുരുങ്ങി വന്നു തുടങ്ങി. അവസാനം ഇരുവരും നിശ്ശബ്ദരായി രാത്രിയുടെ അപ്രസന്നത തണ്ടുകളെയും പൊന്തകളെയും അഴികളെയും വാരിപ്പുണർന്നു നിൽക്കുകയാണ്. അതിൻെറ നീരവതാം ഞങ്ങളെയും ബാധിച്ചതാണെന്നു തോന്നുന്നു.

അവ്യക്തമായി തെളിഞ്ഞു ഞങ്ങളുടെ വലത്തുഭാഗത്തു നീണ്ടുനിവന്നു കിടക്കുകയാണു് കരകവിഞ്ഞ നീരാഴി. സൂയേവിൻെറ മുടന്തു് നടത്തത്തെ സാരമായി ബാധിച്ചിരുന്നു. കാററിൽ കടപുഴങ്ങി വീണ ഒരു വില്ലോമരത്തടിയിലിരുന്നു ഞങ്ങൾ തെല്ലിട വിശ്രമിച്ചു. സുപരിചിതമായ ഒരടയാളമാണ് അതു്. ഉയരം കുറഞ്ഞു വളരുന്ന പനിനീർച്ചെടികൾ കൊണ്ടു് ഏതാണ്ടു് മറഞ്ഞു കിടക്കുകയായിരുന്നു അതു്.

“വല്ലാത്ത ഒന്നാണ് ഈ ജീവിതം” സൂയേവ് ദീർഘനിശ്വാസം ചെയ്തു. പൊതുവെ മോശമല്ല, തീരെ മോശവുമല്ല. യുദ്ധത്തിനു ശേഷം എനിക്കു് അതിനെപ്പററി കൂടുതൽ അറിവു

നേടാൻ കഴിഞ്ഞിട്ടുണ്ട്. അസാധാരണമായ ഒരനുഭവം. വേണ മെങ്കിൽ, എന്നെ പരിഹസിച്ചോളൂ. പക്ഷേ ഏതാനും പയിൻ മരങ്ങൾ വച്ചുപിടിപ്പിച്ച് ഇനിയുള്ള കാലം കഴിക്കാനാണ് എനിക്കിഷ്ടം. ഞാൻ തമാശ പറയുകയല്ല. ഭ്രാന്ത്, അല്ലേ?"

"ഓ, അതൊന്നുമല്ല" ഞാൻ പറഞ്ഞു "നിങ്ങൾക്ക് കുടും ബവും മററുമില്ലേ?"

"ഇല്ല. അവിവാഹിതനാണു ഞാൻ."

ഞങ്ങൾ യാത്ര തുടൻ്ന. ഒകായുടെ ഉയൻ്ന തീരങ്ങളുടെ പിറകിൽ അമ്പിളി മറഞ്ഞു കഴിഞ്ഞു. പ്രഭാതമാവാൻ ഇനി യും താമസമുണ്ട്. കിഴക്കെ ചക്രവാളം ആകാശത്തിൻെറ ഇതര ഭാഗങ്ങളെപ്പോലെ കടുംനീലനിറത്തിൽത്തന്നെ കാണപ്പെ ടുന്നു. യാത്ര ക്രമേണ ക്ലേശകരമായിത്തുടങ്ങി.

"ഒരു കാര്യം മാത്രം മനസ്സിലാക്കാൻ എനിക്കു സാധിക്കു ന്നില്ല—ഇപ്പോൾ എന്താണ് കുതിരകളെ മേയാൻ വിടാത്തതു്? മഞ്ഞു വീഴുന്നതുവരെ അതു പതിവുണ്ടല്ലോ. ഇതാ, നോക്കൂ. ഒരൊററക്കുതിരയില്ല, ഈ മേച്ചിൽ സ്ഥലത്തു്."

ഞാനും അതൊന്നു കണ്ടതാണ്. എന്നാലും അക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുകയുണ്ടായില്ല. വാസ്തവത്തിൽ, നിർജ്ജനമായി തോന്നി, ആ ഗ്രാമം. അവിടെ ആകെ ജീവനുള്ളതു് ഞങ്ങൾക്കു മാത്രമാണെന്നു തോന്നി.

ഈ സന്ദർഭത്തിലാണു ഞാൻ അതുകണ്ടതു്—വീതിയുള്ള ഒരു നീർച്ചാലിൻെറ അവ്യക്തമായ രൂപം. അതു തികച്ചും പുതിയതാണു്. വളരെ ശ്രദ്ധയോടെ ഞാൻ അതു പരിശോ ധിച്ചു. ഏദയത്തുടിപ്പുകൾ നിന്നുപോകുകയാണോ? ഒകാ ഇത്ര ത്തോളം കരകവിഞ്ഞൊഴുകുകയോ?

"താമസമില്ല ഇനി പാലത്തിൻെറ അടുത്തെത്താൻ." സാററാദം സ്വയേവ് പറഞ്ഞു. "സബോറ്യേയിൽ നിന്നു് ഒരു വിളിപ്പാടകലെ മാത്രമാണതു്. അതായതു്, നമ്മൾ അവിടെ എത്തിക്കഴിഞ്ഞെന്നുതന്നെ പറയാം."

ഞങ്ങൾ ആ തീരത്തിന്റെ വക്കത്തെത്തി. ആ ഇരുണ്ട വെള്ളപ്പരപ്പിലേയ്ക്ക് ഊന്നിറങ്ങിയിരിക്കയാണു വഴി. ഞങ്ങളുടെ പാദങ്ങൾക്കപ്പുറത്തേയ്ക്കൊഴുകി കരകളെകാന്തു തിന്നുകയാണു വെള്ളം. അടിയിളകിയ കരകളിൽനിന്നു മണൽക്കട്ടകൾ വെള്ളത്തിലേയ്ക്കു വീഴുന്ന കനത്തശബ്ദം ഇടയ്ക്കിടയ്ക്കു കേൾക്കാനുണ്ടു്.

"പാലം എവിടെ?" സൂയേവ് ഉൽകണ്ഠയോടെ ചോദിച്ചു.

അവിടെ ഒന്നുമുണ്ടായിരുന്നില്ല. പാലം ഒഴുകിപ്പോയതായിരിക്കാം. അല്ലെങ്കിൽ ജലവിതാനത്തിനു് അഞ്ചാറടിതാഴെ കഴിയുകയായിരിക്കാം. സൂയേവ് ടോർച്ച് മിന്നിച്ചു. ക്ഷോഭിച്ച അലമാലകൾക്കുമേലെ ചാഞ്ചാടുകയാണു് ഏതാനും ചെടിപ്പടർപ്പുകൾ. അത്രമാത്രം.

"നോക്കു." എന്താണിനിചെയ്യേണ്ടതെന്നു് അറിയാതെ സൂയേവ് പറഞ്ഞു: "നമ്മളുടെ ഗതിമുട്ടിയെന്നാണു തോന്നുന്നതു്. ഇതുകൊണ്ടായിരിക്കാം ഇവിടെയെങ്ങും ആരെയും കാണാത്തതു്. നമ്മൾ ഒററപ്പെട്ടിരിക്കയാവണം. ഇനി എന്താണു ചെയ്യുക? ആലോചിച്ചേ പറയൂ." അയാൾ നിശ്ശബ്ദനായി. "ഉറക്കെ വിളിച്ചു നോക്കിയാലോ?" തെല്ലിട കഴിഞ്ഞു് അയാൾ ചോദിച്ചു

പക്ഷേ അതുകൊണ്ടു് എന്തെങ്കിലും പ്രയോജനമുണ്ടാവുമെന്നു തോന്നിയില്ല. വളരെ അകലെയാണു് സബോറ്യേ. ആരും ഞങ്ങളുടെ ശബ്ദം കേൾക്കാനിടയില്ല. മാത്രമല്ല. അവിടെയെങ്ങാനും ഒരു വള്ളമുണ്ടായിരിക്കാനും വഴിയില്ല. ഇതും എനിക്കറിയാമായിരുന്നു. നദിയിൽ ഒന്നൊന്നരനാഴിക അകലെ പൊന്തകൾക്കടുത്തായിരിക്കും കടത്തുവഞ്ചി.

"കടവുവരെ നടന്നുപോകണമെന്നു തോന്നുന്നു" ഞാൻ പറഞ്ഞു. "ഏതായാലും...."

"എന്തു്, ഏതായാലും?"

"ഓ, ഒന്നുമില്ല. എനിക്കു വഴിയറിയാം." ഞാൻ പറയാൻവന്നതു്, അതിപ്പോഴം പ്രയോജനപ്പെടുന്നുണ്ടെങ്കിൽ എന്നാണു്. പക്ഷേ പറഞ്ഞില്ല. കടത്തുബോട്ടു നിത്തലാക്കിയിരിക്കാനാണിട. വെള്ളപ്പൊക്കം ബാധിച്ച മൈതാനത്തിൽ ഒരൊററ ആറംപോലുമില്ലല്ലോ! ബുദ്ധിയും അഭിമാനവുമുള്ളവനാണു് കടത്തുകാരനായ വാസിലി. അയാറം നദിയിൽ നിഷ്ഫലമായി സമയം കളയാൻ ഇഷ്ടപ്പെടുകയില്ല.

"എന്നാൽ നമുക്കുപോകാം" സൂയേവ് സമ്മതിച്ചു. "വല്ലാത്ത കൂരിരുട്ടു്!"

അയാറം ഒരിക്കൽക്കൂടി ടോർച്ചു മിന്നിച്ചു. അയാറം എന്തെല്ലാമോ പിറുപിറുക്കുന്നുണ്ടായിരുന്നു. പൊന്തകളെയും വിഴുങ്ങിക്കഴിഞ്ഞിരിക്കയാണു് ഒഴുക്കു്.

"ഇതു കളിയൊന്നുമല്ല." അയാറം പതുക്കെപറഞ്ഞു. "നമുക്കുവേഗം പോകാം"

ഞങ്ങറം യാത്രതുടന്നു. സകലതിനെയും തട്ടിയകററുന്ന ഗംഭീരൻ കാററണഞ്ഞു. അന്ധകാരത്തിന്റെ അഗാധതയിൽ നിന്നു ചാടിയിറങ്ങിയ അതു് ചുററും മഞ്ഞിൻകട്ടകറം വാരി വിതറിക്കൊണ്ടിരുന്നു. തടങ്ങറം ഇടിഞ്ഞിടിഞ്ഞു വീഴുന്ന ശബ്ദങ്ങളുടെ കാലദൈർഘ്യം ചുരുങ്ങിത്തുടങ്ങി. മൺക്കൂനകളുടെയും ഉണങ്ങിയ പുൽക്കൂട്ടത്തിന്റെയും മുകളിലൂടെ ഇടറിയിടറി ഞങ്ങറം മുന്നോട്ടുനീങ്ങിക്കൊണ്ടിരുന്നു. സാധാരണമായി വരണ്ടിരിക്കാറുള്ള രണ്ടു കൈത്തോടുകറംക്കെതിരെ ഞങ്ങറം തുഴഞ്ഞെത്തി.

"തോടുകളിലും വെള്ളംകയറിക്കഴിഞ്ഞു." സൂയേവ് പറഞ്ഞു. "വിഷമംതന്നെ. എന്താണിങ്ങിനെ വെള്ളം കയറുന്നതു്? അതാണെനിക്കു മനസ്സിലാകാത്തതു്."

അതെ, ദുർഗ്രഹമായിരുന്നു അതു്. ശരൽക്കാലത്തെ കനത്ത പേമാരി കൊണ്ടുപോലും ഇങ്ങനെ വെള്ളപ്പൊക്കമുണ്ടാവാറില്ല; തുരുത്തു് ആകമാനം വെള്ളത്തിൽ മുങ്ങിപ്പോകാറില്ല.

"ഒരൊററ മരമില്ല, ഇവിടെ. കണ്ടോ?" പെട്ടെന്നു സൂയേവ് പറഞ്ഞു. "വെറുംപൊന്തകൾ മാത്രം."

ധാരാളം ഗതാഗതം നടക്കാറുള്ള ആവഴി കടത്തിലേയ്ക്കെത്തുന്നതാണ്. കാലിൽ പററിയ മണ്ണിൻേറയും ചാണകത്തിൻേറയും മണംകൊണ്ടു ഞങ്ങൾ അതു തിരിച്ചറിഞ്ഞു. ആ പുഴക്കരയുടെ മറുപുറത്തുള്ള പയിൻ മരങ്ങൾ കാററിൽ ചാഞ്ചാടികൊണ്ടിരുന്നു.

ഇരുട്ടു കനക്കുകയാണ്. തണുപ്പു വദ്ധിക്കുകയാണ്. പ്രവാഹം ചൂളംകുത്തിയൊഴുകിക്കൊണ്ടിരുന്നു. സൂയേവ് വീണ്ടും ടോർച്ച് മിന്നിച്ചു. കരയോടൊപ്പമെത്തിക്കഴിഞ്ഞിട്ടുണ്ട് വെള്ളം. അതിൻേറ നീണ്ടനാവുകൾ കരയെ ഗ്രസിക്കുകയാണ്.

"കടത്തുകാരാ, കടത്തുകാരാ, അവിടെയുണ്ടോ?" സൂയേവ് വിളിച്ചുചോദിച്ചു. ഉത്തരം കേൾക്കുന്നതിനുവേണ്ടി അയാൾ തെല്ലിട ശബ്ദമടക്കിനിന്നു. "ഉണ്ടോ അവിടെ?"

ഒരു ശബ്ദവും കേൾക്കാനില്ല. കാടുപിടിച്ച ഭാഗം മാത്രം മുഴങ്ങിയുലഞ്ഞുകൊണ്ടിരുന്നു.

തൊണ്ട കാറുന്നതുവരെ ഞങ്ങൾ വിളിച്ചുനോക്കി. പക്ഷേ ഫലമുണ്ടായില്ല. മഞ്ഞു മഴയായി മാറി. വലിയ വലിയ നീർക്കണങ്ങൾ ഞങ്ങളുടെ ചുററും ആഞ്ഞലച്ചുവീണു.

"കടത്തുകാരനില്ലെന്നു തോന്നുന്നു." നൈരാശ്യവും ഈർഷ്യയും കലന്ന ശബ്ദത്തിൽ സൂയേവ് പറഞ്ഞു. "ശരിയാണ്. ഈ ദ്വീപാകെ വെള്ളത്തിൽ മുങ്ങിയിരിക്കെ, ആരും ഇവിടെ ഇല്ലാത്ത നിലയ്ക്കു് അയാളെന്തിനു കാലും നനച്ചുകൊണ്ടു് ഇവിടെ ഇരിക്കണം? ഭ്രാന്തുണ്ടാകും ഇതു്, നിശ്ചയം. രണ്ടടിപോയാൽ മതി, വീടെത്താൻ എന്നിട്ടും..."

ഞങ്ങളെ സംരക്ഷിക്കാൻ ഇനി ഭാഗ്യത്തിനുമാത്രമേ കഴിയൂ എന്നു് എനിക്കു മനസ്സിലായി. ഒന്നെങ്കിൽ വെള്ളം

ഇനി പൊങ്ങരുതു്. അല്ലെങ്കിൽ അലഞ്ഞുതിരിയുന്ന ഏതെങ്കിലുമൊരു വഞ്ചികണ്ടെത്തണം. എന്തുകൊണ്ടാണു വെള്ളമിങ്ങനെ കയറുന്നതു്? അതു മനസ്സിലാക്കാൻ സാധിക്കാതിരുന്നതാണു ഭയം ജനിപ്പിക്കുന്നതു്. ഒരു മണിക്കൂർ മുമ്പു് ഒരു സൂചനയുമില്ലായിരുന്നു, അർദ്ധരാത്രി ഇത്തരമൊരാപത്തു് ഉണ്ടാകുമെന്നതിനു്. ഞങ്ങൾ നടന്നെത്തിയിരിക്കയാണു്, ആ ആപത്തിന്റെ നടുവിലേയ്ക്കു്.

"നമുക്കു് ഈ തീരത്തിലൂടെ പോകാം." ഞാൻ അഭിപ്രായപ്പെട്ടു. "ഒരു പക്ഷേ വല്ല വഞ്ചിയും കാണാൻ കഴിഞ്ഞെന്നുവരാം."

ഞങ്ങൾ ആ തീരംവഴി നടന്നു. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ സമീപത്തുകൂടി അങ്ങനെ കടന്നു പോകാമല്ലോ. ഇടയ്ക്കൊക്കെ സൂയേവ് ടോർച്ചു് മിന്നിച്ചിരുന്നു. ഒടുവിൽ അതും മങ്ങാൻ തുടങ്ങി. പിന്നെ അതു മിന്നിക്കുകയുണ്ടായില്ല അയാൾ. വേണ്ടിവരുന്നപക്ഷം അതിന്റെ അവസാനപ്രകാശം ഉപയോഗപ്പെടുത്താമല്ലോ.

ഇരുണ്ടുമിനുത്ത എന്തോ ഒന്നിൽ എന്റെ കാൽ തട്ടി—ചെറിയൊരു വൈക്കോൽക്കെട്ടായിരുന്നു അതു്. സൂയേവ് അതിനു തീ കൊടുത്തു. ഭീഷണമായ രക്തജിഹ്വകൾ ഉയർത്തി അതു് ആളിക്കത്താൻ തുടങ്ങി. കുത്തിയൊഴുകുന്ന വെള്ളവും മൈതാനവും—നോക്കെത്താവുന്ന ദൂരത്തോളം വെള്ളത്തിനടിയിലാണതു്—മറു തീരത്തെ പയിൻ മരങ്ങളും ഇരുട്ടിന്റെ ആഴത്തിൽനിന്നു പറിച്ചെടുത്തു് അതു ഞങ്ങൾക്കു കാണിച്ചു തന്നു. ഒന്നും സംഭവിച്ചിട്ടില്ലെന്ന മട്ടിൽ മർമ്മരം പൊഴിക്കുകയും നൃത്തമാടുകയുമായിരുന്നു മരത്തലപ്പുകൾ.

പല തരത്തിലുള്ള ചിന്തകളും ഉള്ളിലേക്കു കടന്നുവന്നു. ഞങ്ങൾ ആ തീനാളങ്ങളിൽ കണ്ണും നട്ടു നിന്നുപോയി.

പലതും ചെയ്യാനാഗ്രഹിച്ചു. പക്ഷേ പത്തിലൊന്നുപോലും സഫലമാക്കിയില്ല. ആ ഖേദമാണ് എന്നെ ആദ്യം ബാധിച്ചതു്. ഞങ്ങളുടെതന്നെ വിഡ്ഢിത്തം കൊണ്ടു് ഇങ്ങനെ മരിക്കേണ്ടിവരിക! എത്ര പരിഹാസ്യമാണതു്! ഇന്നത്തേതുപോലെ പ്രേമാരിയുള്ളതെങ്കിലും ഊർജ്ജസ്വലവും ആഹ്ളാദകരവുമായ എത്രയെത്ര നാളുകളെയാണു ജീവിതം വാഗ്ദാനം ചെയ്തതു്. . അന്തരീക്ഷത്തിനും വെള്ളത്തിനും മരങ്ങൾക്കും എന്തിനു് പുല്ലിനുപോലും വരാനിരിക്കുന്ന മഞ്ഞിന്റെ മണമുണ്ടായിരുന്നു.

സൂയേവിന്റെ ചിന്തയും ഏതാണ്ടിതേ രീതിയിൽത്തന്നെയായിരുന്നിരിക്കണം. അയാൾ മെല്ലെ തന്റെ കോട്ടിന്റെ കീശയിൽ നിന്നു ചുളുങ്ങിയ ഒരു സിഗററ് പാക്കറ്റെടുത്തു് എന്റെ നേർക്കു നീട്ടി. ഞങ്ങൾ എരിയുന്ന ഒരു വൈക്കോലിഴകൊണ്ടു സിഗററു കത്തിച്ചു.

"അതു വേഗം കെട്ടടങ്ങും" പതിഞ്ഞ ശബ്ദത്തിൽ സൂയേവ് പറഞ്ഞു. "വെള്ളം കാൽക്കീഴിലെത്തിക്കഴിഞ്ഞു."

ഞാൻ മറുപടി പറഞ്ഞില്ല. കാരണം, മറെറാന്നു എന്റെ ശ്രദ്ധയെ ആകർഷിക്കുകയായിരുന്നു. അവ്യക്തവും ഹ്രസ്വവുമായ വളവളശബ്ദം. തിരകളുടെ കളനാദത്തിനും മരങ്ങളുടെ മർമ്മരത്തിനുമുപരിയായി അതു കേൾക്കാൻ കഴിഞ്ഞിരുന്നു. നദിയിലേയ്ക്കു തിരിഞ്ഞു കഴിയുന്നത്ര ഉറക്കെ ഞാൻ വിളിച്ചു.

"ഹേയ്, വഞ്ചി........"

"വരുന്നു" നദിയിൽ നിന്നൊരു ശബ്ദം കേട്ടു. ഒരാൺകുട്ടിയുടേതുപോലുള്ള ശബ്ദം.

സൂയേവ് തിരക്കിട്ടു് എരിയുന്ന വൈക്കോലൊന്നിളക്കി. തീ ആളിക്കത്തി. ഇരുളിലേയ്ക്കു് ആയിരമായിരം പൊരികൾ അതുയർത്തി. സൂയേവ് മെല്ലെ പുഞ്ചിരിക്കുകയുണ്ടായി.

"പങ്കായങ്ങൾ" അയാൾ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു. "പങ്കായങ്ങൾ ശബ്ദം പുറപ്പെടുവിക്കയാണ്. സ്വന്തം വീട്ടിൽ നമുക്കൊററപ്പെടേണ്ടിവരില്ല. ഒരിക്കലും അങ്ങനെ വരികയില്ല."

ആ 'വരുന്ന' എന്നെയും വല്ലാതെ ഉലച്ചു. ഇളകിക്കൊണ്ടിരുന്ന തീനാളവും അന്ധകാരത്തിനുള്ളിൽ നിന്നു വന്ന സഹായവാഗ്ദാനവും ആപത്തിൽപ്പെട്ടവരെ രക്ഷപ്പെടുത്താനുള്ള പഴയ സമ്പ്രദായങ്ങളെക്കുറിച്ചു ചിന്തകൾ എന്നിൽ ഉണർത്തി.

"ഹേയ്. മണപ്പുറത്തേക്കിറങ്ങിവരൂ." നദിയിൽ നിന്നു് ആ കർണ്ണപീയൂഷമായ ശബ്ദം നിർദ്ദേശിച്ചു. അപ്പോൾ മാത്രമേ എനിക്കു മനസ്സിലായുള്ളു, അതൊരു സ്ത്രീയുടെ ശബ്ദമാണെന്നു്.

ഞങ്ങൾ തീരത്തിലേയ്ക്കു കുതിച്ചു. വഞ്ചി ഇരുളിൽ നിന്നു വെളിയിലേയ്ക്കു നീങ്ങി തീയിൻെറ അരണ്ട വെളിച്ചത്തിലേയ്ക്കു കടന്നു വന്നു് മണലിൽ ഉറച്ചു നിന്നു.

"നില്ക്കണേ." ആ സ്ത്രീ പറഞ്ഞു. "ആദ്യമായി ഈ വെള്ളം പുറത്തേയ്ക്കു് ഒഴിച്ചു കളയട്ടെ."

അവൾ തീരത്തേക്കിറങ്ങി നിന്നു വഞ്ചി വലിച്ചു കയററി.

എനിക്കു് അവളുടെ മുഖം കാണാൻ കഴിഞ്ഞില്ല. കട്ടിയുള്ള ജാക്കററും ഉയർന്ന ബൂട്ട്സും ധരിച്ചിട്ടുണ്ടായിരുന്നു അവൾ. ചൂടുള്ള ഒരു ഷാൾ തലയിലും ഇട്ടിട്ടുണ്ടു്. "നിങ്ങൾ ഇവിടെ എന്തു ചെയ്യുകയാണ്?" ഞങ്ങളുടെ നേരെ നോക്കാതെ ഗൗരവത്തിൽ അവൾ ചോദിച്ചു.

വെള്ളം മുക്കിക്കളയുന്നതിനിടക്കു് നിസ്സബ്ദയായി, അലക്ഷ്യഭാവം പ്രദർശിപ്പിച്ചു കൊണ്ടു് അവൾ ഞങ്ങളുടെ കഥ ശ്രദ്ധിച്ചു കേട്ടു.

"ബോയ്കീപ്പർ നിങ്ങൾക്കു് മുന്നറിയിപ്പു തരാഞ്ഞതെന്താണെന്നാണ് ഞാൻ ആലോചിക്കുന്നതു്. ഇന്നു് അവർ ചീർപ്പു

കഠം തുറന്നുവിട്ടു. നേരം പുലരുമ്പോഴേക്കും ഈ തുരുത്തു വെള്ള ത്തിനടിയിലാവും."

"ഈ രാത്രി കാട്ടിലേക്കു വരാൻ കാരണമെന്താണ്, ദേവി? വിനോദ രൂപത്തിൽ സൂയേവ് ചോദിച്ചു.

"ഞാൻ എൻെറ ജോലി സ്ഥലത്തേക്കു പോവുകയായിരുന്നു. പുസതിനിൽ നിന്ന് സബോറ്യേയിലേക്ക്." അവഠം അലക്ഷ്യ ഭാവത്തിൽ പറഞ്ഞു. "തുരുത്തിൽ തീയും ഒന്നുരണ്ടാളുകളെയും കണ്ടപ്പോഠം ഞാൻ കരുതി, എന്തോ അബദ്ധം പററിയിട്ടുണ്ടെന്ന്. കഴിഞ്ഞ രണ്ടു ദിവസമായി കടത്തുകാരന് ഒഴിവാണ്. അതു ന്യായവുമല്ലേ? അയാഠം ഇവിടെ എന്തു ചെയ്യാനാണ്? അയാഠം തുഴകഠം എങ്ങോ ഇട്ടിരിക്കുകയായിരുന്നു. കണ്ടുപിടിക്കാൻ കുറേ ചിഷമിക്കേണ്ടിവന്നു, എനിക്ക്. കുടാരത്തിനകത്തു വൈക്കോലിനു കീഴിലായിരുന്നു അവ."

ഞാൻ പങ്കായങ്ങഠംക്കടുത്തിരുന്നു. എത്ര ശക്തിയായി തുഴഞ്ഞിട്ടും വഞ്ചി കരയ്ക്കടുക്കുന്നില്ലെന്നു തോന്നി. മറിച്ചു, കുതിച്ചൊഴുകുന്ന പ്രവാഹത്തിൻേറയും ഇരുളിൻെറയും രാത്രിയുടെയും ഒപ്പം ഏതോ അന്ധകാരാവൃതമായ വെള്ളച്ചാട്ടത്തിലേയ്ക്ക് നീങ്ങുകയാണോ?

ഒരു പ്രകാരത്തിൽ ഞങ്ങഠം കരയ്ക്കെത്തി. മണൽത്തിട്ടിലേയ്ക്കിറങ്ങി ഞങ്ങഠം കാട്ടിലേയ്ക്കു നടന്നു തുടങ്ങി. അവിടെ ഒന്നു പുകവലിക്കുന്നതിന് തെല്ലിട തങ്ങുകയുണ്ടായി. സുഖകരമായ ചൂടും പ്രശാന്തതയും അവിടെ നിറഞ്ഞു നിന്നിരുന്നു. ജീർണ്ണിക്കുന്ന ഇലകളുടെ ഗന്ധം വ്യാപിച്ചിരുന്നു. മരത്തലപ്പുകളിൽ തടഞ്ഞു നിന്നിരുന്ന കാററു ഊക്കോടെ വീശുകയും ഗർജ്ജിക്കുകയുമാണ്. അതു് ആ ഭീകരമായ രാത്രിയേയും ഞങ്ങഠംക്കു നേരിട്ട ആപത്തിനെയും - ഓർമ്മിപ്പിക്കുകയാവാം. പക്ഷേ രാത്രി, ഇപ്പോഠം, അത്ഭുതകരവും മനോഹരവുമായി തോന്നുകയാണ്. ആ യുവതിയുടെ മുഖം, ഞങ്ങഠം പുകവലിക്കാനായി

കത്തിച്ച തീപ്പെട്ടി കൊണ്ടു് വിതറിയ പ്രകാശത്തിൽ, സുപരിചിതവും സ്നേഹപൂർണ്ണവുമായിരുന്നു. അവളുടെ കണ്ണുകഠം ലജ്ജാപുരസ്സരം ഞങ്ങളുടെ നേർക്കു് പതിഞ്ഞു കൊണ്ടിരുന്നു. നനഞ്ഞ ചുരുഠംനിരകഠം ഷാളിനകത്തുനിന്നു പുറത്തേയ്ക്കുറ്റുനോക്കിക്കൊണ്ടിരുന്നു.

''ആരാണിതു്—ദാഷയോ?'' ശബ്ദം ഒതുക്കി സൂയേവ് പെട്ടെന്നു ചോദിച്ചു.

"അതെ." അവഠം മന്ദസ്മിതം തൂകി, തൻെറ രഹസ്യത്തിൻെറ നേരെയെന്നപോലെ ''ഞാൻ വളരെ വേഗം നിങ്ങളെ തിരിച്ചറിഞ്ഞു. അതു പുറമേ കാണിച്ചില്ലെന്നേയുള്ളു. യുദ്ധം കഴിഞ്ഞതു മുതൽ ഞങ്ങഠം അങ്ങയെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അങ്ങു തിരിച്ചു വരുമെന്നു ഞങ്ങഠംക്കു നല്ല ഉറപ്പുണ്ടായിരുന്നു.''

"അതെങ്ങനെ വിശ്വസിക്കും?'' സൂയേവ് അത്ഭുതത്തോടെ ചോദിച്ചു.

''നാലു കൊല്ലത്തോളം ഞാൻ മുന്നണിയിലായിരുന്നു. പലപ്പോഴും മരണത്തോടു തൊട്ടുരുമ്മിക്കൊണ്ടു കഴിഞ്ഞു. എൻെറ അസിസ്റ്റൻറാണ് എൻെറ ജീവൻ രക്ഷപ്പെടുത്തിയതു്. നിങ്ങഠംക്കു് അറിയാമോ?—ഞാൻ ദാഷയുടെകൂടെ കാട്ടിലെ സ്റ്റേഷനിൽ ജോലി ചെയ്തിട്ടുണ്ടു്. ഞങ്ങളുടെ നാടൻ പാട്ടുകഠം ഞാൻ അവളെ പഠിപ്പിച്ചു. അന്നു് അവഠം നന്നെ മെലിഞ്ഞൊരു പെൺകുട്ടിയായിരുന്നു. ഇന്നോ, ഉയരം വച്ചു സുന്ദരിയായിരിക്കയാണ്, അതോടൊപ്പം സ്നേഹംകുറഞ്ഞു; അകൽച്ചകൂടി അവഠംക്കു്."

"ഓ, ഇല്ല. അങ്ങനെയൊന്നുമില്ല." ദാഷ പറഞ്ഞു. "നിങ്ങഠം ഇത്രകാലമായി അകലെയായിരുന്നു. അതാണ്............ വാസിലിസാ അയോണോവ്നയുടെ അടുക്കലേയ്ക്കല്ലേ നിങ്ങളുടെ ഈ വരവ്? അല്ലേ?" വിഷയം മാററുന്നതിനെന്നു് വ്യക്തം, അവഠം എന്നോടു ചോദിച്ചു.

വാസിലിസാ അയോണോവ്നയുടെ കൂടെ താമസിക്കാനാണുദ്ദേശ്യമെന്നു ഞാൻ പറഞ്ഞു. അതിഥി സൽകാരപ്രിയം

പുലത്തുന്ന ആ പഴയ വീട്ടിലെത്തി തണുപ്പാററാനും വസ്ത്രങ്ങൾ മാററാനും ഞാൻ അവരെ ക്ഷണിക്കുകയും ചെയ്തു.

ഞങ്ങളെ കണ്ടു് തീരെ അത്ഭുതപ്പെട്ടുകയുണ്ടായില്ല, വാസിലിസാ അയോണോവ്ന. ഈ പ്രായത്തിൽ, അവരെ അത്ഭുതപ്പെട്ടുത്തുന്നതായി ഒന്നുമില്ലായിരിക്കാം. എല്ലാ കാര്യങ്ങൾക്കും സ്വകീയമായ ഒരു വ്യാഖ്യാനം അവർ നല്കും.

"സോഫ്രൺ മണ്ടനാണ്. ഞാൻ എന്നും പറയാറില്ലേ." ഞങ്ങൾക്കനുഭവപ്പെട്ട ക്ലേശങ്ങളുടെ കഥ കേട്ടിട്ടും അവർ പറഞ്ഞു. "ഒരെഴുത്തുകാരനു് അയാളെ ഉടനെ മനസ്സിലാക്കാൻ കഴിയാഞ്ഞതാണു് അത്ഭുതം! എഴുത്തുകാർക്കും ചിലപ്പോൾ നോട്ടക്കുറവു പററാമല്ലോ..........കൊള്ളാം, കുഞ്ഞേ" ദാഷയുടെനേരെ തിരിഞ്ഞു് അവർ പറഞ്ഞു. "അഭിനന്ദനങ്ങൾ, നിൻെറ ഇവാൻ മററ്വെയേവിച്ച് ഒടുവിൽ തിരിച്ചു വന്നല്ലോ."

ദാഷ ആകെ തുടുത്തുപോയി. അവൾ ഒരു പാത്രമെടുത്തു് പുറത്തേയ്ക്കോടിക്കളഞ്ഞു. വാതിൽ അടക്കാൻപോലും നിന്നില്ല.

"നീ എങ്ങോട്ടാണു്?" വാസിലിസാ അയോണോവ്ന വിളിച്ചു ചോദിച്ചു.

"ചായയിടാൻ വെള്ളംകൊണ്ടുവരാൻ പോകുന്നു." വാതിലിൻെറ വെളിയിൽനിന്നു മറുപടിയെത്തി.

"ഇക്കാലത്തു പെൺകുട്ടികളുടെ രീതി ഒന്നുവേറെയാണു്." വാസിലിസാ അയോണോവ്ന പറഞ്ഞു. സൂയേവ് നിഷ്ഫലമായി തെളിഞ്ഞിരിക്കാൻ ശ്രമിക്കുന്നതു് അവർ കാണുകയുണ്ടായില്ല.

"പോകാനെടുത്ത അടവുകണ്ടോ? പക്ഷെ ദാഷ— അവൾ നല്ലൊരു കുട്ടിയാണു്— എൻെറ ജീവിതത്തിൻെറ ആനന്ദം." "എനിക്കും അതുഃതോന്നി." സൂയേവ് ഒരു വിധത്തിൽപറഞ്ഞൊപ്പിച്ചു. "അസാധാരണ പെൺകുട്ടി."

ദാഷ തൊട്ടി കിണററിൽ ഇട്ടുകളഞ്ഞിട്ടുണ്ടാവുമെന്നു തീർച്ച. ആ കിണററിൽനിന്നു തൊട്ടികഠം കണ്ടെടുക്കാൻ മിടുക്കനായിരുന്നു ഞാൻ. അതുകൊണ്ടു് ദാഷയുടെയും നീണ്ടൊരു മുളങ്കമ്പിൻെറയും സഹായത്തോടെ ഞാൻ അതിനു തയാറെടുത്തു.

വികാര വിക്ഷോഭത്താൽ തണുത്തുകോച്ചുകയായിരുന്നു ദാഷയുടെ കൈകഠം. അവഠം ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു.

"ഈ വാസിലിസാ അഃയാണോവ്നാ എന്തൊരു വല്ലാത്ത സ്ത്രീയാണു്? ഇങ്ങനെയൊക്കെപ്പറയുക. ഒന്നു് ആലോചിച്ചു നോക്കു!"

കാററ് മേഘപാളികളെ പറത്തി അകററിക്കഴിഞ്ഞിരുന്നു. ഇരുണ്ട ഉദ്യാനത്തിനുമുകളിൽ നക്ഷത്രങ്ങഠം തെളിഞ്ഞുപ്രകാശിച്ചുകൊണ്ടിരുന്നു.

ഞാൻ തൊട്ടികണ്ടുപിടിച്ചു. ദാഷ കുറച്ചു വെള്ളം കുടിക്കാൻ കുനിഞ്ഞുനില്പായി.

"ഇനി അകത്തേക്കു ചെല്ലാൻ വയ്യ, എനിക്കു്." ഇരുട്ടിൽ ആ നനഞ്ഞ പല്ലുകഠം തെളിഞ്ഞുകണ്ടു.

"വിഡ്ഢിത്തം. എന്താണു പോയാൽ?"

ഞങ്ങഠം അകത്തേക്കുചെന്നു. വിളക്കു കൊളുത്തിക്കഴിഞ്ഞിട്ടുണ്ടു്. മേശമേൽ പുതിയൊരു വിരിപ്പിട്ടിരിക്കുന്നു. ഇരുണ്ട ഫ്രെയ്മിനുള്ളിൽനിന്നു് തുർഗ്ഗനേവിൻെറ ഒരു ചിത്രം ഞങ്ങളുടെ നേരെ നോക്കുകയാണു്– ഞങ്ങളുടെ ആതിഥേയയ്ക്കു് അഭിമാനമുണ്ടാക്കിയിരുന്ന ഒരു കലാശില്പം.

KOTTAYAM PUBL[IC LIBRARY] KOT-AYAM

# മായാപുഷ്പം.

കഴിഞ്ഞ ഗ്രീഷ്മകാലം. ബൊറോവേ്വ തടാകത്തിൽ നിന്നു വീട്ടിലേക്കു ഞാൻ മടങ്ങുകയായിരുന്നു. പയിൻ വനങ്ങളിൽ വെട്ടിത്തെളിച്ചിട്ടുള്ള പാതയിലൂടെയായിരുന്നു എൻെറ യാത്ര. വരണ്ട ഗ്രീഷ്മാന്തരീക്ഷത്തിൽ സുഗന്ധികളായ പുല്ലടർപ്പുകൾ എങ്ങും ഇടതൂർന്നുനിന്നിരുന്നു. ചിലതിൻെറ തണ്ടുകൾ കാലപ്പഴക്കം കൊണ്ടു് ഉണങ്ങിക്കഴിഞ്ഞിരുന്നു. ഉരുണ്ടുതടിച്ചു നിൽക്കുകയാണവ. ചെറിയൊരു സ്പർശംമതി അവ തകൎത്തു കളയുവാനും, നല്ല കാപ്പിപ്പൊടിപോലെയുള്ള ഇരുണ്ട പൊടി ഉയൎത്തുവാനും. അതിനപ്പുറത്തു കെട്ടുപിണഞ്ഞ വഴികൾ തുറസ്സായി കിടക്കുകയാണു്. മരംവെട്ടുകാർ തീവലിച്ചിഴച്ചതിൻെറ ഫലമായി ചാൽ വീണ അവ പ്രവൎത്തന നിരതമ്പത്താൽ മുഖരിതമായിരുന്നു. ഈയാംപാററകളും പട്ടാളത്തിലെ ബാൻഡുകാരെപ്പോലെ ചെമന്ന പട്ടയണിഞ്ഞ കരിവണ്ടുകളും— കൊച്ചുപട്ടാളക്കാർ എന്ന പേർ അനൎത്ഥമാണവക്കു്—അങ്ങുമിങ്ങും സഞ്ചരിച്ചുകൊണ്ടിരുന്നു.

പൊന്തയിലെ കൂട്ടിൽനിന്നു് ഉറക്കംതൂങ്ങിക്കൊണ്ടിരുന്ന ഒരു തേനീച്ച പുറത്തിറങ്ങിവന്നു. അതിക്രമിച്ചുകടന്നുവരുന്നവൻെറ നെററിയിൽ കുത്തിത്തറക്കുന്നതിനുവേണ്ടി കൊമ്പുകൾ നീട്ടിപ്പിടിച്ചു. വിമാനംപോലെ തുമ്പിക്കൊണ്ടു് അതു പറന്നുയൎന്നു.

അലറുന്ന മേഘങ്ങൾ. നല്ല കരുത്തുണ്ടു് അവക്കു് എന്നു തോന്നി. അതുകൊണ്ടു കുറച്ചുനേരം പരുത്തിക്കമ്പിളിക്കെട്ടുകളിൽ കിടന്നു് വനങ്ങളും പഴക്കുന്ന റൈച്ചെടികളും വിവിധവൎണ്ണാലംകൃതമായ കന്നുകാലിക്കൂട്ടങ്ങളും നിറഞ്ഞ സ്നേഹോദരമായ ലോകത്തെ വീക്ഷിക്കാമെന്നു് എനിക്കു തോന്നി.

കാടിന്റെ വക്കത്തൊരിടത്ത് ഒരു കൂട്ടം നീലപ്പൂക്കൾ ഞാൻ കണ്ടു. ഒററക്കെട്ടായി അവ വളർന്നു നിൽക്കുകയാണ്. കരിനീലവെള്ളം തങ്ങുന്ന കൊച്ചുകൊച്ചു കുഴികൾപോലെ.

ഞാൻ ഒരു വലിയ പൂങ്കുല പറിച്ചെടുത്തു. ഇത്തരം പൂക്കൾ ജീവിതത്തിൽ ആദ്യമായാണു കാണുന്നത്. നീല കോളാമ്പിപ്പൂക്കളെ ഓർമ്മിപ്പിക്കും അവ, ഒരു വിശേഷം മാത്രം. കോളാമ്പിപ്പൂക്കൾ തലതാഴ്ത്തിയാണു നിൽക്കുക. ഇവ തല ഉയർത്തിപ്പിടിച്ചും. ഞാൻ ആ പൂക്കൾ കുലുക്കിനോക്കി. അകത്തുനിന്നു വിത്തുകൾ കൂട്ടിയുരുമ്മുന്നശബ്ദം കേൾക്കാം.

രണ്ടു ഗ്രാമീണയുവതികൾ ആ പാതയിലൂടെ എന്റെ അടുക്കലേക്കു നടന്നുവന്നു. വളരെ ദൂരെനിന്നാവണം അവർ വരുന്നത്. കാരണം, അവർ പൊടിപുരണ്ട ഷൂസുകൾ നാടകൾ കൊണ്ടുകെട്ടി തോളിലിട്ടിരുന്നു അവർ അന്യോന്യം സംസാരിക്കുകയും ചിരിക്കുകയുമാണ്. പക്ഷേ കണ്ടതോടെ അവർ നിശ്ശബ്ദരായി. തുവാലകൊണ്ടു മറച്ചിരുന്നമിനുത്ത മുടിയൊതുക്കി. ചുണ്ടു മുറുകെചേർത്തു പിടിക്കയും ചെയ്തു.

ആ രണ്ടു പെൺകിടാങ്ങളും സൂര്യപ്രകാശമേററ് ഇരുണ്ടവരാണ്. ആഹ്ലാദവതികളാണ്. ചാരനിറത്തിലുള്ള മനോഹരമായ കണ്ണുകൾ. അവരിരുവരും ഇങ്ങനെ നീരസം ഭാവിക്കുന്നത് എത്രമാത്രം അസ്വാസ്ഥ്യമുണ്ടാക്കുകയില്ല! അതും കണ്ടക്ഷണത്തിൽത്തന്നെ. എന്നെ കടന്നുപോയതിനുശേഷം പിറകിൽ നിന്നു ചിരിക്കുകയായിരുന്നു അവർ. അതാണേററവും ദുഃഖകരം!"

കയർക്കാനൊരുമ്പെട്ടതാണ് ഞാൻ. അതിനുമുമ്പ് ആ യുവതികൾ പെട്ടെന്നുനിന്നു. അവർ രണ്ടുപേരും എന്നെ നോക്കി സൗഹാർദ്ദപൂർവ്വം പുഞ്ചിരിതൂകി. ഞാൻ അന്ധാളിച്ചുനിന്നുപോയി. നോക്കെത്താത്ത വയൽപ്പരപ്പിനകത്തെ വിജനമായ

പാതയിൽവച്ചു കണ്ടുമുട്ടുന്ന യുവതികളുടെ മന്ദസ്മിതത്തിന്റെ പ്രകാശത്തിനൊത്തു് ലോകത്തിൽ ഒന്നുമില്ല. ക്ഷണികമായ ഒരു മാത്രനേരത്തോളം ആ കണ്ണുകളുടെ അഗാധതയിൽ ആഹ്ലാദപൂർണ്ണവും സൗഹൃദോദാരവുമായ ഒരു തെളിച്ചം തങ്ങിനിൽക്കും. അതാരെയും നിന്നനില്പിൽ നിർത്തുകയും ചെയ്യും. അപ്രതീക്ഷിതമായി മുമ്പിൽ ഹണിസക്കിൾച്ചെടികൾ പൂവണിയുകയും ഹിമകണങ്ങളെയും സുഗന്ധത്തെയും പേറിനിൽക്കുകയും ചെയ്യുന്നപ്രതീതി.

"താങ്കൾക്കു നന്ദി" ആയുവതികൾ പറഞ്ഞു.

"എന്തിനു്?"

"ഈ പൂക്കളുമായി ഞങ്ങളെകണ്ടുമുട്ടിയതിനു്"

അവർ ഓടിയകന്നു.– ഓട്ടത്തിനിടക്കു പല പ്രാവശ്യവും തിരിഞ്ഞു നോക്കി പുഞ്ചിരി പൊഴിച്ചു കൊണ്ടു അവർ വിളിച്ചു പറഞ്ഞു.

"നന്ദി. വളരെ വളരെ നന്ദി."

ഏതോ ആനന്ദത്തിമർപ്പിനു് അധീനരായിരിക്കയാവും ആ യുവതികൾ. അവർ എന്നെ പരിഹസിക്കുകയായിരിക്കാം. ഞാൻ വിചാരിച്ചു. എന്തായാലും ഈ നിസ്സാര സംഭവത്തോടു് ബന്ധപ്പെട്ട ഏതെങ്കിലും രഹസ്യമുണ്ടായിരിക്കണം. ആ ചിന്ത എന്നെ കുഴക്കിക്കൊണ്ടിരുന്നു.

ഗ്രാമപരിസരത്തു വച്ചു വൃത്തിയോടെ വസ്ത്രധാരണം ചെയ്തിട്ടുള്ള ഒരു വൃദ്ധയെ ഞാൻ കണ്ടു മുട്ടി. കൃശഗാത്രിയായിരുന്ന അവർ. തിടുക്കത്തിൽ എങ്ങോട്ടോ പോകുകയാണു്. തവിട്ടു നിറത്തിലുള്ള ഒരാടിനേയും അവർ പിടിച്ചു വലിച്ചു കൂടെ കൊണ്ടു പോകുകയാണു്. എന്നെ കണ്ട മാത്രയിൽ കയർ നിലത്തിട്ടു കൈകൾ പിണച്ചു നിന്നു, അവർ.

"കുഞ്ഞേ, നിന്നെ ഇങ്ങനെ കാണാനൊത്തതു് നന്നായി". ഇടറുന്നതെങ്കിലും മധുരമായ ശബ്ദത്തോടെ അവർ പറഞ്ഞു.

"ഞാൻ എങ്ങനെ എൻെറ നന്ദി കാണിക്കും?"

"വല്യമ്മേ, എന്തിനാണ് നന്ദി പറയുന്നതു്?" ഞാൻ ചോദിച്ചു.

"ആറം മിടുക്കനാണല്ലോ. ഒന്നുമറിയാത്ത പാവം!" ഇത്രയും പറഞ്ഞു് അവർ നീരസഭാവത്തോടെ തലകുലുക്കി. "നിനക്കൊന്നും അറിയില്ലെന്നാണ് ഭാവം. ഉം, പൊയ്ക്കോളൂ– ബെദ്ധപ്പെടുകയൊന്നും വേണ്ട – കഴിയാവുന്നിടത്തോളം ആളുകളെ കണ്ടു മുട്ടാൻ ശ്രമിക്കണം."

ഒടുവിൽ, ഈ കടംകഥയുടെ ഉത്തരം കിട്ടിയതു് ഗ്രാമത്തിൽ വച്ചാണ്. ഗ്രാമസോവ്യററിൻെറ ചെയർമാനായ ഇവാൻ കാർപോവിച്ച കാര്യമാത്രപ്രസക്തനാണ്. ആറം നിയമത്തിൽ നിന്നു് അണുമാത്രം വ്യതിചലിക്കുകയില്ല. എങ്കിലും, പ്രാദേശികാടിസ്ഥാനത്തിൽ–അങ്ങനെയാണ് അദ്ദേഹം പറയുക–ചെറിയ തോതിൽ ചരിത്രഗവേഷണം നടത്തുവാൻ ശ്രമിച്ചിരുന്നു അദ്ദേഹം. മററൊരു വിധത്തിൽ പറഞ്ഞാൽ, സ്വന്തം ഭൂഭാഗത്തിൻെറ ചരിത്രത്തോടു് എന്തെന്നില്ലാത്ത മമത.

"അസാധാരമായ ഒരു പൂവാണ് നിങ്ങറം കണ്ടെത്തിയതു്." അദ്ദേഹം എന്നോടു പറഞ്ഞു. "നിങ്ങളോടതു പറയാമോ എന്നു് എനിക്കു നിശ്ചയമില്ല. എതായാലും ഈ പൂവ് യുവതികറംക്കു പ്രേമസാഫല്യമുണ്ടാകും. പ്രശാന്തമായ ഒരു വാൎദ്ധക്യം വാഗ്ദാനം ചെയ്യുന്ന പ്രായമെത്തിയവർക്ക്–അങ്ങനെ, ചുരുക്കിപ്പറഞ്ഞാൽ, എല്ലാവർക്കും നന്മ വരുത്തുമെന്നാണു പറയാറുള്ളതു്."

ഇവാൻ കാർപോവിച്ച് തെല്ലൊരു സങ്കോചത്തോടെ എന്നെനോക്കി പുഞ്ചിരിതൂകി.

"ഈ മായാപുഷ്പവുമായിവരുന്ന നിങ്ങളെ ഞാനും കാണുകയുണ്ടായി. എൻെറ പ്രവൃത്തിക്കുണ്ടാവാനിരിക്കുന്ന വിജയം അതു ചൂണ്ടിക്കാണിക്കുന്നു. അടുത്തുള്ള പട്ടണത്തിൽനിന്നു ഗ്രാമത്തിലേക്കുവരുന്ന നിരത്തു്, ഒരു പക്ഷെ, ഇക്കൊല്ലം തന്നെ

പൃത്തിയായെന്നുവരാം. അതിനും പുറമേ, തിനവർഗ്ഗം ആദ്യമായി കൊയ്തുകൂട്ടാനും സാധിച്ചേക്കാം— മുമ്പൊരിക്കലും ഇവിടെ അവ കൃഷിചെയ്തിട്ടില്ല.''

"ആ പെൺകുട്ടികളുടെ കാര്യത്തിൽ എനിക്കു വളരെ സന്തോഷമുണ്ട്." കുറച്ചുസമയത്തിനുശേഷം അയാൾ തുടൻ: "നല്ല വരാണ് അവർ— ഇവിടത്തെ ഏററവും മികച്ച പച്ചക്കറി കൃഷിചെയ്യുന്നവരാണ്. എങ്ങനെയായാലും അവരുടെ ഭാവി നന്നാവാനേ തരമുള്ളൂ- സംശയമില്ല. നിങ്ങൾക്കറിയാമല്ലോ, പ്രവൃത്തിയിലും സ്വരാജ്യത്തിൻെറ അഭിവൃദ്ധിയിലുമാണുസുഖം സ്ഥിതിചെയ്യുന്നതു്.''

---

KOTTAYAM PUBLIC LIBRARY • KOTTAYAM. • KOTTAYAM

# കാട്ടുറോസ്

രാത്രി. നദിയിലെ മൂടൽമഞ്ഞു് ബോയ്കളെയും ദീപസ്തംഭങ്ങളെയും പൊതിഞ്ഞുനിൽക്കുകയാണ്. ചെങ്കുത്തായ തീരത്തിൻെറ അരികിലൂടെ ഇഴഞ്ഞുനീങ്ങിയിരുന്ന കപ്പലിൻെറ ഗതി പെട്ടെന്നു നിലച്ചുപോയി. കപ്പലിലെ നടപ്പാതമാത്രം ശബ്ദമുഖരിതമായിരുന്നു. നാവികന്മാർ അവിടെക്കൂടി കയർ വലിച്ചുകൊണ്ടുപോകുകയാണ്. കരയിലെ പഴക്കംചെന്ന ഒരു ചെടിപ്പടർപ്പിൽ കപ്പൽകെട്ടിയിടാനാണ് അവരുടെ ഉദ്യമം.

പാതിര. മാഷാ ക്ലിമോവാ ഞെട്ടിയുണർന്നു. നിശ്ശബ്ദമാണ് അന്തരീക്ഷം. എതിർവശത്തുള്ള മുറിയിൽകിടന്നവൻെറ കൂർക്കംവലിമാത്രം ഇടക്കിടക്കു കേൾക്കാം.

അവൾ മെത്തയിൽ എഴുന്നേററിരുന്നു. തുറന്ന ജാലകത്തിലൂടെ കടന്നുവന്ന പുത്തൻകാററ് വില്ലോ ഇലകളുടെ ഹൃദ്യമായ പരിമളം വഹിച്ചിരുന്നു.

മൂടൽമഞ്ഞിൽ നിഴൽപോലെ കാണപ്പെട്ട ചെടിപ്പടർപ്പുകളുടെ ശാഖകൾ ഡെക്കിൻെറ മുകളിലേക്കു നീണ്ടെത്തിയിരുന്നു. കപ്പൽ എങ്ങനെയോ കരയിലെ മണലിൽ തറഞ്ഞുപോകുകയും ആ പടർപ്പുകളുടെ നടുവിൽപെട്ടുപോകുകയും ചെയ്തുവെന്ന് അവൾക്കു ആദ്യം തോന്നി. പിന്നീടാണു വെള്ളത്തിൻെറ കളകള ശബ്ദത്തിലേക്കു ശ്രദ്ധതിരിഞ്ഞതു്. നദീതീരത്തിനടുത്തുനിൽക്കുകയാണു കപ്പൽ എന്നു് അവൾക്കു മനസ്സിലായി.

ചെടിപ്പടർപ്പുകൾക്കിടയിൽനിന്നു് ഒരു സംഗീതാത്മക ശബ്ദമുയർന്നു. അല്പംകഴിഞ്ഞു മറെറാന്നു്. നിശ്ശബ്ദതയുടെ

ആധിക്യവും ശക്തിയും പരീക്ഷിച്ചറിയാൻ ശ്രമിച്ചതുപോലെ തോന്നി അവ. ഏതായാലും അഭ്യാസി സംതൃപ്തിയടഞ്ഞിട്ടുണ്ടാവണം. എന്തെന്നാൽ, തുടരെത്തുടരെ അതുയർന്നുവന്നു് അതൊരുതരം ചൂളംവിളിയായി പരിണമിച്ചു. അസംഖ്യം ശബ്ദങ്ങൾ ആ ഗാനത്തിൽ പങ്കുചേർന്നു. അങ്ങനെപെട്ടെന്നു രാക്കുയിലുകളുടെ മാദകമായ ഗാനം ആ പ്രദേശത്തു മാറെറാലിക്കൊള്ളുകയായി.

"യെഗോറേവ്", അതു കേട്ടില്ലേ?" മുകളിൽനിന്നൊരു ശബ്ദം. പാലത്തിൽനിന്നായിരിക്കാം അതു്.

"ഉവ്വ്. ഷെക്സ്ലയിലെ കുയിലുകളുടെ ഗാനത്തെയും ജയിക്കും ഇതു്." താഴെനിന്നു് പരുക്കനായ ഒരു ശബ്ദം മറുപടി പറഞ്ഞു.

മന്ദസ്മിതം പൊഴിച്ചുകൊണ്ടു് മാഷാ കൈകൾ മുമ്പോട്ടു നീട്ടിപ്പിടിച്ചു. മങ്ങിയ വെളിച്ചത്തിൽ ഇരുണ്ടതായിത്തോന്നി അവ. അവളുടെ നഖങ്ങൾ അവ്യക്തമായി കാണാമായിരുന്നുവെന്നേയുള്ളു.

"എനിക്കെന്തു പററി. അതാണത്ഭുതം." അവൾ സ്വയം പറഞ്ഞു. "എന്താണ് എൻെറ ആവശ്യം? എനിക്കു് എന്നെത്തന്നെ മനസ്സിലാക്കാൻ സാധിക്കുന്നില്ല."

പെണ്ണിൻെറ അവ്യാഖ്യേയമായ വിഷാദാത്മകത്വ—മുത്തശ്ശി പറഞ്ഞ ഈ വാക്യം അവളുടെ സ്മരണയിൽ തെളിഞ്ഞു വന്നു. "വിഡ്ഢിത്തം! യുവതികളുടെ ദുഃഖമാണത്രേ. മണ്ണാങ്കട്ട! സ്വതന്ത്രമായ ജീവിതം നയിക്കാൻ ഒരുമ്പെട്ടുകയാണു ഞാൻ. അതിൻെറ ഫലമായുള്ള ഉൽക്കണ്ഠ മാത്രമേയുള്ളൂ."

മാഷാ വനപഠനകേന്ദ്രത്തിൽനിന്നു് പുറത്തിറങ്ങിയിട്ടു് നാളുകൾ ഏറെയായിട്ടില്ല. ലെനിൻഗ്രാഡിൽ നിന്നു വോൾഗാതീരത്തിലുള്ള ജോലി സ്ഥലത്തേയ്ക്കു് യാത്രയായിരിക്കയാണ് അവൾ. കൂട്ടുകൃഷി സ്ഥലങ്ങൾക്കു ഒരു രക്ഷാനിരയുണ്ടാക്കാൻ മരങ്ങൾ വച്ചു പിടിപ്പിക്കുകയാണു് അവളുടെ കർത്തവ്യം.

മാഷയെ ഏതോ ഒരുൽക്കണ്ഠ ബാധിച്ചിരിക്കുന്നുവെന്നു പറഞ്ഞാൽ, അതു വാസ്തവത്തിൻെറ തീവ്രതയെ ലഘൂകരിക്കൽ മാത്രമാണു്. അവൾ തികച്ചും ഭീതിക്കു് അടിപെട്ടിരുന്നു. താൻ അവിടെ എത്തിച്ചേരുന്ന ആ രംഗം അവളൊന്നു വിഭാവനം ചെയ്യുകയുണ്ടായി. മേലുദ്യോഗസ്ഥൻ ഗൗരവക്കാരനായിരിക്കും, സംശയമില്ല. പൊടിയും ചളിയും പൂണ്ടരൂപം. കറുത്ത കോട്ടാണിട്ടിട്ടുണ്ടാവുക. എഴുന്നുനിൽക്കുന്ന കീശകൾ. ചളിപററി കനംകൂടിയ ബൂട്ടുകൾ—അയാൾ തന്നെ അടിമുടി യൊന്നു നോക്കും. തൻെറ ചാരനിറത്തിലുള്ള കണ്ണുകളും (നാകത്തുകിടുകൾ പോലെയാണവയെന്നു് അവൾക്കുതന്നെ തോന്നാറുള്ളതാണു്—)പിന്നിയിട്ട മുടിയും കണ്ടു് അയാൾ വിചാരിക്കും: ഇവിടെ വേണ്ടതു് ഇവൾ തന്നെയാണു്. മുടി പിന്നിക്കെട്ടിയ ഒരു കൊച്ചു പെണ്ണു്. പഠിച്ച പാഠങ്ങളിൽ നിന്നു വരികൾ ഉദ്ധരിക്കയല്ലാതെ മറെറാന്നും ചെയ്യാനിവൾക്കു സാധിക്കുകയില്ല. വരണ്ട അസ്ട്രാഖാൻ കാററുകൾ വീശിത്തുടങ്ങട്ടെ; കുഞ്ഞേ. അപ്പോൾ, നിന്നെ സഹായിക്കാൻ നിൻെറ പാഠ്യപുസ്തകങ്ങൾക്കൊന്നും കഴിയുകയില്ല.

കറുത്ത കോട്ടിട്ട ഗൗരവക്കാരനായ മേലുദ്യോഗസ്ഥനെന്ന ചിന്തയോടു പൊരുത്തപ്പെടാനും, അതുവഴി അയാളെക്കുറിച്ചുള്ള ഭയത്തിൽനിന്നു് ഒഴിവാകുവാനും അവൾക്കു് അവസരം നല്കി, ആ നീണ്ടയാത്ര. എന്നാലും ഒരസ്വാസ്ഥ്യം അവളെ വിടാതെ പിടികൂടിയിരുന്നു.

വെറുമൊരു ആശങ്ക മാത്രമല്ലായിരുന്നു അതു്. അവൾ അതു മനസ്സിലാക്കിയില്ലെന്നേയുള്ളൂ. അപഗ്രഥിക്കാൻ വയ്യാത്ത ഒരനുഭൂതി വിശേഷമായിരുന്നു അതു്—പ്രപഞ്ചത്തിൻെറ സരളവും സൗകുമാര്യവും വില്ലോമരങ്ങളുടെ മർമ്മരവും നദികളും നീലനി

ശീഥങ്ങളും നിറഞ്ഞ, അജ്ഞാതമെങ്കിലും ആകർഷകമായ ഭാവിയുടെ മുമ്പിൽ ഹൃദയത്തിനുണ്ടാകുന്ന ഉദ്വേഗം പ്രകടമാവുകയായിരുന്നു.

38542

ഉറക്കം വരുന്നില്ല. ഉടുപ്പുകളെല്ലാം അണിഞ്ഞു മാഷാ ഡെക്കിലേയ്ക്കു ചെന്നു. മഞ്ഞുതുള്ളികളേററു കുതിന്നിരിക്കയാണ് സകല സാധനങ്ങളും—അഴികൾ, താഴെയുള്ള കമ്പിവല, അഴികളിട്ട കസാലകൾ എല്ലാം.

…AYAM PUBLIC LIBR… KOTTAYAM

"'ഞാനും ഒന്നു പുകവലിക്കട്ടെ' ഞാൻ ആ വയസ്സനോടു പറഞ്ഞു. മുൻവശത്തുള്ള തട്ടിലുണ്ടായിരുന്ന ഒരു യുവാവ് പതിഞ്ഞസ്വരത്തിൽ ആരോടോ പറയുകയായിരുന്നു. "അയാൾ ആ കുററി എനിക്കു തന്നു. ഞാനൊരിക്കൽ പുകയെടുത്തതിനു ശേഷം ചോദിച്ചു: പാതിരയ്ക്കു് ഈ മൈതാനത്തിൽ എന്തു ചെയ്യുകയാണ്, 'അപ്പൂപ്പൻ?' പുലരിയെ കാത്തുരക്ഷിക്കുകയാണ്. ഇത്രയും പറഞ്ഞു് അയാൾ ചിരിച്ചു. 'ഒരു പക്ഷേ എന്റെ ജീവിതത്തിലെ ഒടുവിലത്തെ പുലരിയായിരിക്കാം ഇതു്. നിനക്കു് അതൊന്നും മനസ്സിലാവില്ല, ചെറുപ്പമല്ലേ?"

കപ്പൽക്കാർ നിശ്ശബ്ദരായി. പൊന്തകൾക്കുള്ളിലിരുന്നു് കുയിലുകൾ വീണ്ടും പാടുവാൻ തുടങ്ങി.

മാഷാ അഴികളിലേയ്ക്കു ചാരി നിന്നു. പുകമഞ്ഞിനപ്പുറം എവിടെ നിന്നോ കോഴികൾ ഉച്ചത്തിൽ കൂവുകയാണ്. അതൊരു ഗ്രാമമായിരിക്കണം; ആ പുകമഞ്ഞിന്റെ അപ്പുറത്തു്. ഒന്നാമത്തെ കോഴിയുടെതാണോ ആ ശബ്ദം,—അതോ രണ്ടാമത്തേതോ?

അവൾ അതിനെപ്പററി ധാരാളം വായിച്ചിട്ടുണ്ടു്. എന്നാലും ആദ്യത്തെ കോഴി എപ്പോഴാണ് ശബ്ദിക്കുക, എപ്പോഴാണ് രണ്ടാമത്തേതിന്റെ കൂവൽ എന്നതിനെക്കുറിച്ചു് അവൾക്കു് തരിമ്പും അറിഞ്ഞുകൂടായിരുന്നു.

മുത്തശ്ശിയാണ്—ഒരു നാവികൻെറ വിധവയാണവർ—ബോട്ട വഴി സഞ്ചരിക്കുന്നതാണുത്തമമമെന്ന് മാഷയെ ഉപദേശിച്ചതു. അതനുസരിച്ചതു് നന്നായെന്നു് അവൾക്കിപ്പോൾ തോന്നുകയാണ്. ബോട്ടു് ആദ്യം കരിനീലവർണ്ണത്തിലുള്ള നേവയിലൂടെ സഞ്ചരിച്ചു. പിന്നീടു് ലഡോഗാ തടാകം തരണം ചെയ്യുകയും ചെയ്തു. അതിലെ ചാര വർണ്ണത്തിലുള്ള വെള്ളവും ആഴം കുറഞ്ഞ കടമിടുക്കുകളിൽ ഉയർന്നു പ്രകാശിച്ചിരുന്ന ശിലാ നിർമ്മിതങ്ങളായ ദീപസ്തംഭങ്ങളും ആദ്യമായി കാണുകയാണു് അവൾ. പ്രക്ഷുബ്ധമായ സ്വീദ് മരീന്സകികനാലിലെ ചീർപ്പുകൾ, കുതിരവാലൻ ചെടികളും കടവുകളും നിറഞ്ഞ തീരങ്ങൾ, അവയിൽ അവിരാമമായി മീൻ പിടിച്ചുകൊണ്ടിരിക്കുന്ന ബാലന്മാർ എന്നിവയൊക്കെ അവൾ കാണുകയുണ്ടായി.

യാത്രക്കാർ വരുകയും പോകുകയും ചെയ്തുകൊണ്ടിരുന്നു. അവർ താൽപര്യം ഉണർത്തുന്നവരാണെന്നു മാഷയ്ക്കു തോന്നി. ബെലോസ്യോഴ്സകിൽവച്ചു് ഒരു യുവവൈമാനികൻ ആ ചെറിയ കപ്പലിൽ കയറി. അവധി ദിവസങ്ങൾ അമ്മയുടെ കൂടെ കഴിച്ചു കൂട്ടാൻ ബെലോസ്യോഴ്സകിൽ വന്നതായിരിക്കാം അയാൾ. ചാരവർണ്ണത്തിലുള്ള പരുത്തി വസ്ത്രം ധരിച്ച കൃശഗാത്രിയായ ഒരു വൃദ്ധയാണു് ആ അമ്മ. കടവിൽ നിൽപ്പുറപ്പിച്ച മെല്ലെ മെല്ലെ കരയുകയായിരുന്നു അവർ.

"മറക്കരുതു്, അമ്മേ" കപ്പൽത്തട്ടിൻെറ അററത്തു വന്നു നിന്നു് അയാൾ അവരോടു പറയുകയായിരുന്നു. "ഞാൻ പിടിച്ച മത്സ്യങ്ങൾ ആ കോണിയുടെ പിന്നിലുള്ള കലവറയിൽ തൂക്കിയിട്ടിരിക്കുകയാണ്. പുഴമീനുകളിലൊന്നു വാസ്കയ്ക്കു് കൊടുക്കണേ."

"മറക്കില്ല, പാഷാ. നീ വിഷമിക്കണ്ട." ആ വൃദ്ധ പറഞ്ഞു. അതോടൊപ്പം കണ്ണീരിൽ കുതിർന്നു കഴിഞ്ഞിരുന്ന, ചുരുട്ടി കൂട്ടിയ തുവാല കൊണ്ടു കണ്ണു തുടക്കുകയും ചെയ്തു.

ആ വൈമാനികൻ അവരെ നോക്കി പുഞ്ചിരി പൊഴിച്ചു. പല തമാശകളും പറഞ്ഞു കൊണ്ടിരുന്നു. പക്ഷേ അയാളുടെ കണ്ണുകൾ ഒരുക്ഷണത്തേയ്ക്കുപോലും അവരിൽ നിന്നു തെന്നി മാറിയില്ല. അയാളുടെ കവിൾത്തടത്തിലെ മാംസപേശികൾ അല്ലാല്ലും ചലിക്കുന്നുമുണ്ടായിരുന്നു.

പിന്നീട്ട് ഏതാനും നാടകക്കാർ കപ്പലിൽ കയറി. ആഹ്ലാദം നിറഞ്ഞ ഒരു സംഘം. അവർ ധാരാളം ഫലിതങ്ങൾ പറയുന്നുണ്ടായിരുന്നു. കപ്പലിലെ എല്ലാ യാത്രക്കാരോടും പെട്ടെന്നു് ഇണങ്ങിച്ചേരാൻ അവർക്കു സാധിച്ചു. നദിയിലെ മൂടൽമഞ്ഞിൻെറ രീതിക്കിണങ്ങാത്ത മട്ടിൽ മുറിയിൽ നിന്നു് അവിരാമമായി പിയാനോവിൻെറ ശബ്ദമുയർന്നുകൊണ്ടിരുന്നു.

നടന്മാരിലൊരാൾ-നല്ല പ്രസരിപ്പുണ്ടു് അയാൾക്കു്. കൂത്ത മുഖം-കുറച്ചു പ്രായം ചെന്നവനാണ്-മററാരെയുംകാൾ കൂടുതൽ പാടിക്കൊണ്ടിരുന്നു. മാഷാ അത്ഭുതത്തോടെ ആ ഗാനങ്ങൾക്കു് ചെവി കൊടുത്തു. അവയൊന്നും അവൾ മുമ്പു കേട്ടിട്ടുണ്ടായിരുന്നില്ല. അയാൾക്കേററവും പ്രിയപ്പെട്ടതു് കാമുകനായ ഒരു കൊള്ളക്കാരനെക്കുറിച്ചുള്ള പോളിഷ് ഗാനമായിരുന്നു: ആ കൊള്ളക്കാരനു് ആകാശത്തിൽ നിന്നൊരു നക്ഷത്രത്തെ അപഹരിക്കാൻ കഴിഞ്ഞില്ല. അതിനാൽ അയാളുടെ കാമുകി നീരസം ഭാവിച്ചിരിക്കയാണ്.

പാട്ടവസാനിപ്പിച്ചശേഷം ആ നടൻ പിയാനോ ശബ്ദമുയരത്തക്കവണ്ണം അടച്ചു കൊണ്ടു് പറയും: "ഈ പാട്ടിൻെറ സാരം വളരെ വ്യക്തമാണ്. കാമുകന്മാരോടു് ദയവുണ്ടായിരിക്കുക; ആരും എതിർക്കരുതു്-അതെ, അത്രയെ വേണ്ടൂ!"

അനന്തരം അയാൾ തൻെറ കറുത്ത ബോട്ടൈ നേരെയാക്കും; കുറച്ചു മത്സ്യവും ബീറും കൊടുക്കുവാൻ ആവശ്യപ്പെടുകയും ചെയ്യും

ചെറെ പോവെററ്സിൽവെച്ചു് വാസ്തു ശില്പകേന്ദ്രത്തിലെ കുറെ വിദ്യാർത്ഥികൾ കപ്പലിൽകയറി. കിറില്ലോ ബെലോ

സ്യോഴ്സക് സന്യാസിമഠത്തിൽനിന്ന് മോസ്കോവിലേയ്ക്കു മടങ്ങുകയാണ് അവർ. ഗ്രീഷ്മകാലത്തെ വസ്തുനിഷ്ഠമായ പഠനത്തിനുവേണ്ടി അവിടെയെത്തിയവരാണ് അവർ. ആ പഴയ എടുപ്പുകളുടെ അളവെടുത്ത് അവർ ചിത്രങ്ങൾ വരച്ചുകഴിഞ്ഞിരിക്കുന്നു.

യാത്രവേളയിലാകെ അവർ കല്ലുകളിലെ കൊത്തുവേലകളെക്കുറിച്ചും കമാനങ്ങളെക്കുറിച്ചും ആൻഡ്രെ റബ്ളിയോവിനെപ്പററിയും മോസ്കോവിലെ അനവധി നിലകളുള്ള കെട്ടിടങ്ങളെക്കുറിച്ചും വാദപ്രതിവാദം ചെയ്തുകൊണ്ടിരുന്നു. അതെല്ലാം കേട്ടുകൊണ്ടിരുന്ന മാഷയ്ക്കു് തൻെറ അജ്ഞതയെക്കുറിച്ചു ലജ്ജ തോന്നി.

വിദ്യാർത്ഥികൾ പ്രത്യക്ഷരായതോടെ ആ പ്രായംചെന്ന നടൻ പ്രശാന്തനായി. കൊള്ളക്കാരനെക്കുറിച്ചുള്ള ഗാനം നിർത്തി അയാൾ കപ്പൽത്തട്ടിൽ സ്റ്റാനിസ്ലാവ്സ്കിയുടെ 'എൻെറ കലാജീവിതം' എന്ന പുസ്തകവും വായിച്ചു സമയം കഴിച്ചുകൂട്ടി. വായിക്കുമ്പോൾ കണ്ണട ഉപയോഗിക്കും അയാൾ. അതു് ആ മുഖത്തു പ്രായാധിക്യത്തിൻെറയും അനുകമ്പാപരതയുടെയും നിഴലുകൾ വീഴ്ത്തും. നാടകീയമായ ആ സാഹസികങ്ങളെല്ലാം വെറും നാട്യമല്ലേ? മാഷയ്ക്കു തോന്നി. ഭാവിക്കുന്നതിലേറെ നല്ലവനായിരിക്കണം അയാൾ.

യാത്രക്കാരെല്ലാം ഉറങ്ങുകയാണ്—വൈമാനികനും നടനും വിദ്യാർത്ഥികളുമെല്ലാം. മാഷമാത്രം കപ്പൽത്തട്ടിൽ ഏകയായിനിന്നു നിശയുടെ ശബ്ദങ്ങൾ ശ്രദ്ധിച്ചു കേൾക്കുകയാണ്; അവയെ വെവ്വേറെ മനസ്സിലാക്കുവാൻ ശ്രമിക്കുകയാണ്.

ആകാശത്തിൽ വിദൂരതയിലെവിടെയോനിന്ന് ഒരിരമ്പൽ. അതു് അലിഞ്ഞലിഞ്ഞുപോയി. പുകമഞ്ഞിനു വളരെ ഉയരത്തിൽ പറന്നു പോകുകയായിരിക്കാം ഒരു വിമാനം. തീരത്തിനടുത്തെങ്ങോ ഒരു മത്സ്യം വാലിട്ടടിക്കുകയാണ്. അതാ, അതും

കഴിഞ്ഞു് ആട്ടിടയന്റെ പുല്ലാങ്കുഴലിന്റെ ശബ്ദം. അങ്ങകലെ നിന്നാണ് അതു് ഒഴുകിവരുന്നതു്. എന്നിട്ടും മധുരമായ ആ നാദത്തിന്റെ അലകൾ അവിടെ തങ്ങിനിൽക്കുകയാണ്. മാഷയ്ക്കു് എന്തെന്നില്ലാത്ത അത്ഭുതം തോന്നി.

മാഷയുടെ പിറകിൽനിന്നു് ആരോ ഒരു തീപ്പെട്ടിക്കൊള്ളിയുരച്ചു. അവൾ തിരിഞ്ഞു. ആ വൈമാനികൻ സിഗററ്റ് കത്തിക്കുകയാണ്. അയാൾ ആ എരിയുന്ന കൊള്ളി പുറത്തേയ്ക്കെറിഞ്ഞു. നാളത്തിന്റെ ചുററും മഴവില്ലിന്റെ വർണ്ണ വൈവിധ്യമുള്ള പരിവേഷം പൂണ്ട ആവിയോടെ അതു മൂടൽ മഞ്ഞിലൂടെ പതുക്കെപ്പതുക്കെ വീണു.

"ഈ കുയിലുകൾ രാത്രി മുഴുവൻ നിങ്ങളെ ഉണർത്തിയിരുത്തും." അയാൾ പറഞ്ഞു. നേരിട്ടു കാണുന്നില്ലെങ്കിലും അന്ധകാരത്തിലൂടെ അയാൾ പുഞ്ചിരിതൂകുന്നുണ്ടെന്നു മാഷയ്ക്കു തോന്നി. ആ പാട്ടിലുള്ളതുപോലെതന്നെ: കുയിലേ, കുയിലേ, ഈ യുവാക്കന്മാരെ ഉപദ്രവിക്കരുതേ; ആ പടയാളികൾ തെല്ലൊന്നു വിശ്രമിച്ചുകൊള്ളട്ടെ.

"ഞാൻ മുമ്പൊരിക്കലും ഇങ്ങനത്തെ കുയിൽനാദം കേട്ടിട്ടില്ല." മാഷാ പറഞ്ഞു.

"സോവിയററ് യൂണിയനിൽ ഒരു പര്യടനം നടത്തു. അത്ഭുതപ്പെടാൻ കൂടുതൽ കണ്ടെത്തും നിങ്ങൾ." അയാൾ പ്രതിവചിച്ചു. "സ്വപ്നത്തിൽപ്പോലും കാണാത്ത പലതും കാണും."

"നിങ്ങൾ വിമാനത്തിൽ പറക്കുന്നതുകൊണ്ടായിരിക്കണം അങ്ങനെ തോന്നുന്നതു്" മാഷാ അഭിപ്രായപ്പെട്ടു. "വിമാനത്തിന്റെ ചിറകുകൾക്കു താഴെയുള്ള ലോകം എപ്പോഴും മാറിക്കൊണ്ടിരിക്കുന്നതായാണല്ലോ തോന്നുക."

"അതൊന്നുമല്ല." ആ വൈമാനികൻ പറഞ്ഞു. അയാൾ നിശ്ശബ്ദനായി. "അതാ, പ്രഭാതം പൊട്ടിവിടരുകയാണ്." അയാൾ ഒടുവിൽ പറഞ്ഞു. "നോക്കു, അവിടെ ചക്രവാളം

വിളത്തു വിളത്തു വരുകയാണ്." അയാൾ കിഴക്കോട്ടു ചൂണ്ടി ക്കാണിച്ചു. "നിങ്ങളെങ്ങോട്ടു പോകുന്നു?"

"കമീഷിനിലേക്ക്."

"ശരി. വോൾഗാതടത്തിൽ ആ പേരുള്ള ഒരു പട്ടണമുണ്ട്. ചൂടററ ദിവസങ്ങൾ, കുമ്മട്ടിക്കാ, തക്കാളി...."

"നിങ്ങൾ എങ്ങോട്ടാണ്?"

"ഓ, കുറേക്കൂടി അകലേക്ക്."

അഴികളിൽ ചാരിനിന്നുകൊണ്ട് അനുക്ഷണം വർണ്ണമനോഹരമാകുന്ന ആകാശത്തെ ഉററുനോക്കുകയായിരുന്നു ആ വൈമാനികൻ. ആട്ടിടയൻെറ പുല്ലാങ്കുഴൽനാദം അടുത്തടുത്തെത്തി ക്കൊണ്ടിരുന്നു. കാററുതിത്തുടങ്ങി. മൂടൽമഞ്ഞു പറന്നകലുകയാണ്. കാററ് നദിയുടെ മുകളിലൂടെ അവയെ ഒന്നിച്ചുവഹിച്ചുകൊണ്ടുപോകുകയാണ്. കുതിന്ന പൊന്തകളും വില്ലോക്കൊമ്പുകൾകൊണ്ടു നിർമ്മിച്ച ഒരു കുടിലും ഇപ്പോൾ തീരത്തുകാണാം. കുടിലിനടുത്തുനിന്നു പുക ഉയർന്നുകൊണ്ടിരുന്നു.

മാഷയും ആ സൂര്യോദയം നോക്കിക്കൊണ്ടു നിൽക്കുകയായിരുന്നു. അവസാനത്തെ നക്ഷത്രം, ഒരു രസത്തുള്ളിപോലെ പൊന്നൊളിപൂശിയ ചക്രവാളത്തിൽ അപ്പോഴും മിന്നിമിന്നിക്കൊണ്ടിരുന്നു.

''ഇന്നു മുതൽ,'' അവൾ വിചാരിച്ചു. ഞാൻ തികച്ചും വ്യത്യസ്തമായ ജീവിതം നയിക്കും. ഇത്രയുംകാലം ഞാൻ ഒന്നും ശരിക്കു കാണുകയുണ്ടായില്ല– ഞാൻ കുറെയൊക്കെ അന്ധയായിരുന്നു. ഇനി ഞാൻ എല്ലാം കാണും; എല്ലാററിനുംവേണ്ടി ഉണർന്നിരിക്കും, എല്ലാം ഓർമ്മിക്കുകയും ഹൃദയത്തിൽ അനർഘനിധികളായി സൂക്ഷിക്കുകയും ചെയ്യും.

വൈമാനികൻ മാഷയുടെ നേരെ കണ്ണോടിച്ചു, പെട്ടെന്നു മുഖം തിരിക്കുകയും ചെയ്തു. "അവൾ വളരെ ദൂരെയാണ്." അയാൾ കരുതി.

വളരെ കൊല്ലങ്ങൾക്കു മുമ്പുവായിച്ച നോവലിലെ ഒരു ഭാഗം അയാളുടെ സ്മൃതിപഥത്തിൽ തെളിഞ്ഞുവന്നു. അതോടെ അയാൾ ഒരിക്കൽക്കൂടി അവളെ തിരിഞ്ഞുനോക്കി. ആ ഗ്രന്ഥകാരൻ പ്രഖ്യാപിക്കുകയാണു്, പുലരിയിലെ കുട്ടികളുടെയും യുവതികളുടെയും കണ്ണുകളെക്കാൾ ആകർഷകമായി ഒന്നുമില്ല, ലോകത്തിൽ. ഇരുട്ടിനെപ്പോലെ അഗാധം, എങ്കിലും പ്രഭാതത്തോടൊപ്പം പ്രകാശമാനം.

"മോശമല്ല ആ പ്രഖ്യാപനം.'' ആ യുവാവു ചിന്തിച്ചു.

കപ്പലിലെ പഴക്കംചെന്ന ഉദ്യോഗസ്ഥൻ– ടർപ്പോളിൻ കോട്ടാണയാളുടേതു്'– പാലത്തിൽനിന്നു് ഇറങ്ങിവന്നു.

"ഹോ, നിങ്ങളും ഉണർന്നുകഴിഞ്ഞോ?'' അയാൾ ഉത്സാഹത്തോടെ മാഷയോടു വിളിച്ചു ചോദിച്ചു. "നമുക്കു് ഇവിടെ ഒരു മണിക്കൂർകൂടിയുണ്ടു താമസം– വേണമെങ്കിൽ കരയിൽപോയി കാൽനീട്ടിയിരിക്കാം."

"അതൊരു നല്ല കാര്യമാണു്." മാഷാ കൂട്ടുകാരനോടുപറഞ്ഞു. "ഞാനൊന്നു നടന്നുവരാം. കുറേ പൂക്കളും ശേഖരിക്കാമല്ലോ."

"ശരി, എന്നാൽ പോകാം.'' വൈമാനികൻ അനുകൂലിച്ചു.

വളഞ്ഞൊടിഞ്ഞ വഴിയിലൂടെ അവർ കരയിലേക്കു നടന്നു. കുടിലിൽ നിന്നു് ഒരു വൃദ്ധൻ പുറത്തേക്കുവന്നു. ഒരു പക്ഷേ അയാളായിരുന്നിരിക്കാം പ്രഭാതത്തിൻെറ സൂക്ഷിപ്പുകാരൻ. സൂര്യൻ മൂടൽമഞ്ഞിൻെറ മുകളിലേക്കു ഉയരുകയായിരുന്നു.

കടുംപച്ച നിറത്തിലുള്ള പുല്ലുകളാണെങ്ങും. നിശ്ചലവും ഇരുണ്ടതുമായ വെള്ളപ്പരപ്പുപോലെ. നിശയുടെ കുത്തിത്തുളക്കുന്ന തണുപ്പു് അതിൽനിന്നുയരുകയാണു്.

"അപ്പൂപ്പാ, നിങ്ങൾ എന്തുചെയ്യുകയാണിവിടെ?" വൈമാനികൻ വൃദ്ധനോടു ചോദിച്ചു.

"ഞാൻ വട്ടിനെയ്ത്തുകാരനാണു്." വൃദ്ധൻ ലജ്ജയോടെ പുഞ്ചിരിതൂകിക്കൊണ്ടു് മറുപടി പറഞ്ഞു. "ഞാൻ അധിക

മൊന്നും ചെയ്യാറില്ല. കളക്ററിവ്ഫാമിനുവേണ്ടി എല്ലാ തരത്തിലുള്ള കുട്ടകളും നെയ്യും. അതുതന്നെ. ഈ മൈതാനങ്ങളെക്കുറിച്ച് മനസ്സിലാക്കണമെന്നുണ്ടോ?"

"ഉവ്വ്. ഞങ്ങൾക്ക് അവ കണ്ടാൽ കൊള്ളാമെന്നുണ്ട്."

"അധികമൊന്നും വേണ്ട, അല്ലേ?" വൃദ്ധൻ ചിരിച്ചു. ഞാൻ ഇവിടെ, ഈ മൈതാനത്തിൽ, എഴുപതു കൊല്ലത്തോളം ജീവിച്ചവനാണ്. എന്നിട്ടും ഞാൻ കാണേണ്ടതു മുഴുവൻ കണ്ടു കഴിഞ്ഞിട്ടില്ല. ആ വഴിക്കു പൊയ്ക്കോളൂ, ആ കറുത്ത പോപ്ലർ മരം വരെ—അതിനപ്പുറം പോകണ്ട. അവിടെ ഒരാളെക്കാൾ ഉയരത്തിൽ വളർന്നു നിൽക്കുകയാണ് പുല്ല്. നിങ്ങൾ ആകെ നനഞ്ഞു കുളിക്കും. ഒരു ദിവസം കൊണ്ടു ആ നനവ് മാറുകയില്ല. മഞ്ഞുതുള്ളികളുടെ കാര്യം—പാത്രത്തിലെടുത്തു കുടിക്കാം, ഇഷ്ടംപോലെ."

"നിങ്ങൾ കുടിച്ചു നോക്കിയിട്ടുണ്ടോ?" യുവാവു ചോദിച്ചു.

"പിന്നെയോ! മരുന്നിനെക്കാൾ നല്ലതല്ലേ?"

മാഷയും വൈമാനികനും സാവധാനം ആ വഴിയിലൂടെ നടന്നു. ഉണങ്ങിക്കഴിഞ്ഞ പോപ്ലർ മരം വരെ നടന്നു മാഷ നിന്നുകളഞ്ഞു.

വഴിയുടെ ഇരുഭാഗത്തും കുത്തനെ വളർന്നു തഴച്ചു നിൽക്കുകയാണ് കാട്ടുറോസച്ചെടികൾ. നല്ല കുങ്കുമനിറമുള്ള പൂക്കളാണ് അവയിലുണ്ടായിരുന്നതു്. അവയോടു താരതമ്യപ്പെടുത്തുമ്പോൾ ഇലകളുടെ ചുററും പതിഞ്ഞിരുന്ന പുലർകാലകാന്തി നിർജ്ജീവവും പാണ്ഡുരവുമായിത്തോന്നി. തണ്ടിൽനിന്നു വേറിട്ടവയെപ്പോലെ അകന്നു നിന്നിരുന്ന ആ പൂക്കൾ കൊച്ചു കൊച്ചു പ്രകാശനാളങ്ങൾപോലെ അന്തരീക്ഷത്തിൽ തങ്ങിനിന്നു. ദേഹമാസകലം സ്വർണ്ണവരകളുള്ള കറുത്ത തേനീച്ചകൾ ചെടികൾക്കു ചുററും ഉന്മേഷത്തോടെ മൂളിപ്പാട്ടുപാടി പറക്കുകയായിരുന്നു.

"സെൻറ് ജോർജ്ജിൻെറ പടയാളികൾ" ആ വൈമാനികൻ അഭിപ്രായം പ്രകടിപ്പിച്ചു.

ആ തേനീച്ചകൾ സെൻറ്ജോർജ്ജ് സംഘത്തെക്കുറിച്ചുള്ള ഓർമ്മ ഉണർത്താതിരിക്കയില്ല. സുശിക്ഷിതരും സമർത്ഥരുമായ യോദ്ധാക്കന്മാരെപ്പോലെ അവയും മനുഷ്യരെ കണക്കാക്കാതെ, ചിലപ്പോൾ കോപംപോലും പ്രദർശിപ്പിച്ചുകൊണ്ടു, നിർഭയം ചരിക്കുകയായിരുന്നു.

പനിനീർച്ചെടികൾക്കിടയിൽ ചുരുക്കമായി കാണുന്ന, പുല്ലും പൂക്കളും സമൃദ്ധമായി തഴച്ചുനിൽക്കുന്ന വിടവുകളിൽ സൂര്യപ്രകാശത്തിൻെറ കളി പലപല നൈമിഷിക രൂപങ്ങളും സൃഷ്ടിക്കുന്നുണ്ടായിരുന്നു. നീലനിറത്തിലുള്ള, രക്തച്ഛവി കലർന്ന നീലയെന്നുതന്നെ പറയാം, മെഴുകുതിരിയുടെ രൂപത്തിലുള്ള ലാക്സ്സ്പർ, ചുവന്നതും വെളുത്തതുമായ ക്ലോവർ, നീലദളങ്ങളുള്ള ക്രോക്കസ്സ്, ഡാലിയകൾ, മഞ്ഞുപോലെ വെളുത്ത ജമന്തിപ്പൂക്കൾ, വളരെ കനംകുറഞ്ഞ, തുടുത്ത ദളങ്ങളുള്ള കാട്ടുമാൾവ, ഇങ്ങനെ ശതക്കണക്കിനു പൂക്കൾ അവിടെയുണ്ടായിരുന്നു. അവയിൽ പലതും മാഷക്കും വൈമാനികനും അപരിചിതവുമായിരുന്നു.

അവർ നിൽക്കുന്നിടത്തുനിന്നൊരു കരച്ചിൽ ഉയർന്നു. നനഞ്ഞതും പൊള്ളയുമായ മരക്കുററിക്കുള്ളിൽ മറഞ്ഞിരുന്ന് ഒരു മണ്ണൂട്ട പരിഹാസപൂർവ്വം ശബ്ദമുയർത്തി. വാനമ്പാടികൾ വിറയോടെ മേലോട്ടുയർന്നു. പക്ഷെ അവയുടെ ഗാനം, ഏതോ, അജ്ഞാത കാരണത്താൽ, ആകാശത്തിൽ നിന്നല്ല, നദിയിൽ നിന്നാണു വരുന്നതെന്നു തോന്നി.

നദിയിൽനിന്നുതന്നെ, മാഷയോടും വൈമാനികനോടും തിരിച്ചുചെല്ലാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള കപ്പലിൻെറ കാഹളവും കേൾക്കായി.

“നമ്മൾ എന്തു ചെയ്യണം” പൂക്കളിൽത്തന്നെ കണ്ണുനട്ട് സന്ദേഹത്തോടെ മാഷ ചോദിച്ചു.

അവറം വേഗം കൈനിറയെ പൂക്കറം വാരിയെടുക്കാൻ തുടങ്ങി. കപ്പൽ രണ്ടാമത്തും കാഹളമൂതി. ഇത്തവണ ആജ്ഞാനരൂപവും നീരസസൂചകവുമായിരുന്നു അതു്.

"അയ്യോ!" ഖേദത്തോടെ മാഷ പറഞ്ഞു. പൊന്തകറംക്കുപരി കപ്പലിൻെറ പുകക്കുഴലിൽനിന്നു പുക ചുരുറംനിവത്തി ഉയരുന്നവശത്തേക്കു തിരിഞ്ഞുനിന്നു് അവറം വിളിച്ചു പറഞ്ഞു: "വരുന്നു!"

അവർ അതിവേഗം കപ്പലിലേക്കു നടന്നു. മാഷയുടെ നനഞ്ഞു കുതിർന്ന വസ്ത്രം കാലിൽത്തട്ടി ശബ്ദം പുറപ്പെടുവിക്കുന്നുണ്ടായിരുന്നു. കഴുത്തിനു പിന്നിൽ ചുരുട്ടിക്കെട്ടിയിരുന്ന അവളുടെ മുടി അഴിഞ്ഞുലഞ്ഞു വീണു. അവളുടെ പിന്നാലെ വന്നിരുന്ന ആ ചെറുപ്പക്കാരനു് ധാരാളം പനിനീർപ്പൂങ്കുലകറം ശേഖരിക്കാൻ കഴിഞ്ഞു.

നടപ്പാതയിൽ നിന്നിരുന്ന നാവികന്മാർ ആ പൂക്കൂട്ടത്തിലേക്കു് കണ്ണോടിച്ചശേഷം പറഞ്ഞു.

"കൊള്ളാം, മൈതാനം കാലിയാക്കിയെന്നു തോന്നുന്നല്ലോ, സെമ്യൻ, ഇതാ പുറപ്പെട്ടുകഴിഞ്ഞു!"

"പൂക്കറം സലൂണിലേക്കു് കൊണ്ടു ചെല്ലൂ, എല്ലാ യാത്രക്കാർക്കും വേണ്ടി." ഒന്നാം നാവികൻ പാലത്തിൽ നിന്നുകൊണ്ടു നിർദ്ദേശിച്ചു. പിന്നീടു് ഉച്ചഭാഷിണിയിലൂടെ അയാറം വിളിച്ചു പറഞ്ഞു. "മെല്ലെ പുറപ്പെടാം."

ചക്രങ്ങറം അതി ശക്തിയോടെ തിരിഞ്ഞു. കപ്പലിൻെറ തട്ടിനു കീഴിൽ വെള്ളം കുഴഞ്ഞുമറിഞ്ഞു. ചെടിപ്പടപ്പുകളുടെ മൂളമർമ്മരത്തോടെ തീരപ്രദേശം അകന്നു തുടങ്ങി.

ആ കരയും മൈതാനവും കിഴവനായ വട്ടിനെയ്ത്തുകാരൻ പാർത്തു പോന്നിരുന്ന കുടിലും വിട്ടു പോകുക. മാഷക്കു് അതു വിചാരിക്കാൻ പോലും വയ്യായിരുന്നു. പെട്ടെന്നു് അവയെ

ല്ലാം അവൾക്കേറെവും പ്രിയപ്പെട്ടവയായിത്തോന്നി. ആ വൃദ്ധ ൻെറ പരിചരണത്തിൽ താൻ അവിടെ വളർന്നു വന്നതു പോലെ.

"എന്തൊരത്ഭുതമാണ്!" സലൂണിലേക്കു പോകുമ്പോൾ മാഷാ വിചാരിച്ചു. "എവിടെയാണെത്തിയതെന്നു് അറിഞ്ഞു കൂടാ. ഏതു ഭൂഭാഗമാണ്, ഏതു ജില്ലയാണ്. അതും നിശ്ചയമില്ല. എന്തിനു്, ഇതിനടുത്തുള്ള നഗരമേതാണെന്നും എനിക്കു പിടി പാടില്ല."

സലൂൺ തണുപ്പും വൃത്തിയുമുള്ളതാണ്. അവിടത്തെ പോളീഷിട്ട മരജാലകങ്ങളേയും മേശകളേയും വാൽനട്ട് പിയാനോവിനെയും ഇനിയും ചൂടു പിടിപ്പിച്ചു കഴിഞ്ഞിട്ടില്ല; സൂര്യൻ.

മാഷാ പൂക്കൾ തരം തിരിച്ചു പാത്രങ്ങളിൽ അടുക്കിവെക്കാൻ തുടങ്ങി. വൈമാനികൻ താഴത്തെ ഡെക്കിൽ നിന്നു കുറച്ചു ശുദ്ധജലം കൊണ്ടുവന്നു. പൂക്കൾ ഒരുക്കിവെക്കാൻ അവളെ സഹായിക്കുന്നതിനിടയിൽ അയാൾ പറഞ്ഞു: "ബേലോസ്യോഴ്സ്കിൽ അമ്മക്കുള്ള പൂന്തോട്ടം നന്നെ ചെറുതാണ്. പക്ഷേ ധാരാളം പൂക്കളുണ്ടതിൽ, പ്രത്യേകിച്ചും മാരിഗോൾഡ് പൂക്കൾ."

"ബെലോസ്യോഴസ്കിലെ അവധിക്കാലം സുഖമായിരുന്നോ?" അവൾ ചോദിച്ചു.

"മോശമായിരുന്നില്ല. ധാരാളം വായിച്ചു. എൻെറ ജീവിതത്തിൻെറ കണക്കെടുത്തുനോക്കി. അല്ലാതെ, മറെറാന്നും ചെയ്യാനില്ല, ബെലോസ്യോഴ്സകിൽ."

"'കണക്കെടുത്തു' എന്നു പറഞ്ഞതു കൊണ്ടുദ്ദേശിക്കുന്നതെന്താണ്?" വിസ്മയം കലർന്ന ശബ്ദത്തിൽ അവൾ ചോദിച്ചു.

"കണ്ടതും ചെയ്തതും വിചാരിച്ചതുമായ എല്ലാ സംഗതികളുടേയും പട്ടിക ഞാൻ തയാറാക്കി. പിന്നീടു് അതു് അപഗ്ര

ഥിച്ചു. എൻെറ ജീവിതം നേർവ്വഴിയിലൂടെയാണോ നയിച്ചതു്, എവിടെയാണെനിക്കു തെററു പിണഞ്ഞതു്? ഈയടുത്ത കാലത്തുണ്ടായിട്ടുള്ള നന്മകളും ഞാൻ എണ്ണിനോക്കി."

"ഫലം എന്തായിരുന്നു?"

"എല്ലാം സ്ഫടികംപോലെ വ്യക്തമാണിപ്പോൾ. ധൈര്യമായി, സംശയംകൂടാതെ എനിക്കു മുന്നോട്ടു പോകാം."

"സംഗതികളെ നോക്കി മനസ്സിലാക്കുന്നതിനു് പുതിയൊരു സമ്പ്രദായമാണിതു്." മാഷ പറഞ്ഞു. അവൾ അയാളുടെ നേരെ സാകൂതം നോക്കുകയും ചെയ്തു.

"അതൊന്നു പരീക്ഷിച്ചു നോക്കൂ." അയാൾ നിർദ്ദേശിച്ചു. മന്ദസ്മിതത്തോടെയാണയാൾ ഇതു് പറഞ്ഞതു്. "ജീവിതം എത്രമാത്രം പൂർണ്ണമായിരുന്നുവെന്നു കാണുമ്പോൾ നിങ്ങൾ അത്ഭുതപ്പെട്ടുപോകും."

"കേൾക്കൂ, കേൾക്കൂ." മാഷയുടെ പിറകിൽ നിന്നു സുപരിചിതമായ ഒരു ശബ്ദം. അവൾ തിരിഞ്ഞുനോക്കി.

ആ നടൻ വാതില്ക്കൽ നില്ക്കുകയാണു്. നീലവസ്ത്രം കിടക്കുന്ന തോളത്തു് ഒരു ടവൽ ഇട്ടിട്ടുണ്ടു്.

"കേൾക്കൂ, കേൾക്കൂ." അയാൾ ആവർത്തിച്ചു. "പുലർച്ചയ്ക്കുള്ള സല്ലാപംപോലെ വേറെയൊന്നുമില്ല. ആ സമയത്തു ചിന്തകൾ കഴുകിയ കൈകൾപോലെ വെടിപ്പുള്ളവയായിരിക്കും.'

"ഒന്നു നിർത്തു" നീരസത്തോടെ വൈമാനികൻ പറഞ്ഞു.

"ശരിയാണു് . എല്ലാം മണ്ടത്തരം," നടൻ സമ്മതിച്ചു. "തെററിദ്ധരിക്കരുതു്. ഞാൻ നിങ്ങളുടെ വർത്തമാനം കേൾക്കുകയുണ്ടായി. ഒരു സംഗതികൂടി ഇക്കൂട്ടത്തിൽ ചേർക്കാനുണ്ടു് - തള്ളിക്കളയാൻ നിവൃത്തിയില്ലാത്ത ഒരു സത്യം. ഞാൻ ജീവിതത്തിൽ വളരെ വൈകിയാണതു മനസ്സിലാക്കിയതെന്നുകൂടി പറയാം."

KOTTAYAM PUBLIC LIBRARY KOTTAYAM

"ആകട്ടെ, എന്താണീ മഹാസത്യം?" ആ യുവാവു ചോദിച്ചു.

"എനിക്കു ഈ പരിഹാസസ്വരം ഇഷ്ടപ്പെടുന്നില്ല." പരിചയസമ്പന്നനല്ലാത്ത വായനക്കാരന്റെ കപടമായ വാചാലതയോടെ ശബ്ദത്തിൽ നടൻ പറഞ്ഞു. പിന്നീടു് അയാൾ ചിരിച്ചു. "ആ സത്യം ലാളിത്യം തന്നെയാണു്. ശരിക്കു നോക്കിയാൽ ഓരോ ദിവസത്തിലും നന്മ, ഏതെങ്കിലും കാവ്യാത്മകത്വം തങ്ങിനില്ക്കുന്നുണ്ടു്. നിങ്ങൾ പറഞ്ഞതുപോലെ ജീവിതാനുഭവങ്ങൾ കണക്കിലെടുക്കുമ്പോൾ, ഉദ്ദേശിച്ചാലും ഇല്ലെങ്കിലും ശരി, ഓർമ്മിക്കുന്നതു് മിക്കവാറും അതിലെ കാവ്യാത്മകവും നല്ലതുമായ ഭാഗങ്ങളായിരിക്കും. അതു് ഒന്നാന്തരമാണു്. നമ്മുടെ ചുററുമുള്ള സകലതും കാവ്യഭംഗി നിറഞ്ഞുതുളുമ്പുന്നവയാണു്. അതന്വേഷിക്കണം. എന്നുമെന്നും. വൃദ്ധനായ ഒരുവന്റെ അവസാന വാക്കുകളാണു്. സ്വസ്തി! തർക്കിക്കാനൊന്നും പുറപ്പെടണ്ട. അത്രതന്നെ."

അമർത്തിച്ചിരിച്ചുകൊണ്ടു് ആ നടൻ നടന്നകന്നു. ലോകത്തിലുള്ള സകലതുംസരളവും, എന്നാൽ വിസ്മയാവഹവുമാണെന്ന തത്വത്തെക്കുറിച്ചു ചിന്തിക്കാൻതുടങ്ങി മാഷാ. ലെനിൻഗ്രാഡിലെ വിദ്യാലയത്തിൽവച്ചു്, അതിന്നത്തെ ഈ യാത്രയിൽ വച്ചെന്നപോലെ സ്പഷ്ടമാകുകയുണ്ടായില്ല, ജീവിതത്തിന്റെ നെല്ലിപ്പടിയിൽ സ്ഥിതിചെയ്യുന്ന കവിതയിൽ അവൾക്കുള്ള പങ്കു് ഇപ്പോൾ അവളെ സംബന്ധിച്ചിടത്തോളം സാക്ഷാൽകരിക്കപ്പെട്ടതായിരിക്കാം.

പകൽ സമയത്തു് വോൾഗയിൽ ഒരു കാററടിച്ചുകൊണ്ടിരുന്നു. അതിന്റെ ഫലമായി മനോഹരമായ നീലവെള്ളത്തിന്റെ അലകൾ കപ്പലിനെ കടന്നു അകന്നു പോകുന്നുണ്ടായിരുന്നു. കാററു് തന്നിൽനിന്നു അതിവേഗത്തിൽ ഓരോന്നോരോന്നായി പറത്തിയകററുന്ന ഗ്രീഷ്മദിനങ്ങളെപ്പോലെ തോന്നി മാഷയ്ക്കു് ആ തിരകൾ.

സായാഹ്നമാകുന്നതോടെ കാറെറാതുങ്ങും. ഇരുട്ടിൽനിന്ന് ഇരുട്ടിലേക്കുതന്നെ വഴുതിനീങ്ങും വെള്ളം. കപ്പലിലെ വിളക്കുകൾകൊണ്ടു സംരക്ഷിക്കപ്പെട്ട തെളിഞ്ഞ ഒരു ഭാഗ്യമുണ്ടായിരിക്കുമെന്നേയുള്ളൂ.

മാഷാ സന്തുഷ്ടയായി. എങ്കിലും ചില വേളകളിൽ ആ ആനന്ദത്തിൻെറ നിമിഷങ്ങളിൽ ദുഃഖത്തിൻെറ നിറം കലന്നിരുന്നു. ഇങ്ങനെ ഭംഗിയോടെ ആരംഭിച്ച ഈ പുതിയ ജീവിതം ഇതേ രീതിയിൽത്തന്നെ മുന്നോട്ടു നീങ്ങണമെന്നില്ലല്ലോ

കാമിഷിനിൽവച്ച് മാഷാ കപ്പലിൽ നിന്നിറങ്ങി. മഞ്ഞനിറത്തിലുള്ള മൂടൽമഞ്ഞിനെ വോൾഗക്കു മുകളിലൂടെ പറത്തുന്നുണ്ടായിരുന്നു കാററ്.

വൈമാനികനും നടനും യാത്രയയക്കുന്നതിനു കടത്തുവരെ ചെന്നു.

സങ്കോചത്തോടെയാണു മാഷാ ആ വൈമാനികനോടു വിടവാങ്ങിയതു്. അയാൾ തെല്ലൊരസ്വാസ്ഥ്യത്തോടെ കപ്പലിലേക്കു മടങ്ങി; നടൻ മാഷയെ യാത്രയയക്കുന്ന രംഗം അയാൾ ഡെക്കിൽനിന്നുകൊണ്ടു വീക്ഷിക്കുകയുണ്ടായി.

തലയിൽനിന്നു തൊപ്പിയെടുത്തു മാററി, മാഷയുടെ കൈകൾ പിടിച്ചുകൊണ്ട് ആ നടൻ അവളെ നോക്കി. ആ കൺകളിൽ ചിരിയും വിനോദവും തങ്ങിനിന്നിരുന്നു.

"നിങ്ങൾക്കു എന്നും സുഖം കിട്ടും." അയാൾ പറഞ്ഞു. "പക്ഷെ എൻെറ സന്തോഷം നിങ്ങളുടേതിനെക്കാൾ അധികമാണ്. കാരണം, എനിക്കു പ്രായംകൂടുതലുണ്ടല്ലോ."

"എനിക്കൊന്നും മനസ്സിലാവുന്നില്ല." മാഷ പറഞ്ഞു.

"വ്യക്തമല്ലേ അതു്? ചെറുപ്പകാലം കടന്നുപോന്നവർക്ക് കിട്ടുന്ന ആനന്ദത്തെയാണു ഞാനുദ്ദേശിച്ചതു്." ആ നടൻ നാടൃത്തോടെ പറഞ്ഞു. "ആരെയോ സ്നേഹിക്കുന്ന ഡെസ്ഡിമോണയുടെ കണ്ണിൽ കണ്ണീർത്തുള്ളികൾ കാണുമ്പോഴുണ്ടാകുന്ന സുഖം."

അയാൾ മാഷയുടെ കൈകൾവിട്ടു. കൈയിൽ തൊപ്പിയു മേന്തി അ യ ാ ൾ ന ട പ്പ ാ ത വഴി കപ്പലിൽ കയറി. കപ്പൽ മൂന്നാമത്തേതും അവസാനത്തേതുമായ കാഹളം വിളി യോടെ യാത്രയായി.

ഒരു ദിവസം കഴിഞ്ഞു. കാമിഷനിൽ നിന്നും വളരെ അക ലെയൊരിടത്താണിപ്പോൾ മാഷാ. ഒരു റെയിൽവെ ക്യാരേ്യ ജാണ് അവളുടെ വീട്. സ്റ്റെപ്പികളിലൂടെ അതു വലിച്ചുകൊ ണ്ടുപോയി ചളിനിറഞ്ഞ കരകളുള്ള ഒരു കുളത്തിൻെറ കര യിൽ ഇട്ടിരിക്കുകയാണ്. കൂട്ടകൃഷി സ്ഥലത്തിനാവശ്യമായ വേലിയുണ്ടാക്കുന്നതിനു മരങ്ങൾ നട്ടുപിടിപ്പിക്കാനെത്തിയവരു ടെയെല്ലാം താവളം ഇതുതന്നെയായിരുന്നു.

ചീഫ്, ഗൗരവക്കാരനോ പൊടിപുരണ്ടു വൃത്തികെട്ടവനോ ആയിരുന്നില്ല. മറിച്ച്, പ്രസരിപ്പുള്ളവനും വിനോദശീലനു മായിരുന്നു. മററുള്ളവരെപ്പോലെ തന്നെ, അയാളും തെക്കുകി ഴക്കു നിന്നു വീശുന്ന കാററ് എന്താപത്താണ് വരുത്തിവയ്ക്കുക യെന്നും ചെടികൾ ശരിക്കു പൊടിച്ചു വളരുമോ എന്നും ആലോ ചിച്ച് അസ്വാസ്ഥ്യനായിരിക്കുകയായിരുന്നു. വോൾഗയ്ക്കു പ്പുറം, ചക്രവാളപ്പരപ്പിൽ കാണാനുണ്ട്, സ്ഫടികദൃശമായ ഒരു ധൂമിക. "ഉപ്പുമണ്ണ്" എന്ന വാക്ക് ഓരോ വ്യക്തിയുടേയും ചുണ്ടിൽ തങ്ങിനിൽക്കുകയാണ്. ചെറുവൃക്ഷങ്ങളുടെ ഏററവും വലിയ വിഷമകാരിയായ, ശത്രുവാണ് ഉപ്പുമണ്ണ്—'സ്റ്റെപ്പിക ളിൽ അവിടവിടെ രൂപമെടുത്ത ശൂന്യഭാഗങ്ങൾ—ഉപ്പിൻെറ ഹിമതുല്യമായ തിളക്കം പ്രത്യക്ഷപ്പെടുത്തുന്ന മഞ്ഞമണ്ണിലെ പിളർപ്പുകൾ.'

ഒരു ദിവസം ആ വൈമാനികൻെറ ഉപദേശത്തെ അനുസ രിച്ച് മാഷാ തൻെറ ജീവിതാനുഭവങ്ങളൊന്നു വിശകലനംചെയ്തു നോക്കി. ശരിക്ക് മൂന്നു ഭാഗങ്ങളായി അവയെ തിരിക്കാമെന്ന വൾ മനസ്സിലാക്കി.— ലെനിൻഗ്രാഡിലെ ജീവിതം, കപ്പൽ

യാത്ര, വോൾഗാസ്റ്റെപ്പികളിലെ ജോലി–ഓരോ ഘട്ടത്തിലും കാണുന്നുണ്ട് നന്മ; പ്രായം ചെന്ന ആ നടൻ സൂചിപ്പിച്ചതു പോലെ കാവ്യാത്മകമായ ഭാഗം.

ലെനിൻഗ്രാഡിൽ ലാഖ്റയിൽ മറഞ്ഞു കൊണ്ടിരിക്കുന്ന സൂര്യനെ കാണാനുതകുന്ന മുറിയുണ്ടായിരുന്നു. അതോടൊപ്പം ചങ്ങാതികൾ, പുസ്തകങ്ങൾ, നാടകശാല, പാർക്കുകൾ എല്ലാം. ഇങ്ങോട്ടു വരുന്നതിനിടക്ക്, ഇദംപ്രഥമമായി, ക്ഷണികമെങ്കിലും ഹൃദയസ്പൃശിയായ സൗഹൃദത്തിൻെറ വശ്യതയും റഷ്യയിലെ വൻനദികളുടെ ആകർഷകത്വവും അനുഭവിക്കാൻ മാഷക്കു കഴിഞ്ഞു. ഇന്ന്, സ്റ്റെപ്പിയിൽ വച്ചു തൻെറ ജോലിയുടെ മഹത്തായ പൊരുൾ മനസ്സിലാക്കുകയാണ് അവൾ.

അവളുടെ ഹൃദയത്തിൻെറ ഏതൊ ഒരു കോണിൽ സ്ഥിതി ചെയ്യുകയാണ് ആ വൈമാനികൻെറ ചിത്രം. രാക്കുയിലുകളെ കുറിച്ചു ആവലാതിപ്പെട്ടപ്പോൾ അയാളുടെ സങ്കോചം കലർന്ന പുഞ്ചിരി; കാമിഷിനിൽ വച്ച് കപ്പലിൽ നിന്നു അവളെ നോക്കിക്കൊണ്ടിരുന്നപ്പോൾ ആ കണ്ണുകളിൽ നിഴലിച്ച ഭാവതാരള്യം. അമ്മയോട് വിടവാങ്ങുമ്പോഴുണ്ടായതുപോലെ അയാളുടെ കവിളത്തെ മാംസപേശികൾ വിറകൊണ്ടിരുന്നതും അവൾ ഓർമ്മിക്കുകയുണ്ടായി. അവർ പെട്ടന്നൊന്ന് പരിചയപ്പെട്ടു വേർപിരിഞ്ഞുപോയതു്. എത്ര കഷ്ടമായി!

ആ യാത്ര മാഷയുടെ മേൽ എന്തെന്നില്ലാത്ത സ്വാധീന ശക്തി ചെലുത്തിയിരുന്നു. ഒരിക്കൽ അവൾ അതു സ്വപ്നം കാണുകപോലുമുണ്ടായി. മഞ്ഞിൽ കുളിച്ചു നില്ക്കുന്ന, സമൃദ്ധമായി വളർന്നു നില്ക്കുന്ന പനിനീർച്ചെടികൾ അവൾ കണ്ടു. ഇരുട്ടു വീണു കഴിഞ്ഞു. രാത്രിയുടെ അന്ധകാരം നിറഞ്ഞ മുററത്ത് മനോഹരമായ ശശികല പ്രത്യക്ഷപ്പെട്ടിരിക്കുന്നു. കൊയ്ത്തുകാർ മറന്നിട്ടുപോയ ഒരു വെള്ളിയരിവാൾ പോലെ. അവൾക്കു വളരെ സന്തോഷം തോന്നി. അവൾ ഉറക്കത്തിൽ പൊട്ടിച്ചിരിച്ചു.

കുന്നിന്റെ ഉന്നതതലത്തിലൂടെ ഒഴുകി വീതിയുള്ള പാതകൾക്കുപരി ചെമ്മൺപൊടി കറങ്ങിക്കൊണ്ടിരിക്കുന്ന വരണ്ട സ്റ്റെപ്പിയോളം എത്തുന്ന ആഴംകുറഞ്ഞ ഒരു നീലനദിപോലെയായിരുന്നു പുതുതായി വച്ചുപടിപ്പിച്ച മരങ്ങൾ.

അവിടെ പലതും ചെയ്യാനുണ്ട്. ഓക്കിന്റെ തൈകൾക്കിടയിലുള്ള മണ്ണിളക്കണം. അക്കേഷ്യ വച്ചുപടിപ്പിക്കണം. മാഷാ എല്ലാ ശ്രദ്ധയും തന്റെ ജോലിയിൽ കേന്ദ്രീകരിച്ചു. മരത്തൈകളോട് ഒരു തരം വാത്സല്യംതന്നെ തോന്നിത്തുടങ്ങിയിരുന്നു അവൾക്ക്.

നിറമാകെ തുടുത്തുകഴിഞ്ഞു. വെയിലേററു മുടി വിളത്തിട്ടുണ്ട്. ഇങ്ങനെ ആ സ്റ്റെപ്പിയിൽത്തന്നെ ജനിച്ചു വളൎന്നവളെപ്പോലെയായി അവൾ. അവളുടെ വേഷവും കൈകളും, അങ്ങനെയോരോന്നും വേംമരത്തിന്റെ മണം കലൎന്നതായിരുന്നു. കൃര്യജിനു കാവൽനിന്നിരുന്ന നാർസനുഃപ്പാലും—കറുത്ത കാവൽനായ—ഉണ്ടായിരുന്നു ആ മണം.

38542

ചീഫിന്റെ മകനായ സ്റ്റ്യോപാ—ഏഴുവയസ്സുണ്ടവന്—നാർസന്റെകൂടെയാണിരിക്കാറുള്ളതു്.

പകൽ മുഴവൻ അവർ വണ്ടിയുടെ തണലിലിരുന്നു ചാഴികളുടെയും, ഓടുകൊണ്ടുണ്ടാക്കിയതോ എന്നു തോന്നുമാറു പ്രതിധ്വനി പുറപ്പെടുവിക്കുന്ന വളഞ്ഞുപിരിഞ്ഞ ഒരു പെയർമരത്തിൽ കാററിന്റേയും, ചൂളംവിളി ശ്രദ്ധിച്ചുകേൾക്കും.

ഗ്രീഷ്മത്തിന്റെ അവസാനമായപ്പോൾ ചാഴികൾ മരങ്ങളെ ആക്രമിക്കാൻതുടങ്ങി. മരങ്ങളുടെ അടുത്തു കുഴികളുണ്ടാക്കി അവ ഈച്ചകളെ അകററുന്നതിനായി അതിൽകിടന്നുരുളുകയും ചെയ്തു. 'തോട്ടക്കാരൻ' വിമാനത്തെ അയച്ചു വിഷം കലത്തിയ ഓട്ട്സ് വിതറുവാൻ സ്റ്റാലിൻഗ്രാഡിലേയ്ക്കു് ഒരു സന്ദേശം അയയ്ക്കുകയുണ്ടായി.

ഒരു ദിവസം വൈകുന്നേരം വണ്ടിയുടെ ചവിട്ടുപടിയിലിരുന്നു ഉരുളക്കിഴങ്ങു നന്നാക്കുകയായിരുന്നു സ്റ്റ്യോപാ. നാർസൻ

തലയുയൎത്തി പെട്ടെന്നു കുരച്ചുതുടങ്ങി. അസ്തമയ ചക്രവാള ത്തിൽനിന്നു പ്രത്യക്ഷപ്പെട്ടു് സ്റ്റെപ്പിയുടെ മുകളിൽക്കൂടി, അലസമായി താഴ്ന്നു പറക്കുകയായിരുന്നു ചെറിയ ഒരു വി മാനം.

വണ്ടി മുറിയുടെ മുകളിലൂടെ പറന്നു്, പെട്ടെന്നുതിരി ഞ്ഞു്, ഉണക്കപ്പുല്ലിന്റെ മുകളിൽ അതിറങ്ങി. അല്പദൂരം ഓ ടിയശേഷം അതിന്റെ പ്രവൎത്തനം നിലച്ചു.

പൈലററ് തന്റെ ഇരിപ്പിടത്തിൽനിന്നു പുറത്തേക്കുവ ന്നു. ആ കുട്ടിയുടെയും നായുടെയും നേരെ ചെല്ലുന്നതിനിടക്കു അയാഠം തന്റെ തൊപ്പി കൈയിലെടുത്തു കഴിഞ്ഞിരുന്നു. ചെ ന്നിയിൽ നരബാധിച്ചു തുടങ്ങിയിരുന്നെങ്കിലും അയാഠം ചെറു പ്പക്കാരൻതന്നെയാണു്. അയാളുടെ ഉടുപ്പിൽ ബഹുമതി മുദ്ര കഠം സ്റ്റ്യോപാ കാണുകയുണ്ടായി.

പൈലററിന്റെ നേരെ കുരക്കാൻ നിൽക്കാതെ നാർസൻ വണ്ടിയുടെ കീഴിലേക്കു് ഇഴഞ്ഞുനീങ്ങി ഭീരുത്വത്തോടെ മോ ങ്ങുവാൻ തുടങ്ങി.

"ഹേയ്, കുട്ടീ", വണ്ടിപ്പടിയിൽ സ്റ്റ്യോപയുടെ സമീപ ത്തിരുന്നു് ഒരു സിഗററററ് കത്തിച്ചുകൊണ്ടു് പൈലററ് പറ ഞ്ഞു. "ഇതാണോ സെക്ഷൺ നമ്പർ 15?"

"അതെ," കാതര്യത്തോടെ സ്റ്റ്യോപ മറുപടി നൽകി. "നമ്പർ പതിനഞ്ചുതന്നെയാണോ ചോദിച്ചതു്?"

"അതെ. ഞാൻ ആ ചാഴികളെ കൊല്ലാൻ വന്നിരിക്ക യാണു്."

"നിങ്ങഠംക്കെത്രബഹുമതികളാണു കിട്ടിയിട്ടുള്ളതു്!" സ്റ്റ്യോപ പറഞ്ഞു. അല്പനേരത്തെ മൗനത്തിനുശേഷം അവൻ തുടൎന്നു: "നിങ്ങഠംതന്നെ ചാഴികളെ കൊല്ലാൻ തീരുമാനിച്ചെന്നാണോ പറഞ്ഞതു്? ഞങ്ങഠം കരുതിയതു് പൈലററ് വിദ്യാൎത്ഥികളിലാരെങ്കിലും വരുമെന്നാണു്."

"കുഞ്ഞേ, ഇങ്ങോട്ടു വിടണമെന്നു ഞാൻ ആവശ്യപ്പെട്ടതാണ്." ഇത്രയും പറഞ്ഞു് ആ പൈലററ് നിശ്ശബ്ദനായി. "ആകട്ടെ, മാഷാ ക്ലിമോവാ ജോലിചെയ്യുന്നതു് ഇവിടെയാണോ?"

"അതെയതെ." അയാളെ ഇടകണ്ണിട്ടു നോക്കിക്കൊണ്ടു സ്റ്റ്യോപാ പറഞ്ഞു: "എന്താണു്?"

"അയാഠം എവിടെ?"

"അവിടെ, കാട്ടിൽ." സ്റ്റ്യോപാ തൈമരങ്ങളുടെ നേരെ ചൂണ്ടിക്കാണിച്ചു.

"ചില കാടുകഠം!" പൈലററ് ചിരിച്ചു. അയാഠം എഴുന്നേററ് ആ സ്ഥലത്തെ ലക്ഷ്യമാക്കി നടന്നു.

സ്റ്റ്യോപാ അയാളെത്തന്നെ നോക്കിക്കൊണ്ടു നിന്നു. ഇരുട്ടിൻെറ ശക്തി കൂടിത്തുടങ്ങിയിരുന്നു. സ്റ്റെപ്പി സ്പഷ്ടമായി കാണാൻ കഴിയാതായിക്കഴിഞ്ഞു. എങ്കിലും മാഷാ വരുന്നതു സ്റ്റ്യോപായ്ക്കു കാണാൻ കഴിഞ്ഞിരുന്നു. അവളെ സമീപിക്കുന്നതിന്നു് ഉഴറി നടക്കുകയായിരുന്നു പൈലററ്. പക്ഷേ അയാഠം അടുത്തെത്തുന്നതിനു മുമ്പുതന്നെ അവഠം നടത്തം നിത്തി മുഖം പൊത്തി നിന്നു.

രാത്രിയായി. സ്റ്റെപ്പിയിലെ കുളത്തിൻെറ മുകളിൽ തൻെറ ഉന്നതസ്ഥാനത്തിരുന്നു കൊണ്ടു് ഇരുണ്ട വെള്ളത്തിൽ കണ്ണും നട്ടിട്ടു് സ്ഥിതി ചെയ്യുകയാണു് ഒരു നക്ഷത്രം.

"എന്തിനാണു മാഷാ മുഖം പൊത്തിനിന്നതു്?" സ്റ്റ്യോപായ്ക്കു മനസ്സിലായില്ല. പിന്നീടു് മാഷയെപ്പററി തൻെറ പിതാവു് വിനോദരൂപേണ പറഞ്ഞ വാക്കുകഠം അവൻ ആവത്തിച്ചു: "വല്ലാത്തൊരു പെണ്ണു്!"

ആ രാത്രി മുഴുവൻ നാർസൻ ഉണങ്ങിയതും ഊഷ്മളവുമായ തറയിൽ പ്രശാന്തമായി വിശ്രമിക്കുന്ന വിമാനത്തെ നോക്കിക്കൊണ്ടു് വണ്ടിയുടെ താഴെ നിന്നു മുരളുകയായിരുന്നു.

# കാലത്തിന്റെ ഒഴുക്ക്.

വ്ലാഡിമിർ ലാവ്രോവ് — മോസ്ക്കോവിലെ ഒരു ചിത്രകാരനാണദ്ദേഹം— കുറെ വോൾഗാദൃശ്യങ്ങൾ വരയ്ക്കുവാൻ നിയമിക്കപ്പെടുകയുണ്ടായി. അയാൾ ഉടനെ അതനുസരിച്ചെങ്കിലും, സ്വതസ്സിദ്ധമായ സാവധാനതമൂലം ഒരു ഗ്രീഷ്മം മുഴുവൻ കഴിഞ്ഞിട്ടേ അതിനു തയാറായുള്ളു. സെപ്റ്റംബറിൽ മാത്രമേ അയാൾ വോൾഗയിലേയ്ക്കു കപ്പൽ മാർഗ്ഗമായി യാത്രയായുള്ളൂ.

മിന്നിത്തിളങ്ങുകയായിരുന്നു, വലിയ പുകക്കുഴലുകളോടു കൂടിയ ആ കപ്പൽ. സ്ഫടികം പോലെയാകത്തക്കവണ്ണം അതിന്റെ പോർട്ട്ഹോളുകൾ തുടച്ചു മിനുക്കിയിരുന്നു. ഊർജ്ജസ്വലങ്ങളായ എഞ്ചിനുകളുള്ള ആ കപ്പൽ കുഴപ്പമൊന്നും കൂടാതെ സഞ്ചരിച്ചുകൊണ്ടിരുന്നു. കുളിരാന്ന അസ്തമയം മറഞ്ഞുതുടങ്ങിയ നാട്ടിൻ പുറങ്ങളിലെ കുററിക്കാടുകളും അഴികളും അതു് ആ യാത്രയ്ക്കിടയിൽ വിളക്കിന്റെ പ്രകാശംകൊണ്ടു് യാത്രക്കാർക്കു് കാണിച്ചുകൊടുത്തിരുന്നു. കാടുകൾ അപ്പോൾത്തന്നെ തുടുപ്പും സ്വർണ്ണകാന്തിയും അണിഞ്ഞുകഴിഞ്ഞിരുന്നു. ശരൽക്കാല സായന്തനത്തിലെ വിറയാന്ന വെളിച്ചത്തിൽ വിളക്കുകൾ മിന്നി മിന്നി പ്രകാശിച്ചുകൊണ്ടിരുന്നു.

പ്രായം കുറേച്ചെന്നിട്ടുണ്ടെങ്കിലും പ്രകൃത്യാ നാണം കുണുങ്ങിയാണു് ലാവ്രോവ്. തന്റെ സഹയാത്രക്കാരോടു പരിചയം സമ്പാദിക്കാൻ അയാൾക്കു് വിഷമമായിത്തോന്നിയിരുന്നു.

ചിത്രമെഴുതാനുതകുന്നവരാണോ എന്നതു മാത്രമായിരുന്നു മററുള്ളവരിൽ അയാൾക്കുണ്ടായിരുന്ന താൽപര്യം. കപ്പലിൽ വച്ചു് രണ്ടുപേരെ അയാൾ പ്രത്യേകം കണക്കാക്കി—പൈലററ്

സാഷയും, –നന്നെ ചെറുപ്പമാണവൾക്ക്–യാത്രക്കാരിലൊരാളും –പ്രായം ചെന്നയാളാണ് അദ്ദേഹം. വൃത്തിയുള്ള മുഖം, കനിവുള്ള കനത്ത പോളകളോടുകൂടിയ കണ്ണുകൾ. പ്രസിദ്ധിപെററ ഒരു ചരിത്ര പ്രഫസറാണ് അദ്ദേഹം.

പ്രഭാതം പൊട്ടി വിടരുന്നേയുള്ളൂ. അവർ റിബിൻസക് കടൽ തരണം ചെയ്തുകഴിഞ്ഞു. മഞ്ഞുതുള്ളികൾ കൊണ്ടു നനഞ്ഞ ഡെക്കിലേയ്ക്കു ലാവ്രോവ് ചെന്നു. ധൂമികയണിഞ്ഞ പ്രഭാതത്തെ ലക്ഷ്യമാക്കി കിഴക്കോട്ടു ഒഴുകിക്കൊണ്ടിരുന്ന കൊച്ചോളങ്ങൾ എന്തോ മുറുമുറുക്കുന്നുണ്ടായിരുന്നു. അന്നേദിവസം വരാനിരിക്കുന്ന മോശമായ കാലവസ്ഥയെ വിളംബരം ചെയ്യുകയായിരുന്നു അതു്.

പ്രഫസറും ഡെക്കിലേയ്ക്കു വന്നിരുന്നു. കോളർ ഉയർത്തിവച്ച് കൈയിൽ വൃദ്ധന്മാർക്ക് ഏററവുമിഷ്ടപ്പെടുന്ന കറുത്ത ഒരു തൊപ്പിയുമേന്തി കപ്പലിൻെറ അടികമ്പിയിലേയ്ക്ക് ചാഞ്ഞു നിൽക്കുകയാണ് അയാൾ.

കുത്തനെയുള്ള കോണിയിറങ്ങി സാഷാ ഡെക്കിലേയ്ക്കു വന്നു. ഇരുണ്ട ഒരു യൂണിഫോമാണ് അവൾ ധരിച്ചിരുന്നതു്. കൈയിൽ തോലുകൊണ്ടുണ്ടാക്കിയ ഉറകൾ. കമ്പിളിത്തൊപ്പിയ്ക്കകത്തേയ്ക്കു മുടിതിരുകി വച്ചിരിക്കയാണവൾ. രാത്രിയിലത്തെ പാറാവു കഴിഞ്ഞു് ഒഴിവു കിട്ടിയിട്ടേയുള്ളൂ. ആ കവിളുകൾ തിളങ്ങുകയായിരുന്നു. അവളുടെ ചുണ്ടുകൾ അല്പം വിടന്നു നിന്നിരുന്നു.

"ഗുഡ്മോണിങ്ങ്" പുഞ്ചിരിയോടെ അവൾ ലാവ്രോവിനെ അഭിവാദനം ചെയ്തു.

"നമ്മുടെ കടൽ കണ്ടു രസിക്കയാണോ?"

"എന്തു പറയാം. മനുഷ്യനുണ്ടാക്കിയതാണ് ഇതെന്നു വിശ്വസിക്കാൻപോലും എനിക്കു സാധിക്കുന്നില്ല."

"ഞാൻ ഇവിടെയാണ് ജനിച്ചതു്. മൊളോഗയിൽ. കുഞ്ഞായിരുന്ന കാലത്തു് കൂണുകട അന്വേഷിച്ചു ഞാനും മററും

ഇവിടെ വരാറുണ്ട്." പ്രഭാതത്തിൻെറ പാടലവർണ്ണം കലന്ന കാളങ്ങളിലേയ്ക്ക് അവരം ചൂണ്ടിക്കാണിച്ചു. "വളരെക്കാലം മുമ്പൊന്നും നടന്നതല്ല, അതു്-എന്നെക്കാരം പ്രായം കുറഞ്ഞതാണ് ഈ കടൽ."

"സംഭവങ്ങളുടെ തിരക്കത്തിനൊത്തു പോകാൻ ചരിത്രരേഖകരംക്കു സാധ്യമല്ല." പ്രൊഫസർ അഭിപ്രായപ്പെട്ടു. അയാരം തൊപ്പി ചെവിയിലേയ്ക്കു വലിച്ചിറക്കുകയും ചെയ്തു. "നമ്മുടെ നിപുണമായ ചരിത്രചിന്തകളെ മറികടന്നോ, വിലങ്ങനെ മുറിച്ചോ അതിക്രമിച്ചോ അവ പായുന്നു. ശാസ്ത്രത്തിൻെറ ഭാഷയിൽ കാലത്തിൻെറ ഈ സമ്മിശ്രണത്തെ ആവിഷ്കരിക്കാൻ വലിയൊരു കൂട്ടം വിദഗ്ധന്മാർതന്നെ വേണ്ടിവരും."

"ഇപ്പോരംത്തന്നെയില്ലെ, അത്തരമൊരു സംഘം?" ലാവ്രോവ് ചോദിച്ചു.

"ഉവ്വ്." പ്രൊഫസർ മന്ദസ്മിതത്തോടെ പറഞ്ഞു. "നിശ്ചയമായുമുണ്ട്. പ്രവർത്തനത്തിനു് അരയും തലയും മുറുക്കി നിൽക്കുകയാണ് അവർ."

കിനെഷ്മക്കു സമീപം വച്ച് കപ്പൽ ഒരു നീണ്ട ചങ്ങാടക്കൂട്ടത്തെ കടന്നു പോയി.

സുരക്തമായ ഒരു കാററു കനം കുറഞ്ഞ മേഘത്തുണ്ടുകളെ ആകാശത്തിലൂടെ അതിവേഗം പായിച്ചു. അവയുടെ നിഴലുകരം നദിയുടെയും പാറക്കെട്ടുകളെ വെള്ളത്തിലാഴ്ത്തിയിരുന്ന കരകളുടെയും മുകളിലൂടെ പായുകയായി. ആ നിഴലുകളെ അനുധാവനം ചെയ്തു വന്ന സൂര്യപ്രകാശത്തിൻെറ തിളക്കം സകലവസ്തുക്കളേയും ഉജ്ജ്വലവും പ്രഭാപൂർണ്ണവുമാക്കിത്തീർത്തു. കടൽക്കാക്കകരം തണലിൽനിന്നു്പെട്ടെന്നു് ഒരു ഗൗരവകാന്തിയോടെ പ്രത്യക്ഷപ്പെട്ടു് വീണ്ടും ഇരുളിലേക്കുതന്നെ മുങ്ങാംകുഴിയിട്ടിരുന്നു. മറെറാരിക്കൽ, അകലെയുള്ളൊരു വീട്ടിലെ കൊടി-ഗ്രാമസോവ്യററായിരിക്കാം അതു്-തെളിഞ്ഞു കാണും. അടുത്ത

TAYAM PUBLIC LIBR

ക്ഷണത്തിൽ ഗ്രീഷ്മകാലത്തെ മഴയേററു നനഞ്ഞിരുന്നോ. എന്നു തോന്നും വണ്ണം, പയിൻ കൂട്ടത്തിൻെറ ഹരിതകാന്തി സൂര്യപ്രകാശമേററു തിളങ്ങും. അതിനും ശേഷം കടും പച്ചത്തുണി കൊണ്ടു ആച്ഛാദിതമാവും ആ പയിൻ കാടുകൾ. അവയുടെ പതിഞ്ഞ ശബ്ദത്തിലുള്ള മൂളൽ കപ്പലിൻെറ അടുത്തെത്തുകയും ചെയ്യും.

കപ്പൽച്ചാലിൽ നിന്നു തെറിച്ച വെള്ളത്തുള്ളികൾ സമീപത്തുകൂടി കടന്നു പോകുന്ന ചങ്ങാടങ്ങളിൽ വീണു. ഉരുക്കുകമ്പികൾ കൊണ്ടു കൂട്ടിക്കെട്ടിയിട്ടുള്ള വലിയ പയിൻ തടികളിൽ ബോട്ടുഹുക്കുകളും പിടിച്ചുകൊണ്ടു നില്ക്കുകയാണ് ചില യുവതികൾ. അവർ എന്തോ വിളിച്ചു പറഞ്ഞു. അവരുടെ പ്രസന്നവും സൂര്യരശ്മികളേററ് ഇരുണ്ടതുമായ മുഖങ്ങളിലെ മനോഹരങ്ങളായ പല്ലുകൾ തിളങ്ങിക്കാണാമായിരുന്നു. കാററ് അവരുടെ ശബ്ദത്തെ അകലെയെങ്ങോ എത്തിച്ചു; അവരുടെ വർണ്ണമോഹനങ്ങളായ തുവാലകളും പാവാടകളും കാറേററുലഞ്ഞു. അവരുടെ വടിവൊത്ത കാലുകൾ അനാവൃതങ്ങളായി.

കപ്പലിൻെറ വക്കത്തു നില്ക്കുകയായിരുന്നു സാഷാ. "ഹേയ്, എന്താണ് വിശേഷം?" കൈയിലുണ്ടായിരുന്ന പിച്ചളകൊണ്ടുണ്ടാക്കിയ ഉച്ചഭാഷിണിയിലൂടെ അവൾ വിളിച്ചു ചോദിച്ചു.

"കൊള്ളാം." തുവാലകൾ വീശി ചങ്ങാടത്തിലെ പെൺകിടാങ്ങൾ ഒന്നിച്ചു വിളിച്ചു പറഞ്ഞു.

"എങ്ങോട്ടാണ്?"

"സ്റ്റാലിൻഗ്രാഡിലേക്ക് ഞങ്ങൾ പോകട്ടെ. താമസിയാതെ വീണ്ടും കാണാം."

അവർ സാഷയെ കണക്കാക്കുന്നതു് തങ്ങളുടെ കൂട്ടത്തിൽപ്പെട്ട ഒരുവളായിട്ടാണ്. വോൾഗയിലെവിടെയും സുപരിചിതയായിരിക്കാം അവൾ. അതു സ്വാഭാവികം തന്നെ. ആ ഭാഗങ്ങളിൽ സ്ത്രീപൈലററുകൾ നന്നെ ചുരുക്കമാണല്ലോ. ലാവ്രോവ് വിചാരിച്ചു.

അന്നുരാത്രി ലാവ്രോവ് സാഷയോട്ട് പരാതി പറഞ്ഞു. ആ ചിത്രം വരച്ചാൽക്കൊള്ളാമെന്നുണ്ടായിരുന്നു-നിഴലും വെളി ച്ചവും മാറി മാറി വീണുകൊണ്ടിരിക്കുന്ന കാററുള്ള ഒരു ദിവസം ചങ്ങാടത്തിൽ സഞ്ചരിക്കുന്ന ആ പെൺ കിടാങ്ങളുടെ ചിത്രം— അവർ പെട്ടന്നാണ് അടുത്തു കൂടി കടന്നുപോയതു്. അതുകൊ ണ്ടു് ബാഹ്യരേഖകൾ പോലും വരച്ചെടുക്കാൻ കഴിഞ്ഞില്ല.

"ഒരു നിമിഷം കപ്പൽ നിശ്ചലമായിരുന്നില്ലേ?" തമാശ മട്ടിൽ അയാൾ ചോദിച്ചു.

"ഇല്ല; വല്ലാസിമീർ പെട്രോവിച്ച്. എനിക്കു് എങ്ങനെ സാധിക്കും?"

"എങ്ങനെ സാധിക്കുമെന്നോ? ഹോ, നിങ്ങളുടെയൊക്കെ ഹൃദയം വെറും യന്ത്രമാണു്. സൗന്ദര്യത്തെപ്പററി വിചാരമേ യില്ല."

"അതു ശരിയല്ല" സാഷാ വാശിയോടെ പറഞ്ഞു. "ഞങ്ങ ൾക്കും സൗന്ദര്യം കാണാനുള്ള കഴിവുണ്ടു്. പക്ഷേ നിങ്ങൾ ഞങ്ങളുടെ വീക്ഷണഗതികൂടി മനസ്സിലാക്കണമെന്നേയുള്ളു."

"എന്തു മനസ്സിലാക്കാൻ?"

"ശരി, ഇന്നാട്ടിലെ ഗതാഗതത്തെക്കുറിച്ചൊന്നു ചിന്തിച്ചു നോക്കു,എത്രസങ്കീർണ്ണമാണതു്?തീവണ്ടിയുടെയും കപ്പലിൻെറയും വിമാനത്തിൻെറയും വഴികൾ — സമയത്തെ സംബന്ധിച്ചിട ത്തോളം ഓരോന്നും മററൊന്നിനോടുബന്ധപ്പെട്ടു നിൽക്കുന്ന ഭീമമായ കെട്ടുപാടുകൾ. ജീവിതം ശാന്തമായും ക്രമമായും മുന്നോട്ടുനീങ്ങണമെങ്കിൽ അവ ക്ലോക്കുപോലെ ചലിക്കണം. അതു നിങ്ങളുടെ കണ്ണിലും സൗന്ദര്യമാകുന്നില്ലേ?"

"ഹും, ഇപ്പറഞ്ഞതിൽ കുറച്ചർത്ഥമുണ്ടു്." ലാവ്രോവ് സമ്മതിച്ചു. "ഞാൻ അതു് ആലോചിച്ചില്ല."

കപ്പൽ വലതുവശത്തു പൊന്നൊളികലൻന്ന ചെങ്കുത്തായി ഉയൻന്ന നിൽക്കുന്ന കുന്നുകളെ കടന്നുപോയി. ചെന്തളിര

ണിഞ്ഞ മരത്തലപ്പുകൾകൊണ്ടു പകുതി മറഞ്ഞു നില്ക്കുക യാണ് വൈദ്യുതസ്തംഭങ്ങൾ. ലാവ്രോവ് വിചാരിച്ചു—ഒരു പക്ഷേ, വിദ്യുച്ഛക്തി ചരിക്കുന്നതിൻെറ നീലപ്രകാശം കണ്ടാ യിരിക്കാം—വലിച്ചുകെട്ടിയിട്ടുള്ള കമ്പികൾക്കു് തങ്ങളുൾ ക്കൊള്ളുന്ന വിദ്യുൽപ്രവാഹത്തിൻെറ ഫലമായി നീലിമ ബാധിച്ചിട്ടുണ്ടെന്നു്.

ഇടയ്ക്കിടയ്ക്കു പാടലവർണ്ണമോ സ്വർണ്ണവർണ്ണമോ കലന്നതായി തോന്നുന്ന മൂടൽമഞ്ഞിൽ മുഴുകി, ഇടതുവശത്തെ തീരം. ചില പ്പോൾ അതിനു നീലിമയും നീലാരുണിമയുമാണു കാണുക. മററു ചിലപ്പോൾ കടും നീലവർണ്ണമോ കാഷായവർണ്ണമോ ആയി രിക്കും. മൂടൽ മഞ്ഞിൽ നിഴലെന്നവണ്ണം നില്ക്കുന്ന കാടുക ളായിരിക്കാം അതിനു കാരണം. ആ ചിത്രകാരൻ മനസ്സി ലാക്കി. അസ്തമയ സൂര്യൻെറ കിരണവാസികളേററ മേഘ ങ്ങളായിരിക്കാം; കുത്തനെയുള്ള തീരങ്ങൾ വലുതായി പ്രത്യ ക്ഷപ്പെടുന്നതുകൊണ്ടാവാം. അല്ലെങ്കിൽ, മൂടൽ മഞ്ഞിനാൽ ആവൃതമായ നഗരത്തിലെ മണിമാളികകളായിരിക്കാം.

ഒരു ദിവസം ക്യാപ്ററൻെറ ഇരിപ്പിടത്തിനടുത്തൊരി ടത്തു വരയ്ക്കാൻ തയാറായി ഇരിക്കുകയായിരുന്നു ലാവ്രോവ്. മററു യാത്രക്കാരിൽനിന്നൊഴിഞ്ഞുമാറുന്നതിനാണയാൾ അവിടം തെരഞ്ഞെടുത്തതു്. വായുവും മൂടൽ മഞ്ഞും വർണ്ണശബളമായ വെള്ളവും സുവർണ്ണദൃശ്യങ്ങളും കലന്ന ഈ ഒതുങ്ങിയ ലോകത്തെ വീതിയുള്ള രേഖകളിലൂടെ അതിവേഗം അയാൾ ആലേഖനം ചെയ്തു.

സാഷാ തൻെറ ഔദ്യോഗിക സ്ഥാനത്തു് ഇരിക്കുകയായി രുന്നു. സാഷാ അസ്വാസ്ഥ്യത്തോടെ ആദ്യം, അയാളുടെയും പിന്നീടു ആകാശത്തിൻെറയും നേരെ നോക്കി. സന്ധ്യ അതി വേഗം അപ്രത്യക്ഷമാവുകയാണ്; എല്ലാ മനോഹാരിതയും മാച്ചു കളഞ്ഞുകൊണ്ടു്. വൈവിധ്യമില്ലാത്ത, ഒരു ചാരവർണ്ണം മാത്രമേ

അവശേഷിക്കുകയുള്ളു. ഇതായിരുന്നു അവളെ വിഷമിപ്പിച്ചിരുന്നതു്. "ഹോ, തീരെ തണുപ്പനാണിയാൾ" അവൾ വിചാരിച്ചു. "അതൊരിക്കലും പൂർണ്ണമാകുമെന്നു തോന്നുന്നില്ല."

അവൾ ഒരു കയർപിടിച്ചു വലിച്ചു. തന്റെ വഴിമുറിച്ചു പോകുന്ന വഞ്ചിക്കു മുന്നറിയിപ്പു നല്കാനായി കപ്പൽ നീണ്ടു നീണ്ടു നിൽക്കുന്ന കാഹളസ്വരം ഉയർത്തി.

കപ്പൽ അടുത്തെത്തി. ഒരു യുവതി കപ്പലിനെത്തന്നെ ഉററുനോക്കി നിൽക്കുന്നതു ലാവ്രോവ് കണ്ടു. അവളുടെ ജാക്കററ് ബട്ടണിടാതെ തുറന്നു കിടക്കുകയാണ്. ശരൽക്കാലത്തെ തളിരിലകളുണ്ടു് അവളുടെ കൈയിൽ. വെയിലേററ നിറം പകന്ന ഒരു യുവാവ് പങ്കായത്തിനടുത്തിരുന്നു കപ്പലിന്റെ ഗതി വീക്ഷിക്കുകയായിരുന്നു. ഇലകളുടെ പ്രതിഫലനം വെള്ളത്തിൽ തുള്ളിക്കളിച്ചുകൊണ്ടിരുന്നു.

ആ സ്ത്രീ— ആകാശത്തിൽ മുന്തിരിക്കുലപോലെ തോന്നുന്ന ഒരു മിന്നിത്തിളങ്ങുന്ന മേഘം— ആ രംഗമാകെത്തന്നെ— പ്രശാന്തവും തന്റെ അത്ഭുതകരവുമായ രാജ്യത്തിൽ ആധിപത്യം പുലർത്തുന്ന സമാധാനവും വഹിച്ചുനിൽക്കുന്നതായി ലാവ്രോവിനുതോന്നി. തന്മൂലം സാഷയെ ലക്ഷ്യമാക്കി കോപത്തോടെ നോക്കാതിരിക്കാനും നെടുവീർപ്പുടക്കുവാനും അയാൾക്കു കഴിഞ്ഞില്ല.

അവൾ കപ്പൽ നിർത്തുമെന്നുകരുതി തെല്ലിട തൂലികയും ഉയർത്തിപ്പിടിച്ചു് അയാൾ കാത്തിരുന്നു. പക്ഷേ, ഉറച്ചതും കഠിനവുമായ ഒരു ഭാവമാണ് അവളുടെ മുഖത്തു്.

വളരെ വേഗത്തിൽ ആ വഞ്ചി പിന്നിലായി. സന്ധ്യയിൽ ചാഞ്ചാടിയിരുന്ന അതിലുണ്ടായിരുന്ന ഇലകൾ സൂര്യന്റെ അവസാന കിരണത്തെ ആവാഹിച്ചെടുക്കുകയായിരുന്നു. അവയുടെ സുവർണ്ണകാന്തിയെ തുടച്ചുമായ്ക്കുവാൻ ഇരുട്ടിനു സാധിച്ചില്ല.

ഛായപ്പെട്ടി പെട്ടെന്നടച്ചു ലാവ്രോവ് തന്റെ മുറിയിലേക്കു യാത്രയായി. കപ്പിത്താന്റെ സ്ഥാനം കടന്നുപോകുമ്പോഴും അയാൾ സാഷയെ നീട്ടിവലിച്ചൊന്നു നോക്കാതിരുന്നില്ല. അവൾ ആകെ തുടുത്തുപോയി; വിദൂരതയിൽ കണ്ണുകൾ ഉറപ്പിക്കുകയും ചെയ്തു.

"അങ്ങനെ രക്ഷപ്പെടാമെന്നു കരുതണ്ട." ലാവ്രോവ് വിചാരിച്ചു. "നമുക്കു പിന്നെകാണാം."

എന്താണവളോടു പറയേണ്ടതു്? മുറിയിൽ ചെന്നതിനുശേഷം അയാളുടെ ആലോചന മുഴുവൻ അതായിരുന്നു— ഒന്നാന്തരം ശകാരമായിരിക്കണം അതു്. പക്ഷെ അന്നു വൈകുന്നേരം സാഷയെ കാണുവാൻ കഴിഞ്ഞില്ല അയാൾക്കു്. തന്റെ പാറാവിനുശേഷം അയാൾ ഉറങ്ങുകയായിരുന്നിരിക്കാം. പെട്ടെന്നു അയാളുടെ ശകാരം പഴഞ്ചനായിതോന്നി. തികച്ചും മൗഢ്യമാകുമായിരുന്നു അതു്. എന്താണയാൾ ആഗ്രഹിച്ചതു്— ജീവിതം തനിക്കുവേണ്ടി നിശ്ചലമായി നിൽക്കണമെന്നല്ലേ? അതൊരിക്കലും നടക്കാൻപോകുന്നില്ല. നാം ഭാവിയെന്നു വിളിക്കുന്ന ആ ചക്രവാളത്തിലേക്കു വിശാലമായൊരു പ്രവാഹമായി അതെന്നെന്നും ഒഴുകിക്കൊണ്ടിരിക്കും. പിന്നിലായിപ്പോയാൽ ആ നദി കണ്മുന്നിൽനിന്നു മറ ഞ്ഞുപോകും. നാം ഒററപ്പെട്ടും "എന്തായാലും, അവളുടെ നിലയാണു ശരി." അവസാനം ലാവ്രോവ് വിചാരിച്ചു. "അവളോടു കോപിക്കാൻ യാതൊരവകാശവും എനിക്കില്ല."

ശരൽകാലാന്ധകാരത്തിൽ വിളക്കുകൾ മിന്നിത്തിളങ്ങികൊണ്ടിരുന്നു. നനവാന്ന പുതുമയെ ഉദ്ധരിച്ചുകൊണ്ടു് വോൾഗയെന്ന കറുത്ത രക്ഷസ്സു് രാത്രിയുടെ മടിത്തട്ടിലേക്കു സ്ഫടികസദൃശമായ ഓളങ്ങളോടെ ഒഴുകിക്കൊണ്ടിരുന്നു. വിളക്കുകളുടെ പ്രതിബിംബത്തെ അതു വല്ലാത്ത രൂപങ്ങളായി വലിച്ചു

നീട്ടുകയും ക്ഷണം ക്ഷണമായി മറിക്കുകയും ചെയ്യുന്നുണ്ടായിരുന്നു.

*   *   *   *

ഡിസംബറിൽ ട്രെറ്റ്യാ കോവ് ഗാലറിയിൽവച്ചു നടക്കാറുള്ള വാർഷിക ചിത്രപ്രദർശനം കാണുവാൻ സാഷ പോകുകയുണ്ടായി. സായാഹ്നം. മഞ്ഞുപൊഴിയുന്നുണ്ടായിരുന്നു. ചെറിയ മെഴുകുതിരികൾകൊണ്ടു ജാലകങ്ങൾ കത്തിജ്ജ്വലിക്കുന്നതായി തോന്നി. ഏതോ ഹേമന്ത മഹോത്സവത്തിനു കൊളുത്തിയതായിരുന്നു അവ.

ലാവ്രോവിന്റെ ചിത്രം അന്വേഷിച്ചുകൊണ്ട് സാഷാ ഏതാണ്ടു നിർജ്ജനമായിക്കഴിഞ്ഞിരുന്ന ആ ഹാളിലൂടെ അതിവേഗം നടന്നു. ദൂരെനിന്നുതന്നെ അവൾക്കതു കാണാൻ കഴിഞ്ഞു. വികാരോദ്വേഗത്താൽ വീർപ്പടക്കി അവൾ സ്തംഭിച്ചു നിന്നുപോയി.

നദിയിലെ ആ മനോഹരമായ സായാഹ്നത്തെ സ്വാംശീകരിക്കാനും അതിൽ അവൾ കണ്ടതിലുപരിയായൊരു ലോകം കണ്ടെത്തുവാനും സഹായകമാകത്തക്കവണ്ണം എന്തു ശക്തിയാണ് അല്പഭാഷിയും പലപ്പോഴും മര്യാദകുറഞ്ഞവനുമായ ഈ മനുഷ്യനുള്ളത്? ഏതാണ് ആ ശക്തി? വാസനയാണോ? ദേശസ്നേഹമാണോ? അതോ അവ രണ്ടുമോ?

ചിത്രത്തിലേയ്ക്കു കൂടുതൽ നോക്കും തോറും ലാവ്രോവിനോട് കൃതജ്ഞത രേഖപ്പെടുത്താനുള്ള ആഗ്രഹം അവൾക്കധികമായിത്തുടങ്ങി. ഒരു പക്ഷേ, അയാളുടെ ശോഷിച്ചു ചായം പുരണ്ട കൈകൾ ഭക്തിപൂർവ്വം സ്പർശിക്കുവാനും ആശ തോന്നിക്കാണും.

"ആ വഞ്ചിയും ശരൽകാലത്തെ തളിർത്തൊത്തു പിടിച്ചു നില്ക്കുന്ന യുവതിയേയും അയാൾക്കെങ്ങനെ വരയ്ക്കാൻ സാധി

ച്ചു?" സാഷാ ആലോചിച്ചു. "ഞാൻ അപ്പോഠം കപ്പൽ മന്ദ ഗതിയിലാക്കിയില്ലല്ലോ."

അവഠം അകലെ നിന്നുകൊണ്ടു് തന്നെ ആ ചിത്രം നോക്കുകയായിരുന്നു. പെട്ടെന്നു് ഒരു സന്തോഷം അവളെ ബാധിച്ചു, "വന്നതു നന്നായി" അവഠം വിചാരിച്ചു. എല്ലാം അത്രമാത്രം സുന്ദരമാണ്. അലസമായി പൊഴിഞ്ഞു വീണുകൊണ്ടിരിക്കുന്നതും മുഖത്തു വന്നു മുട്ടുന്നതുമായ ഈ മഞ്ഞുപോലും മനോഹരമാണ്. അതെ, എല്ലാം സുന്ദരമാണ്. സകലതും."

---

# നിധി

ഒകായുടെ വടക്കുഭാഗത്തുകാണുന്ന വനപ്രദേശം 'ഉറക്കം തൂങ്ങി' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നതു്.

വളരെക്കാലം മുമ്പാണ്—മുപ്പതുകളിൽ—അർക്കാഡി ഗൈദറും ഞാനും ആ കാടുകളിൽ ഒരു പര്യടനം നടത്തുകയുണ്ടായി.

യാത്രയ്ക്കിടക്കു പലപ്പോഴും 'ഉറക്കംതൂങ്ങി'ക്കാടുകളെക്കുറിച്ചു ഞങ്ങൾ സംസാരിച്ചു. പ്രസിദ്ധമാണല്ലോ ആ പേരു്. റഷ്യൻ ഭാഷയുടെ ഔചിത്യം! ഞങ്ങൾക്കു് അത്ഭുതം തോന്നി. കാരണം തഴച്ചുനിന്നിരുന്ന ആ കാടുകൾ ആരുടെയോ താരാട്ടുകേട്ടു് ഉറങ്ങിയപോലെയാണു തോന്നുക. കാട്ടിൽ മാത്രമല്ല, തടാകങ്ങളിലും കലങ്ങിയ വെള്ളത്തോടെ അലസഗമനം ചെയ്യുന്ന നദികളിലും തങ്ങിനിൽക്കുകയാണു നിശ്ശബ്ദത. ലിച്ച്നിസ് ചെടികളാണ് അവയുടെ തടങ്ങളിൽ മുഴുവൻ. 'ഉറക്കക്കുട്ടന്മാർ! അവിടത്തെ കുററിക്കാട്ടുകൾക്കിണങ്ങിയ ചെടിയാണവ. അവയുടെ തലപ്പുകൾ ഭൂമിയെനോക്കി നിരുന്മേഷമായി കുനിഞ്ഞുകൊണ്ടിരുന്നു.

അവിടവിടെയായി വിശാലമായ തരിശുഭൂമികളാണ്. ചിലേടം കാട്ടുതീ നിമിത്തം നശിച്ചിരിക്കുന്നു. വേറെ ചിലഭാഗങ്ങളിൽ കാററററു നിലംപതിച്ച മരക്കൊമ്പുകൾ കുമിഞ്ഞുകൂടി കിടക്കുന്നു. ചതുപ്പുനിലങ്ങളിൽനിന്നു പൊരുണ്ടുയരുകയാണു, കുളിരാന്ന ആവിപടലം. കൊതുകും കാട്ടീച്ചയും എവിടെയും പറന്നുകൊണ്ടിരുന്നു. അവയുടെ ശബ്ദംകൊണ്ടു മുഖരിതമാണ് അന്തരീക്ഷം, കാടിൻെറ കുറെഭാഗം നിശ്ശേഷം നശിപ്പിച്ചുകഴി

ഞ്ഞിരുന്ന പ്രാണികളും മററും. മററു ഭാഗങ്ങളിലെങ്ങും ചിലന്തി വലകൾ പിണഞ്ഞുകൂടിയിരിക്കുകയാണ്.

വിഗണിക്കപ്പെട്ടിരിക്കുന്ന ഈ ഭൂഭാഗങ്ങളെ വേണ്ടപ്രകാരം കൈകാര്യം ചെയ്യാൻ സോവിയററു് ഗവണ്മെൻറ് താമസിയാതെ സമയം കണ്ടെത്തുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. അങ്ങനെ, നഷ്ടമായിക്കൊണ്ടിരുന്ന പ്രകൃതിസമ്പത്ത് മുഴുവൻ മനുഷ്യൻ നേടുമെന്നും ഞങ്ങൾ വിശ്വസിച്ചു.

കാട്ടിൽ വെട്ടിത്തെളിച്ച ഒരു ഭാഗം 'സർക്കാർ തോട്' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നതു്. അവിടെ സൂചിപ്പുല്ലുകൾ സമൃദ്ധമായി വളർന്നു നിന്നിരുന്ന ഒരു തോടിൻെറ — ഇതു തന്നെയാണ് 'സർക്കാർ തോട്'— ആ പ്രദേശത്തിനാകെ ഒരു പേരുണ്ടാവാൻ കാരണവും അതുതന്നെയാണ്—കരയിൽ വളരെ ചെറിയ ഒരു വീടു കാണാം.

ആ വലിയ ചതുപ്പു നിലത്തെ വെള്ളം ഒലിച്ചു പോകുന്നതിനായി കഴിഞ്ഞ നൂററാണ്ടിൻെറ ഏഴാം ദശകത്തിൽ കുഴിച്ചതാണ് ആ തോട്. പക്ഷേ അതിൻെറ നിർമ്മാണകർ ശരിയ്യൊന്നുമല്ല പ്രവർത്തിച്ചിട്ടുള്ളതു്. അതുകൊണ്ടു്, ആ ചതുപ്പു നിലത്തിലെ വെള്ളം ഒരിക്കലും വാർന്നു പോകുകയുണ്ടായിട്ടില്ല. ആ പ്രദേശത്തിലെ ഭൂവുടമകളുടെ പരാജയത്തിൻെറ സ്മാരകമാണ് ആ തോട്.

വേനൽക്കാലത്തു് ആ വീട്ടിൽ ടാരുണ്ടാകുന്നവരാണ താമസിക്കാറുള്ളതു്—വൃദ്ധനായ വാസിലിയും, അയാളുടെ പൗത്രനായ ടിഷായും. ഒമ്പതു വയസ്സുണ്ടു് അവനു്.

ഒരിക്കൽ ഞങ്ങൾ വാസിലിയുടെകൂടെ ഒരു ദിവസം കഴിച്ചുകൂട്ടി. അന്തിയണഞ്ഞു തുടങ്ങിയിരുന്നു. മഞ്ഞനിറത്തിലുള്ള ഒരു മൂടൽ മഞ്ഞു് ആ പ്രദേശത്തെ ആശ്ലേഷിച്ചിരിക്കുകയാണു്. പുൽച്ചാടികൾ ശബ്ദിക്കുകയും കരപററിയ മരത്തണ്ടുകളിൽ ചാടി നടക്കുകയും ചെയ്തുകൊണ്ടിരുന്നു. ചുള്ളിക്കാടുകൾക്കു

പിറകിൽ പ്രകാശം കുറഞ്ഞു കുറഞ്ഞു സൂര്യൻ മറയുകയായിരുന്നു. തോട്ടിൽ പരൽമീനുകൾ വാലിട്ടടിക്കുകയും എലികൾ കരയുകയും ചെയ്യുന്നുണ്ടായിരുന്നു.

ആ വീടിന്റെ ചുമരിൽ ഒരു മങ്ങിയ ശിലാലേഖ തൂക്കിയിട്ടിരുന്നു: 'ഹേമന്ത രാജധാനി കരസ്ഥമാക്കാൻ.'

ഞങ്ങളുടെ കൈയിൽ കുറച്ചു റസ്കും പഞ്ചസാരയുമുണ്ടായിരുന്നു. ചായ തയാറാക്കുവാൻ വാസിലി ടിഷയോടു പറയുകയും ചെയ്തു.

ചായ കുടിച്ചുകൊണ്ടിരിക്കുമ്പോൾ, കുപ്പായക്കൈകൊണ്ട് നെററിയിലെ വിയർപ്പു തുള്ളികൾ ഒപ്പിക്കളഞ്ഞു് വാസിലി പറഞ്ഞു.

"ഞങ്ങളുടെ പണിക്കു് ഒരു ഗുണമുണ്ടു്. വളരെ പ്രായമെത്തുന്നതുവരെ ജീവിച്ചിരിക്കാം. ആരോഗ്യമുണ്ടു്, ടാർ വാററിയെടുക്കുന്ന ഞങ്ങൾക്കു്. എന്താണ് കാരണമെന്നോ? ഞങ്ങൾ ടാറു കൊണ്ടു കുതിർന്നിരിക്കയാണ്. ഒരൊററ രോഗത്തിനും ഞങ്ങളെ പിടികൂടാനാവില്ല—കൊതുകുകൾ പോലും അകന്നു മാറിക്കളയും. ഒരു കാര്യം തീർച്ച, കുറെ കടന്നുചെന്നു് ആലോചിക്കയാണെങ്കിൽ, ജീവിതത്തെസ്സംബന്ധിക്കുന്നതൊന്നും കാര്യമായി കാണുകയില്ല. ടാറും കൽക്കരിയും തരിശുഭൂമികളും പുകയും മാത്രം. അതെ, അതുതന്നെ—തരിശുഭൂമി!" ഇതാവർത്തിച്ചുകൊണ്ടു് അയാൾ ടാറു വീണ കറുത്ത വിരലുകൾ കൊണ്ടു് വളരെ ജാഗ്രതയോടെ വെളുവെളുത്ത പഞ്ചസാര എടുത്തു.

"ഇതെന്നും തള്ളിക്കളയപ്പെട്ടിട്ടുള്ള ഒരു സ്ഥലമാണ്. സർക്കാർ ഞങ്ങളെ മറന്നു കളഞ്ഞുവെന്നു തോന്നുന്നു."

''ഒരു പക്ഷേ നമ്മുടെ ഊഴമായിട്ടുണ്ടാവില്ല.'' ടിഷ അഭിപ്രായപ്പെട്ടു.

"ആകട്ടെ, മോസ്കോവിലേയ്ക്കു് വിളിച്ചു വരുത്തി എന്റെ അഭിപ്രായമൊന്നു് അവർ ചോദിക്കട്ടെ. എനിക്കു് ഏറെപ്പറ

യാനുണ്ട്. അതൊന്നു സൗകര്യപ്പെടുത്താമൊ, അർക്കാഡി പെട്രോവിച്ച്? മോസ്കോവിലേയ്ക്കു ചെറിയ തോതിൽ ഒരു യാത്ര?

"അതത്ര എളുപ്പമൊന്നുമല്ല." ഗൈദർ പറഞ്ഞു. "പോരാ തെ, ഇവിടെ നിങ്ങൾ ഒരു പ്രമാണിയായിരിക്കാം. പക്ഷേ മോസ്കോവിൽ വച്ച് നിങ്ങളിൽ നിന്നൊരു വാക്കു പുറത്തേയ്ക്കു വലിച്ചെടുക്കാൻ സാധിക്കില്ല, കാട്ടുകുതിരകൾക്കു പോലും."

"അതു ശരിയല്ല." ട്രിഷാ എതിർത്തു "അപ്പൂപ്പനു നല്ല ധൈര്യമുണ്ട്."

"നന്നായി, ട്രിഷാ! അങ്ങനെ അപ്പൂപ്പനു വേണ്ടി വാദിക്കു" വാസിലി ഉറക്കെ പറഞ്ഞു.

"ശരി, മോസ്കോവിൽ ചെന്നാൽ എന്താണു പറയാൻ പോകുന്നതു്?" ഗൈദർ ചോദിച്ചു.

"ആദ്യംതന്നെ ഈ കാടിനെക്കുറിച്ചുള്ളതെല്ലാം. എന്തൊരു കാടാണിതു്! അസ്തമയമാകുമ്പോൾ ഏതെങ്കിലുമൊരു കുന്നിൻ പുറത്തുകയറിനിന്നു നോക്കു. മൂടൽമഞ്ഞു് ക്രമേണ ഉയർന്നു വരുന്നതു കാണാം. ഒരു സാധാരണ കടലിനെപ്പോലെ, ഈ കാടു് ആകാശത്തിൻെറ അറ്റക്കലേക്കു നീങ്ങി നീങ്ങിച്ചെല്ലുന്നതും കാണാം. അതു മതി, നിങ്ങൾ താച്ചു നിന്നുപോകാൻ. വളരെയധികം ഉണങ്ങിയ മരങ്ങൾ ഇവിടെയുണ്ടെന്നും സമ്മതിക്കാം. കേടുവന്ന കാടുകൾ മരങ്ങൾ കാൻതിന്നുന്ന പല തരം ജന്തുക്കളുടെ ഈററില്ലം. ഇനി ഇവിടത്തെ കായലിൻെറ കാര്യം—ഓക്കുമരങ്ങൾ വീണടിഞ്ഞു കിടക്കുകയാണതിൽ. ഒഴിഞ്ഞഭാഗമേയില്ല. ചെറിയ ഒരു വഞ്ചിപോലും അതിലൂടെ ഒഴുകുകയില്ല, അവയിൽച്ചെന്നു തടയാതെ. ആ ഓക്കുതടികളുടെ താഴെ മുഴുവൻ കരിമീനുകളാണു്—ഓരോന്നിനും ഈ തട്ടത്തിൻെറ വലിപ്പം കാണും!" വാസിലി ലോഹനിർമ്മിതമായ ആ തളിക ചൂണ്ടിക്കാണിച്ചു. ചായക്കോപ്പ അതിലി

രുന്നു ദുഃഖാത്മകമായ ഒരു ഗാനം പുറപ്പെടുവിക്കുകയായിരുന്നു.

"ഈ ചതുപ്പുനിലത്തിലെ പുല്ലിനു കണക്കില്ല! നദികളിൽ മുഴുവനും നൊമ്പനും നീർനായ്ക്കളും ഐഡുകളുമാണു്. പക്ഷേ, കാടുകൊണ്ടു് എല്ലാമായില്ലല്ലോ. ഒകായുടെ തീരത്തു നൂറുകണക്കിനു നാഴിക നീണ്ടുപരന്നുകിടക്കുന്ന മൈതാനങ്ങൾ നോക്കു. പൂവിട്ടാൽ, ആ മണം ആസ്വദിച്ചു തൃപ്തിയാവില്ല, ആർക്കും. എന്നാൽ, ഈ മൈതാനങ്ങളിലെ പുല്ലുപോലും മോശമായി വരികയാണു്. എനിക്കതറിയാം. ഉയന്ന കളകളും ഹോതോണും വില്ലോ തൈകളും സ്ഥാനം പിടിച്ചുകൊണ്ടിരിക്കുകയാണു്. അങ്ങനെ ഈ പ്രദേശമാകെ നശിച്ചുപോവുകയാണു്. പക്ഷേ ഒന്നു തൊട്ടുനോക്കു, അതൊരൊന്നാംതരം സ്വർണ്ണഖനിയായിത്തീരും."

അടുത്തദിവസം നന്നേ രാവിലെ ഞങ്ങൾ എഴുന്നേററു. എങ്ങും പ്രശാന്തത. മേല്പുരയിൽ നിന്നു് മറിച്ചിട്ട ഒരു പാത്രത്തിന്റെ പുറത്തു മഞ്ഞുതുള്ളികൾ വീഴുന്ന ശബ്ദം കേൾക്കാമായിരുന്നു.

സൂര്യൻ ഉദിച്ചുപൊങ്ങിയതേയുള്ളു. തലേന്നു വൈകുന്നേരം കണ്ടതുപോലുള്ള മൂടലൊന്നുമില്ല, ഇപ്പോൾ. നല്ല തെളിച്ചമുണ്ടു്. ഒരു രാത്രിയിലത്തെ ഒന്നാന്തരം വിശ്രമത്തിനുശേഷം ഉണ്ടാകുന്ന അനുഭവം തന്നെ.

കുളിക്കണം. ഞങ്ങൾ അതിനു പററിയ ഒരിടം നോക്കി തോടിന്റെ കരയിലൂടെ നടന്നു.

"നിൽക്കു." പെട്ടെന്നു ഗൈദർ പറഞ്ഞു. "അവിടെ ആ പൊന്തയ്ക്കുപ്പുറത്തു കാണുന്നതെന്താണു്?"

"അതു്" എഴു വയസ്സുള്ള ഒരു ബാലികയായിരുന്നു. ഞങ്ങളെ കണ്ടപ്പോൾ ഒരു വാടാച്ചെടിയുടെ പടപ്പിനകത്തു് അവൾ മറഞ്ഞു നിന്നു.

ഞങ്ങൾ അവളുടെ സമീപത്തേയ്ക്കു ചെന്നു. കാതരവും വിശാലവുമായ നീലക്കണ്ണുകൾ കൊണ്ടു്. ഞങ്ങളെ നോക്കി

പുല്ലിൽ മറഞ്ഞിരിക്കയായിരുന്നു അവൾ. വൃത്തിയുള്ള തുണി ക്കഷണം കൊണ്ടു മൂടിയ ഒരു പാൽപ്പാത്രം അവളുടെ അടുത്തു ണ്ടായിരുന്നു.

നിറം മങ്ങിത്തുടങ്ങിയ മഞ്ഞനിറത്തിലുള്ള ഒരു ഷാളും കറുത്തു നീണ്ട ഒരുടുപ്പുമാണവൾ ധരിച്ചിരുന്നതു്. ഏതെങ്കിലും ജ്യേഷ്ഠത്തി കൊടുത്തതായിരിക്കും അതെന്നു സ്പഷ്ടം.

"നീ ആരാണു്?" ഗൈദർ ചോദിച്ചു.

"ഷമൂറിനോവിൽ നിന്നു വരുകയാണു്." ചാടിയെഴുന്നേ റ്റു് അവൾ പറഞ്ഞു. ചാട്ടത്തിനിടയ്ക്കു് ഉടുപ്പു തട്ടി വീഴാനും ഭാവിച്ചതാണു് അവൾ. "ഞങ്ങളുടെ ഗ്രാമം അതാ, അവിടെ യാണു്, തോട്ടിനപ്പുറത്തു്. ആകെ ഒമ്പതു് വീടുണ്ടു്."

"ഹാ, നീ ടിഷയുടെ അനുജത്തിയാണു്, അല്ലേ?"

"അതെ. ഞാനാണു് ലിസാ. ഹേമന്ത കാലത്തു് ടിഷാ സ്കൂളിൽ പോകാറുണ്ടു്. ഫോർത്ത്ഫോമിലാണു്."

"നീയോ?"

"ഇതുവരെ പോയിട്ടില്ല. ഞാൻ കുഞ്ഞല്ലേ. ഞാൻ ദിവ സേന പാൽ കൊണ്ടുവരും. ആകട്ടെ, നിങ്ങളാരാണെന്നു പറ യാമോ?"

"ധൈര്യമുള്ള യാത്രക്കാരാണു്." ഗൈദർ പറഞ്ഞു. "എരി യുന്ന വെള്ളക്കല്ലു് അന്വേഷിച്ചു നടക്കുകയാണു്. അതിൻെറ കീഴെ മായികമായ ഒരു നിധിയുണ്ടത്രേ. നീ ആ കല്ലു കണ്ടി ട്ടുണ്ടോ?"

"ഇല്ല, ഞാൻ കണ്ടിട്ടില്ല." തെല്ലൊരമ്പരപ്പോടെ അവൾ പ്രതിവചിച്ചു. "മററാരെങ്കിലും കണ്ടുകാണും. പക്ഷേ ഞാൻ കണ്ടിട്ടില്ല. അതെങ്ങനെയിരിക്കും?"

"വലുതാകുമ്പോൾ നിനക്കു മനസ്സിലാകും."

ഞങ്ങൾ ഉടനെ അവിടംവിട്ടു. വീണ്ടും ഞങ്ങളുടെ മുമ്പിൽ നീണ്ടുനിവർന്നു കിടക്കുകയാണു് നിർജ്ജനമായ കാട്ടു

പാതകൾ. പയിൻമുള്ളുകൾ നിമിത്തം വഴവഴപ്പുള്ളവയായിരുന്ന അവ: പയിൻ തലപ്പുകൾ താളാനുസൃതമായി ആടിക്കൊണ്ടിരുന്നു. മേഘങ്ങൾ ആകാശത്തിൽ അവ്യക്തമായി ചേൎന്നുനിന്നു. മരംകൊത്തികൾ, കോപത്തോടെ ഞങ്ങളെ ഇടക്കിടക്കു നോക്കിക്കൊണ്ടു്, ഉണങ്ങിയ മരങ്ങൾ കൊത്തിമുറിച്ചുകൊണ്ടിരുന്നു.

*　　*　　*　　*

ഇതെല്ലാം ഇരുപതുകൊല്ലം മുമ്പുനടന്നതാണു്. യുഗപ്രഭാവമുള്ളവയായിരുന്നു ഈ കൊല്ലങ്ങൾ —ഇന്നു് നമ്മുടെ രാജ്യത്തിൻെറ ഒരൊററമൂലപോലും പരിവൎത്തനവിധേയമായല്ലാതെ കാണുകയില്ല.

പ്രകൃതിക്കു് ആകപ്പാടെ പരിണാമം വന്നിരിക്കുകയാണു്. ഞങ്ങളുടെ കൺമുന്നിൽ വച്ചു്തന്നെ പുതിയ കടലുകളും തോട്ടുകളും കാടുകളും തോപ്പുകളും നിൎമ്മിക്കപ്പെട്ടുകയാണു്. കാലാവസ്ഥക്കുപോലും മാററം വരുത്തിയിരിക്കുകയാണു്.

സ്വാഭാവികമായും, ഒകായ്ക്കപ്പുറത്തെ കാട്ടുപ്രദേശത്തിനു് എന്തു സംഭവിച്ചെന്നറിയാൻ വളരെ ആഗ്രഹമുണ്ടായിരുന്നു, എനിക്കു്. ഞാനും ഗൈദറും ഒന്നിച്ചു സഞ്ചരിച്ച സ്ഥലമാണല്ലോ അതു്. ഞാൻ ഒരു ലോറിയിൽ ആ തൂല്പാലത്തിൻെറ അടുത്തെത്തിയപ്പോൾ നേരം വളരെ വൈകിക്കഴിഞ്ഞിരുന്നു. പാലം തുറന്നിട്ടിരിക്കുകയായിരുന്നു ഒരു ബാൎജ്ജ് സംഘത്തെ കടത്തിവിടാൻ. ഒരു ടഗ്ബോട്ടു് അവയെ നദിയിലൂടെ വലിച്ചുകൊണ്ടുപോകുകയാണു്. അതിൻെറ തുഴകൾ വെള്ളത്തിൽ ആഞ്ഞടിച്ചുകൊണ്ടിരുന്നു. ബാൎജ്ജുകളുടെ തട്ടിൽ മുഴുവനും പുതിയ പൊബേഡാ കാറുകൾ നിറച്ചിരിക്കയായിരുന്നു.

ഞാൻ വണ്ടിയിൽനിന്നു പുറത്തുവന്നു് നദിയുടെ മറുകരയിൽനിന്നുവരുന്ന സുരഭിലമായ വായു നല്ലതുപോലെ ഉൾക്കൊണ്ടു. ആ സൗരഭ്യം അത്രമാത്രം അസാധാരണമായിരുന്നു.

"ക്ലോവറാണ് അതു്." പ്രായംചെന്ന ഡ്രൈവർ പറഞ്ഞു. "ഇവിടത്തെ മൈതാനങ്ങളിലൊക്കെ ഇപ്പോൾ ക്ലോവർ വിതച്ചിരിക്കുകയാണ്."

ക്ഷണത്തിൽ ഞങ്ങൾ ആ മൈതാനത്തിലെത്തി. ഇരുട്ടിൽ കാണാൻ കഴിഞ്ഞിരുന്നില്ലെങ്കിലും അവിടത്തെ നനഞ്ഞുകുളുത്ത പുല്ലുകളെ തിരിച്ചറിയാൻ എനിക്കു സാധിച്ചു. ഇടയ്ക്കെല്ലാം നക്ഷത്രം ഭൂമിയിൽ പ്രതിഫലിച്ചു പ്രകാശിക്കുന്നതു കാണാമായിരുന്നു. മൈതാനത്തിലെ കൊച്ചു പുഴയിൽ നിന്നാണോ അതുണ്ടാവുന്നതു്? പ്രതിഫലനമുണ്ടാക്കുന്ന കനത്ത മഞ്ഞുതുള്ളിയിൽനിന്നാണോ? ഒന്നും തീർത്തുപറയാൻ വയ്യ.

"ഇവിടെയെവിടെയോ ഒരു ടിഖോൻചെർനോവുണ്ട്. നിങ്ങൾ കണ്ടുമുട്ടാതിക്കയില്ല." ഡ്രൈവർ പറഞ്ഞു. "ഇവിടത്തെ ഡിസ്ട്രിക്ററ് എക്സിക്യൂട്ടിവ് കമ്മററിയുടെ ചെയർമാനാണ്. കേട്ടിട്ടുണ്ടോ, അദ്ദേഹത്തെപ്പററി?"

"ഇല്ല."

"സാധാരണക്കാരനൊന്നുമല്ല. പുതിയ രീതിയിൽപെട്ടവനാണ്." (ശാസ്ത്രീയമായ സൂക്ഷ്മത്തോടെ എന്തും പറയാനാണ് എൻെറ ഡ്രൈവർക്കു് ഇഷ്ടം. "ആഭ്യന്തരജ്ജ്വലനയന്ത്രം" എന്നാണയാൾ കാറിനെക്കുറിച്ചു പരാമർശിക്കുക. ചെടികളെക്കുറിച്ചാവുമ്പോൾ, "സസ്യങ്ങൾ വ്യക്തമായ പുരോഗതി പ്രദർശിപ്പിക്കുന്നു" എന്നായിരിക്കും അയാൾ പറയുന്നതു്.) "അപ്പോൾ അങ്ങു് ചെർനോവിനെപ്പററി കേട്ടിട്ടില്ല, അല്ലേ?"

"കഴിഞ്ഞ ഇരുപതുകൊല്ലമായി ഞാൻ ഈ ഭാഗത്തേയ്ക്കു വന്നിട്ടില്ല. പിന്നെയെങ്ങനെ സാധിക്കും?"

"ഗണ്യമായ ഒരു സമയമാണ് അതു്." ഡ്രൈവർ സമ്മതിച്ചു. അയാൾ തുടർന്നു: "അങ്ങനെയാണെങ്കിൽ, ഈ ഭാഗങ്ങൾ തിരിച്ചറിയാൻ നിങ്ങൾക്കു സാധിക്കുകയില്ല. ഇന്നു് നമ്മുടെ ഈ മൈതാനങ്ങളിൽ മുഴുവൻ പലതരം യന്ത്രങ്ങൾ കാണാം.

ചതുപ്പനിലം ഉഴന്നവ, കററിക്കാട്ടുകൾ മുറിച്ചുനീക്കുന്നവ, തോട്ടുണ്ടാക്കുന്നവ, പുല്ലുവിതയ്ക്കുന്നവ—എല്ലാം. മൈതാനത്തിനു വേണ്ട യന്ത്രോപകരണങ്ങൾ മുഴുവൻ ഇവിടെ സംഭരിച്ചിരിക്കയാണു. ഇതിനെയാണ് ഞാൻ വിളിക്കുക, പ്രകൃതിയുടെ പുനർനിർമ്മാണമെന്നു്!"

"പോളൃാനിയിൽ എവിടെയാണു രാത്രികഴിച്ചുകൂട്ടുക? നേരം വളരെ വൈകിയല്ലോ." കുറച്ചു സമയത്തിനുശേഷം അയാൾ പറഞ്ഞു.

വെളിച്ചംകാണുന്ന ആദ്യത്തെ വീട്ടിൽ ആ രാത്രി കഴിച്ചുകൂട്ടാമെന്നു ഞങ്ങൾ തീരുമാനിച്ചു.

ഗ്രാമത്തിൻെറ അതിർത്തിയിലേയ്ക്കു കടന്ന ഉടനെ ജാലകങ്ങളിലൂടെ വെളിച്ചം പുറപ്പെടുന്ന ഒരു കെട്ടിടം ഞങ്ങൾ കണ്ടു.

"ഓ, അതു സ്കൂളാണ്." സന്തോഷത്തോടെ ഡ്രൈവർ വിളിച്ചുപറഞ്ഞു. "ഒരു അദ്ധ്യാപികയാണിവിടെ താമസിക്കുന്നതു്. അവരും പുതിയ സമ്പ്രദായത്തിൽപെട്ടവരാണത്രേ."

ഞങ്ങൾ വാതില്ക്കൽ മുട്ടി. നീണ്ടിരുണ്ട മുടിയുള്ള ഒരു യുവതി വാതിൽ തുറന്നു. ഒഴിഞ്ഞ ആ സ്കൂൾ കെട്ടിടത്തിൽ രാത്രി കഴിച്ചുകൊള്ളുവാൻ അവൾ അനുവദിച്ചു. ഞങ്ങൾക്കു കുറച്ചു ചായയും തയ്യാറാക്കിത്തരാമെന്ന് ഏററു.

ഞങ്ങൾ ചായവേണ്ടെന്നു പറഞ്ഞു. പക്ഷേ അവൾ അതൊന്നും ഗൗനിക്കാതെ ഞങ്ങളെ തൻെറ മുറിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. വെളിച്ചത്തിൽ ഞാൻ അവളെ ഒന്നുകൂടി സൂക്ഷിച്ചുനോക്കി. ഇല്ല, മുമ്പൊരിക്കലും ഞാൻ ഇത്ര സൗന്ദര്യമുള്ള ഒരു മുഖം കണ്ടിട്ടില്ല. എനിക്കു തീർച്ചയായി. അവളുടെ അഗാധനീലിമകലർന്ന ലജ്ജാമസൃണമായ കണ്ണുകളുടെ ആകർഷകത്വം ഒന്നു വേറെയായിരുന്നു.

മേശപ്പുറത്തു ഗൈദറിൻെറ ഒരു ചിത്രം വച്ചിട്ടുണ്ട്. ഞാൻ ആ യുവതിയെ വളരെ സൂക്ഷിച്ചു നോക്കി.

"നിങ്ങൾക്കെന്നെ ഓർമ്മയില്ല, ഉവ്വോ?"

അവളൊന്നു നോക്കി നിഷേധഭാവത്തിൽ തലയാട്ടി.

"ഗൈദറിനെ ഓർമ്മയുണ്ടോ?"

"നിശ്ചയമായും!" അവൾ ഉറപ്പിച്ചു പറഞ്ഞു. "നില്ക്കണേ, 'സർക്കാർ തോടി'ൽ അദ്ദേഹത്തിൻെറ കൂടെ നിങ്ങളുണ്ടായിരുന്നു; അല്ലേ. എന്തൊരാകസ്മികസംഭവം!"

38542

"ലിസയാണ്, അല്ലേ?"

"അതെ, ലിസ. ഞാൻ കെററിൽ അടുപ്പത്തു വയ്ക്കട്ടെ. നമുക്കു കുറച്ചു സംസാരിക്കാനുണ്ടാവും. പിന്നെ, ഡിസ്റ്റ്റിക്റ്റ് എക്സിക്യൂട്ടിവ് ഓഫീസിൽനിന്നു ചേട്ടനും ഉടനെയെത്തും."

"ടിഷാ?"

"അല്ലാതെ? ചെയർമേനാണ്."

"അപ്പോൾ വേണ്ടിടത്തുതന്നെ നമ്മൾ വന്നുപെട്ടു." വിജയാഹ്ലാദത്തോടെ ഡ്രൈവർ പറഞ്ഞു.

"എത്ര നന്നായി!" ലിസ പറഞ്ഞു. അവൾ മേശയൊരുക്കുകയും ഒപ്പംതന്നെ ചിരിക്കുകയും ചെയ്യുകയായിരുന്നു. അവളുടെ മുഖമാകെ തുടുത്തു. ദ്രുതഗതിയിൽ ശ്വാസോച്ഛ്വാസം ചെയ്യുന്നുണ്ടായിരുന്നു, അവൾ. "നിങ്ങൾക്കറിയാമോ, ഗൈദർ പിന്നീട് മോസ്കോവിൽനിന്ന് എനിക്കെഴുതുകയുണ്ടായി. ആ മായാനിധിയെക്കുറിച്ചാണ്. കുഞ്ഞായിരുന്നതുകൊണ്ട് എനിക്ക് അന്നു വായിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടു ടിഷയാണ് എനിക്കുവേണ്ടി അതു വായിച്ചതു്. അതിലെനിക്ക് ഏററവു ഇഷ്ടപ്പെട്ടതു് ഇതാണ്: ഞങ്ങൾക്ക് ആ നിധി കണ്ടുപിടിക്കാൻ സാധിച്ചില്ല. അരികിലൂടെ കടന്നുപോകുന്ന ഓരോ ജന്തുവിനോടും പക്ഷിയോടും ഞങ്ങൾ അന്വേഷിക്കുകയുണ്ടായി; എന്നിട്ടും! ആ സമയത്താണ് കൂൺപറിച്ചുകൊണ്ടിരുന്ന ഒരു വൃദ്ധനെ കണ്ടതു്. വളരെ ചെറിയ ഒരാളായിരുന്നു അദ്ദേഹം. വെള്ളക്കല്ലിൻെറ താഴെ പൂഴ്ത്തിവച്ചിട്ടുള്ള നിധി എന്നൊന്ന്

ഇല്ലെന്നും ഒരിക്കലും ഉണ്ടായിട്ടില്ലെന്നും അദ്ദേഹം തീത്തുപറഞ്ഞു. ലോകത്തിൽ ശരിയായ നിധി ഒന്നേയുള്ളവെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു– നല്ലൊരു ഹൃദയം. അതുകൊണ്ടു ലിസാ, നല്ലൊരു ഹൃദയമുണ്ടായിരിക്കാൻ ശ്രമിക്കണം. ധാരാളം വായിക്കുകയും വേണം, ഏതെങ്കിലും വിഷമം അനുഭവപ്പെടുമ്പോഴെല്ലാം ഞാൻ ആ കത്തു് ഒരിക്കൽകൂടി വായിക്കും. വീണ്ടും ലോകത്തോടു് ഇണങ്ങിച്ചേരത്തക്കവണ്ണം എനിക്കു സ്വാസ്ഥ്യം കിട്ടുകയും ചെയ്യും.”

“കനിവുള്ള വാക്കിനു മനോഭാവത്തെ സാരമായി ബാധിക്കാൻ സാധിക്കും” ഡ്രൈവർ അഭിപ്രായപ്പെട്ടു.

“വാസിലിയുടെ നിലയെന്താണു്? ഇപ്പോഴുമില്ലേ?” ഞാൻ ചോദിച്ചു.

“ഇല്ല. മരിച്ചു.”

“ടാർ വാറുന്നവർ എന്നെന്നും ജീവിച്ചിരിക്കുമെന്നു ശഠിക്കാറുണ്ടായിരുന്നു അദ്ദേഹം.”

“അതങ്ങനെ പൊതുവെ പറയുമെന്നേയുള്ളു. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ സ്വന്തം ജന്മസ്ഥലത്തോളം നല്ല ഒരു ഭൂഭാഗം ലോകത്തിൽ വേറെയില്ല. ഇവിടത്തെ ഭൂമി ഒരു സ്വൎണ്ണഖനിയാണെന്നു് എപ്പോഴും പറയാറുണ്ടു്. അതു് കാണുവാൻ അദ്ദേഹം ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നെങ്കിൽ! മൈതാനത്തിലെ കുററിക്കാടുകളും പടർപ്പുകളും പിഴുതുമാററിക്കഴിഞ്ഞു; ഇപ്പോൾ ഉഴുന്നുണ്ടു്. നല്ലവളമിടുന്നുണ്ടു്; നല്ല മേച്ചിൽസ്ഥലത്തിനു പററിയ പുല്ലു് വിതയ്ക്കുന്നുമുണ്ടു്. ഇന്നു് ആ മൈതാനം തിരിച്ചറിയാൻപോലും നിങ്ങൾക്കു വിഷമമായിരിക്കും: ഒരൊന്നാന്തരം പൂന്തോട്ടം. ഒരു ജലവൈദ്യുതസ്ഥാപനമുണ്ടു് ഇന്നിവിടെ. കാടുകളാണെങ്കിൽ, വേണ്ടവിധത്തിൽ രക്ഷിക്കപ്പെടുന്നുണ്ടു്— ഉണങ്ങിയ മരങ്ങളെല്ലാം വെട്ടി മാററിയിരിക്കുന്നു; കാട്ടുതീ പടന്നു പിടിക്കാതിരിക്കാനുള്ള മാർഗ്ഗ

TAYAM PUBLIC LIBRARY KOTTAYAM

ങ്ങൾ തെളിഞ്ഞു; ശൂന്യമായിരുന്ന പ്രദേശങ്ങളിൽ പയിൻ വച്ചു പിടിപ്പിച്ചുകഴിഞ്ഞു. 'സർക്കാർ തോടി'ൽ ഒരു കാടു തന്നെ വളർന്നുയർന്നിരിക്കുന്നു-എവിടെയും കുടിലോളം ഉയരമെത്തിയ പയിൻ മരങ്ങൾ. തഴച്ചു നില്ക്കുകയാണു് അവയെല്ലാം. അതുകൊണ്ടുതന്നെ അവയ്ക്കിടയിലൂടെ നടന്നുപോകാൻ വിഷമമായിരിക്കും."

"ടിഖോൺ ഇവനോവിച്ചിനു നന്ദി" ഡ്രൈവർ ഇടയ്ക്കു കയറിപ്പറഞ്ഞു.

"അതെ, ടിഷാ കഠിനമായി അദ്ധ്വാനിക്കുന്നുണ്ടു്." ലിസാ സമ്മതിച്ചു. "ഭൂപരിഷ്കരണവകുപ്പിലെ ഒരെഞ്ചിനിയറാണു്. ഞാൻ ഒരദ്ധ്യാപികയാണിന്നു്. റഷ്യൻ ഭാഷയും സാഹിത്യവുമാണു പഠിപ്പിക്കുന്നതു്."

ഞങ്ങൾ വളരെ നേരം സംസാരിച്ചുകൊണ്ടിരുന്നു. എന്നിട്ടും ടിഷാ വന്നില്ല. പിറേറദിവസം ഞാൻ അയാളെ ഡിസ്ട്രിക്ററ് എക്സിക്യൂട്ടീവ് കമ്മിററി ഓഫീസിൽചെന്നു കണ്ടു. അനാഡംബരമായ മുറി. നിലം തുടച്ചതിന്റെ നനവു സൂര്യപ്രകാശമേററു് കുറഞ്ഞുകൊണ്ടിരിക്കയായിരുന്നു. ജനാലകൾ തുറന്നിട്ടിരുന്നു. അവയിലൂടെ കാണാമായിരുന്ന മൈതാനം ധൂമികയിലലിഞ്ഞലിഞ്ഞു ചേരുന്നതായിത്തോന്നി. അങ്ങിങ്ങായി നീർച്ചാലുകൾ അഭ്രശകലങ്ങളെപ്പോലെ മിന്നിത്തിളങ്ങുന്നുണ്ടു്.

ആ മെലിഞ്ഞ മനുഷ്യൻ ടിഷായാണെന്നു പെട്ടെന്നു തിരിച്ചറിയാൻ എനിക്കു സാധിച്ചില്ല. തോൽപ്പട്ടകളില്ലാത്ത ഒരു പട്ടാളക്കോട്ടാണു് അയാൾ ധരിച്ചിരുന്നതു്: രക്തതാരക ബഹുമതി അതിൽ തുന്നിപ്പിടിപ്പിച്ചിരുന്നു. വൃത്തിയിലുള്ള വസ്ത്രവിധാനമായിരുന്നു അയാളുടേതു്. മുഖം ഷേവുചെയ്തിട്ടുണ്ടായിരുന്നു; രാത്രിമുഴുവനും ജോലിചെയ്തിട്ടുണ്ടായിരിക്കാം അയാൾ. എന്നിട്ടും അയാളുടെ രൂപം ഇപ്രകാരമായിരുന്നു.

ടാർ വാററുന്നവനായിരുന്ന താൻ എങ്ങനെയാണു എഞ്ചിനീയറും ഡിസ്ട്രിക്ററ് എക്സിക്യൂട്ടിവ് കമ്മിററിയുടെ ചെയർമാനും ആയതെന്ന വിഷയത്തെക്കുറിച്ചൊന്നും പറയാതിരിക്കാൻ ശ്രമിക്കുകയായിരുന്നു ടിഷാ. (മററുള്ളവർക്കു് ടിഖോൺ ഇവാനോവിച്ചാണെങ്കിലും അയാൾ എനിക്കെപ്പോഴും ടിഷാതന്നെയായിരുന്നു.) "അതിൽ അസാധാരണമായി എന്തുണ്ടു്? എന്നെപ്പോലെ എത്രയോ പേരുണ്ടു്........" ഇങ്ങനെ പറഞ്ഞുകൊണ്ടു് അയാൾ എന്റെ ചോദ്യങ്ങളിൽനിന്നു് ഒഴിഞ്ഞുമാറി.

മുഖത്തു തേമലുള്ള ഒരു ദീർഘകായകൻ—ഡ്രൈവറാണയാൾ തുറന്ന ജാലകത്തിലൂടെ മുഖം കാണിച്ചു.

"ടിഖോൺ ഇവാനോവിച്ചു്" അയാൾ അപേക്ഷിച്ചു. "നമുക്കു പുറപ്പെട്ടാം. കൂട്ടിൽ കിടന്നു് അവയ്ക്കു മടുപ്പുവന്നുകഴിഞ്ഞു. ഇനി അഴികളൊക്കെ കഷണംകഷണമായി കരണ്ടു മുറിക്കും. അവയുടെ പല്ലൊന്നു കാണേണ്ടതാണ്."

"അവ നിങ്ങളെ കാർന്നുതിന്നുകയില്ല. പേടിക്കണ്ട." ടിഷാ പറഞ്ഞു. "നമുക്കു് ഉടനെ പുറപ്പെടാം." എന്റെ നേരെതിരിഞ്ഞു് അയാൾ വിശദീകരിച്ചു: "ഞങ്ങൾ വെള്ളനദിയിൽ ബീവറുകളെ വളർത്താൻ തുടങ്ങിയിരിക്കയാണ്. വൊറോണെഷിനടുത്തൊരിടത്തുനിന്നു പുതിയ കുറെയെണ്ണം വരുത്തിയിട്ടുണ്ടു്. വരുന്നോ? പഴയ സ്ഥലങ്ങളൊക്കെയൊന്നു കാണാം."

ഞാൻ സമ്മതിച്ചു. ലോറിയിൽ കയറുകയും ചെയ്തു. പെട്ടികളിൽ കടന്നിരുന്നു.

അസ്വസ്ഥമായി അങ്ങുമിങ്ങും ഓടുകയായിരുന്നു. മുരളുന്നുമുണ്ടു്. ഗ്രാമത്തിന്റെ അതിർത്തിയിലെത്തി ലോറി കാട്ടിലേയ്ക്കു കടക്കുകയും ഉറപ്പുള്ള ചരൽപ്പാതയിലൂടെ കയററം കയറാൻ തുടങ്ങുകയും ചെയ്തു.

ഇരുപതു കൊല്ലം മുമ്പു് മരങ്ങൾ വീണു് അട്ടിക്കൂടിക്കിടക്കുന്നതായിരുന്നു ആ പ്രദേശം. ഇന്നു് അവിടെ ജൂനിപ്പറും ഫലവൃക്ഷങ്ങളും തഴച്ചു വളർന്നു നില്ക്കുകയാണ്,

ശ്വസിക്കുക തികച്ചും ആനന്ദകരമായിത്തോന്നി അവിടെ. ഒരു പക്ഷേ അതുകൊണ്ടായിരിക്കാം അപ്രതീക്ഷിതമായി ടിഷാ പറഞ്ഞത്: "'വസന്തോദ്യാനത്തിന്റെ സൗരഭ്യം ഉഛ്വസിക്കുന്ന വനസാമ്രാജ്യം' എത്ര വാസ്തവം!''

ഒരു ചെറിയ കാട്ടരുവിയുടെ തീരത്തുള്ള ജലവൈദ്യുത കേന്ദ്രത്തിൽ ഞങ്ങൾ വണ്ടി നിർത്തി. സായന്തനമാരുതൻ പയിൻ തലപ്പുകളുടെ മുകളിൽ തട്ടത്തക്കവണ്ണം വീശുന്നുണ്ടായിരുന്നു. അങ്ങനെ ആ കാട്ട് സമുദ്രത്തിലെ അലമാലകളെപ്പോലെ ഇളകി മറിയുകയും ആരവമുയർത്തുകയും ചെയ്യുന്നുണ്ടായിരുന്നു. എന്നാൽ താഴെ എല്ലാം പ്രശാന്തമാണ്, കാററ് നിലത്തെത്താതിരുന്നതുകൊണ്ട്.

ഏതാണ്ട നിശ്ശബ്ദമായ രീതിയിലാണ് ആ ജലവൈദ്യുത കേന്ദ്രം പ്രവർത്തിച്ചിരുന്നത്. അണക്കെട്ടിൽ നിന്നു വെള്ളം ഇളകുന്നതിന്റെയും കെട്ടിടത്തിനകത്തു നിന്ന് ആരോ ഒരു സാഡ്ഗോ ഗാനം പാടുന്നതിന്റെയും ശബ്ദം മാത്രമേ കേൾക്കാൻ കഴിഞ്ഞിരുന്നുള്ളൂ.

"അസംഖ്യമാണ ഗുഹാന്തരങ്ങളിലുള്ള വൈഡൂര്യങ്ങൾ...."

ഇത്ര ചെറിയ ഒരു ജല വൈദ്യുത സ്ഥാപനം ഞാൻ ഒരിക്കലും കണ്ടിട്ടില്ല. പയിൻ തടികൾകൊണ്ട നിർമ്മിച്ച അതു് പൂർണ്ണമായും വൃത്തിയുള്ളതും തണുപ്പുള്ളതുമായിരുന്നു. ചായത്തിന്റെ ഗന്ധം അവിടെ തങ്ങിയിരുന്നു. തുറന്നിട്ട ജനലിലൂടെ തന്റെ ശാഖകൾ അകത്തേയ്ക്കുനീട്ടിയിട്ടുണ്ടായിരുന്നു ഒരു ഫലവൃക്ഷം. സൂര്യരശ്മിയേററു നിറം ഇരുണ്ടുകഴിഞ്ഞിരുന്ന ഒരു ചെറുപ്പക്കാരൻ അവിടെയൊരു സ്റ്റൂളിൽ ഇരിക്കുന്നുണ്ടായിരുന്നു. സ്പോർട്ട്സ്ഷർട്ടാണ വേഷം.

"ഞങ്ങളുടെ ഇലക്ട്രീഷ്യൻ" ടിഷ ഞങ്ങളെ പരിചയപ്പെടുത്തിക്കൊണ്ട പറഞ്ഞു.

''സംഗീത നാടകങ്ങളിലെ അറിയാവുന്ന പാട്ടുകളൊക്കെ ഞാൻ പാടുകയായിരുന്നു'' തെല്ലൊരു സങ്കോചത്തോടെ അയാൾ പറഞ്ഞു. "വെറുതെ സമയം കളയാൻ മാത്രം."

"വീട്ടിൽ ഒരു ബോൾഷോയ് തിയററർ" ടിഷാ ചിരിച്ചു. പിന്നീട്ട് അയാൾ എൻെറ നേരെ തിരിഞ്ഞു. ഇതു ഞങ്ങളുടെതന്നെ പണിയാണ്. ഇവിടത്തെ കൂട്ടകൃഷിക്കാരാണുണ്ടാക്കിയതു്–മനോഹരമായ ഈ സ്റ്റേഷൻ. താമസിയാതെ എല്ലാ കൂട്ടകൃഷി സ്ഥലങ്ങൾക്കും പ്രയോജനപ്പെടുന്ന ഒരു വലിയ സ്റ്റേഷൻ ലിനെവോയേ തടാകത്തിനടുത്തു നിർമ്മിക്കാൻ പോകുകയാണ്. പിന്നീട്ട് ഈ കാട്ടിൽ വിദ്യുച്ഛക്തികൊണ്ടു ഉഴുന്ന സമ്പ്രദായവും പാൽകറക്കുന്ന രീതിയും മരമറുക്കുന്ന സമ്പ്രദായവും പ്രചരിക്കും."

മുമ്പു ഞാൻ ലിനെവോയെ തടാകതീരത്തുപോയിട്ടുണ്ടു്. ഇത്രയും ചുരുങ്ങിയ ഒരു കാലഘട്ടത്തിനിടയ്ക്കു് അവിടെ ഒരു വിദ്യുച്ഛക്തി കേന്ദ്രം നിർമ്മിക്കപ്പെട്ടുമെന്നു സങ്കല്പിക്കാൻ പോലും പ്രയാസം തോന്നി. ഇരുപതുകൊല്ലംമുമ്പു് അവിടം ഭയങ്കരമായ കൊടുംകാടായിരുന്നു. കാട്ടിലുള്ളവർ പറയാറുണ്ടു്, അപൂർവ്വമായി മാത്രമേ പക്ഷികൾപോലും അവിടെ വിശ്രമിക്കാറുള്ളവെന്നു്.

അന്തരീക്ഷത്തിനാകെയൊരു നവ്യചൈതന്യം കൈവന്നിരുന്നു. അതു് ആ ദിവസംമുഴുവൻ നിലനില്ക്കുകയും ചെയ്തു. ബിർച്ചു് മരത്തിൻെറയും പയിൻ മരത്തിൻെറയും തടികൾ, ഇലകളും, പുല്ലും, ആ അന്തരീക്ഷം, കാട്ടരുവികളിലെ വെള്ളം —എല്ലാം തെളിഞ്ഞു വിലസുകയും ഈ പുതു ചൈതന്യത്തെ പ്രസരിപ്പിക്കുകയും ചെയ്യുകയായിരുന്നു.

"നിങ്ങളാകെ അത്ഭുതപ്പെട്ടിരിക്കയാണു്, തീർച്ച" ടിഷാ പറഞ്ഞു. "എത്ര ഇരുണ്ടതും മൂടിക്കെട്ടിയതുമായിരുന്നു ഇവിടം, ഓർമ്മിക്കുന്നില്ലേ?– ആ ഉഗ്രതയോ? ഇന്നു് ഈ വനത്തിനു സ്വാതന്ത്ര്യമായി ശ്വാസം കഴിക്കാം ..."

ജലവൈദ്യുത കേന്ദ്രത്തിൽ നിന്നു ഞങ്ങൾ നേരെ വെള്ള നദീതടത്തിലേയ്ക്കുപോയി. പ്രകൃതി വിമൂകമായിരുന്നു. കുററിക്കാട്ടുകളിൽ പ്രത്യേകമായിട്ടുണ്ടായിരുന്നു, ഒരൊതുക്കവും നിശ്ശബ്ദതയും. ജലപ്രവാഹത്തിൽ പച്ചച്ച പയിൻ മരങ്ങൾ പ്രതിഫലിച്ചു കാണാം. പ്രശാന്തനും ഗൗരവപ്രകൃതിക്കാരനുമായ ജന്തുശാസ്ത്രജ്ഞൻ കൂട്ടുകൾതുറന്നു ബീവറുകളെ പുറത്തുവിട്ടു. വെള്ളത്തിലേയ്ക്കിറങ്ങുന്നതിനുമുമ്പ് സ്വയം വെടിപ്പുവരുത്താൻ അവ കുറേ സമയം ചെലവഴിച്ചു. ഞങ്ങളെ ശ്രദ്ധിക്കാതെ നഖംകൊണ്ടു ദേഹത്തിലെ രോമം ചീകിയൊതുക്കുകയായിരുന്നു അവ.

"എത്ര സൽസ്വഭാവിയായ ജന്തു." അഭിനന്ദനസ്വരത്തിൽ ഡ്രൈവർ ഉറക്കെ പറഞ്ഞു. "വെള്ളം കേട്ടുവരുത്താൻ ആഗ്രഹിക്കുന്നതേയില്ല."

വൈകുന്നേരമായതോടെ ഞങ്ങൾ 'സർക്കാർ തോടി'ൽ എത്തി. മരത്തടികൾകൊണ്ടുണ്ടാക്കിയ കുടിലുകളിലാണു വനത്തിലെ തൊഴിൽക്കാർ താമസിച്ചിരുന്നതു്. ആ പഴയ കുടിൽ ഇന്നുമുണ്ടവിടെ. പയിൻശിഖരങ്ങൾ ഉണക്കാനുള്ള മുറിയായി അതുപയോഗിക്കപ്പെട്ടുകയാണിപ്പോൾ.

കുറച്ചുനേരം ടിഷായും ഞാനും തോടിൻെറ വക്കത്തിരുന്നു. കിഴക്കുനിന്നു രാത്രി ക്രമേണ പരന്നു പരന്നടുക്കുന്നതു നോക്കുകയായിരുന്നു ഞങ്ങൾ. വെള്ളത്തിൽ വലിയ മത്സ്യങ്ങൾ ചാടിക്കളിച്ചുകൊണ്ടിരുന്നു.

"ബ്ര്യാം ആയിരിക്കണം. വാസിലി അപ്പൂപ്പൻ ജീവിച്ചിരുന്ന കാലത്തു ലോച്ച് മാത്രമായിരുന്നു ഇവിടെയുണ്ടായിരുന്ന മൽസ്യം. എല്ലാം പൂവിട്ടുനില്ക്കുന്ന കാലത്താണ് അങ്ങിവിടെ എത്തിയിട്ടുള്ളതു്. വേണ്ട സമയത്തുതന്നെ. ഇതാണേററവും മനോഹരമായ കാലം. മൈതാനം കണ്ടുകഴിഞ്ഞോ?"

"ഇല്ല. ഇതുവരെ കണ്ടില്ല."

കുറച്ചുനേരത്തെ മൗനത്തിനുശേഷം ടിഷാ പറഞ്ഞു. "ഇവിടെ ഒരൊററ ജില്ലപോലുമില്ല, അതെത്ര ചെറുതായിക്കൊള്ള

ട്ടെ, നല്ലൊരു ഭാവി, വളരെ മഹത്തായ ഭാവിയില്ലാതെ. ഒരു പക്ഷെ ലിസാ നിങ്ങളോടു പറഞ്ഞിട്ടുണ്ടാവും ആ നിധിയുടെ കഥ—നല്ലൊരു ഹൃദയമാണു നിധി, നിശ്ചയം. എൻെറ കണ്ണിൽ, ഓരോ ജില്ലയിലും നിധി ഒളിഞ്ഞിരിപ്പുണ്ടു്. ലോകത്തിൽ മറെറതു സ്ഥലം തന്നാലും ശരി, ഞാൻ എൻേറതു വിട്ടുകൊടുക്കുകയില്ല. ദരിദ്രവും ഈറനുമാണതെന്നു വിചാരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ചീത്തമണ്ണു്; ഉരുളക്കിഴങ്ങു്; കൊതുകുകൾ; നനഞ്ഞു കൊള്ളരുതാത്തതായിത്തീന്ന കാടുകൾ. പക്ഷേ, ഇന്നൊന്നു നോക്കൂ. ആളുകളെയും ഒന്നു ശ്രദ്ധിക്കൂ. അവർ മുമ്പു് പറയാറുള്ളതെല്ലാം ഒന്നോർമ്മിക്കൂ. മറെറാരിക്കൽ ഇപ്പോഴല്ല."—'അതു ഞങ്ങൾക്കു പററുന്നതല്ല'—ഞങ്ങൾക്കു ആസ്വദിക്കത്തക്കതല്ല അതു്—പക്ഷേ എത്ര വലിയ പരിവത്തനമാണു് അവർക്കു വന്നിട്ടുള്ളതെന്നു നോക്കൂ. ഭാവിയിൽ അവർക്കു വിശ്വാസമുണ്ടു്; അവരവരെക്കുറിച്ചും. ഞാൻ അവരെ തിരക്കു പിടിപ്പിക്കും; പക്ഷേ, എല്ലാവരും എന്നെയും ധൃതിപിടിപ്പിക്കുകയാണു്—'വരു, തുടങ്ങാം!' ഇതുമാത്രമാണെൻെറ ചെവിയിൽ പതിയാറുള്ളതു്. പുതിയ ജീവിതത്തെ അക്ഷമരായി കാത്തിരിക്കയാണു ജനങ്ങൾ—എല്ലാകാര്യത്തിലും അത്യൗത്സുക്യം പൂണ്ടിരിക്കയാണു് അവർ. ഒരു ജലവൈദ്യുത കേന്ദ്രം സ്ഥാപിക്കണമെന്നു് അവർ ആഗ്രഹിക്കുന്നു. പ്രാദേശിക തലസ്ഥാനത്തേയ്ക്കും പുതിയ പള്ളിക്കൂടങ്ങളിലേയ്ക്കും യാത്രചെയ്യാൻ പുതിയ വഴിയുണ്ടാക്കണം അവർക്കു്. കാണപ്പൂൽ സമ്പത്തു പൂണ്ണമായും പ്രയോജനപ്പെടുത്താനും ഔഷധച്ചെടികൾ സംഭരിക്കാനും അവർ താൽപര്യം കാണിക്കുന്നു; പുതിയ തരം കന്നുകാലികളെ സമ്പാദിക്കാനും കാടുകളും പൂന്തോട്ടങ്ങളും നിർമ്മിക്കാനും അവർ വെമ്പൽകൊള്ളുകയാണു്. ഈ പദ്ധതിയിൽ തേനീച്ചക്കൂടു പോലും ഉർപ്പെടുത്തിയിട്ടുണ്ടു്. ലക്ഷക്കണക്കിനു കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ടു് ഇവിടെ. പക്ഷേ പുറമേനിന്നുനോക്കിയാലോ, ഈ ജില്ല അത്രഗണ്യമാണെന്നു തോന്നുകയുമില്ല. ഇതിൽ

മുഖ്യമായ സംഗതി ഇവിടത്തെ മൈതാനമാണ്, തീർച്ച. രണ്ടു ദിവസത്തിനകം പ്രാദേശിക സമിതിയുടെ കാര്യദർശി ക്രെംലിനിലേയ്ക്കു പോകുകയാണ്. മോസ്കോവിൻെറ ക്ഷീരോൽപന്നകേന്ദ്രമായി ഒകാതടങ്ങളെ എങ്ങനെ മാററാമെന്നു നിവേദിപ്പിക്കാനാണ് ഈ യാത്ര ഞങ്ങളിവിടെ ഒരു സമ്മേളനം നടത്തി. ഞങ്ങളുടെ വിഭവസമ്പത്തും സധ്യതകളും ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപ്പെടുത്തുവാനും ഞങ്ങളുടെ മൈതാനപ്രദേശത്തെ വാസ്തവികമായ രൂപത്തിൽ കാണിച്ചുകൊടുക്കാനും ഞങ്ങൾ തീരുമാനിച്ചു. വെറുമൊരു റിപ്പോർട്ടയച്ചതുകൊണ്ടുമാത്രം കാര്യം നടക്കുകയില്ല-ഞങ്ങൾക്ക് ഇവിടെ എന്തെല്ലാമുണ്ടെന്നു് കാണിക്കണം. ഇവിടെ വളരുന്ന എല്ലാ പൂക്കളും പുല്ലുകളും മോസ്കോവിലേയ്ക്കു് അയയ്ക്കുകയാണ്. എല്ലാ ഇനവും തരവും. അവയൊക്കെ തന്നെ അപ്പോൾ മാത്രം അറുത്തെടുത്തവയുമായിരിക്കും.

“പുതുതായി അറുത്തെടുത്ത പൂക്കളും പുല്ലും എങ്ങനെ അതേപടിതന്നെ മോസ്കോവിലെത്തിക്കും?”

“കാറിൽ- വെള്ളത്തൊട്ടികളിൽ-പിന്നെയൊന്നും, വെറും പൂച്ചെണ്ടുകളായിരിക്കയില്ല. അവ, മുറിച്ചു ഒരു തടം അങ്ങനെ തന്നെയായിരിക്കും അയയ്ക്കുക.

* * * *

അതിനുശേഷം ഉടനെതന്നെ അവർ പുൽത്തരങ്ങളും പൂക്കളും ശേഖരിക്കാൻ ആരംഭിച്ചു.

അതിൻെറ ചുമതല ലിസയ്ക്കായിരുന്നു. അവൾ സ്കൂളിലെ മുതിർന്നകുട്ടികളെയെല്ലാം വിളിച്ചുകൂട്ടിയിരുന്നു. ഞാൻ ചെല്ലുമ്പോൾ അവിടെ ഏതാണ്ടു മുപ്പതു കുട്ടികളുണ്ടായിരുന്നു. സ്കൂൾ കെട്ടിടത്തിനടുത്തുള്ള മരത്തടിക്കമ്പിലിരുന്നു് ചൂടുപിടിച്ചു വാദിക്കുകയായിരുന്നു. ഏററവും വലിയ പൂക്കളുടെ ഏററവുമധികം ഇനം സമ്പാദിക്കാവുന്നതു് എവിടെ നിന്നാണെന്നാ

യിരുന്നു വാദം. സ്റ്റാറിസ്റ്റാ തീരം ചിലർ നിർദ്ദേശിച്ചു. സ്റ്റൂഡൻറ്സ് തടാകമാണു നന്നെന്നു മററു ചിലർ. ഘോഷ്ചിപ്രദേശ--അത്ര പരിചിതമല്ല അതു്--ത്തെ അനുകൂലിക്കുന്നവരായിരുന്നു വേറൊരു കൂട്ടർ. അനങ്ങിയാൽ മുടി ച്ചുരുളുകൾ ഇളകുന്ന ഒരു കൊച്ചുപെൺകിടാവിനുമുണ്ടായിരുന്നു സ്വാതന്ത്ര്യമായ ഒരഭിപ്രായം.

"നിങ്ങൾക്കൊക്കെ തെററു പററിയിരിക്കയാണ്!" കണ്ണീരോടെ അവൾ ശഠിച്ചു. കയററ് കവലയിലേയ്ക്കാണു പോകേണ്ടതു്–അവിടെ എല്ലാത്തരം പൂക്കളും കിട്ടും."

പൂക്കൾ ഒന്നെങ്കിൽ ചൂട്ട വീഴുന്നതിനുമുമ്പ്, അതിരാവിലെ, ശേഖരിക്കണം. അല്ലെങ്കിൽ, ചൂടാറിക്കഴിഞ്ഞു് അസ്തമയത്തിനു മുമ്പുനേടണം. അല്ലെങ്കിൽ പെട്ടെന്നു വാടിപ്പോകും.

സന്ധ്യയ്ക്കു മുമ്പേ പോകണമെന്നും, തരം തിരിക്കാനായി ഉടൻതന്നെ പൂക്കൾ പോളൃാനിയിലേയ്ക്ക് എത്തിക്കണമെന്നും, അങ്ങനെ അന്നു രാത്രിതന്നെ അവ മോസ്റ്റോവിലേയ്ക്കയക്കണമെന്നും തീരുമാനിക്കപ്പെട്ടു.

ഞാൻ ലിസയുടെയും കുട്ടികളുടെയും കൂട്ടത്തിൽ കൂടി, ഞങ്ങളുടെ കൂടെ മുതിന്നവർ വേറേയുമുണ്ടായിരുന്നു, എൻെറ ഡ്രൈവർ ഉൾപ്പെടെ.

ഏററവും വലിയ പൂവു പറിച്ചെടുക്കാൻ ഓരോ ആളും ശ്രമിച്ചു. അവനവൻ കണ്ടുപിടിച്ചതാണ് ഏററവും മികച്ചതെന്നു ഞങ്ങളോരോരുത്തരും കരുതി.

മൈതാനത്തിൽ നിന്നു മടങ്ങിയപ്പോൾ രാത്രിയായയിക്കഴിഞ്ഞിരുന്നു. സൂര്യൻ അസ്തമിച്ചു. മൂടൽമഞ്ഞു ജലാശയങ്ങളെ പൊതിഞ്ഞുനിന്നു. താഴ്ന്ന പ്രദേശങ്ങളിൽനിന്നു മണ്ണട്ടകളുടെ കണ്ണന്തുലമായ ശബ്ദം ഉയന്നുകൊണ്ടിരുന്നു.

ജൂണിലെ ലാഘവമാന്ന രാത്രികളിലെത്താറുള്ള കാട്ടുറോസ് പൂചൂടി നില്ക്കുകയാണ്.

മങ്ങിയതും ശുഭ്രവുമായ ആകാശത്തിലൂടെ ഒരു ജെററ്വിമാനം പുകച്ചാലുകളവാക്കി കടന്നുപോയി. അതാകട്ടെ, മുകളിലെ മങ്ങിയ നക്ഷത്രത്തിന്റെനേരെ കുതിച്ചുയരാനും തുടങ്ങി. ഈ പുകച്ചാലും നക്ഷത്രവും സ്റ്റാററിററ്സയിലെ ജലവിതാനങ്ങളിൽ പ്രതിബിംബിച്ച് സന്ധ്യാംബരത്തിന്റെ ഗാംഭീര്യം അതിനു നല്കി.

തടാകത്തിന്റെ തടത്തിലുള്ള കാട്ടുറോസ്പ്പൊന്തകളിൽ രാത്രിയിലെ നിഴലുകൾ തങ്ങിനിന്നു. പക്ഷെ അസ്തമയത്തിന്റെ അന്ത്യദീപ്തികൊണ്ട് അവ, എന്നിട്ടും, തിളങ്ങുകയായിരുന്നു. രാക്കുയിൽ അവ്യക്തമായൊരു സ്വരം അന്തരീക്ഷത്തിൽ പരത്തി. ഉടൻതന്നെ നിശ്ശബ്ദമാവുകയും ചെയ്തു. സായാഹ്നത്തിലെ വിമൂകതയെ ഭഞ്ജിക്കാൻ ഭയപ്പെടുന്നതുപോലെ.

വ്യാഴം ഉദിച്ച് മൈതാനങ്ങളുടെയും വില്ലോമരങ്ങളുടെയും മൂടൽമഞ്ഞിന്റെയും ഉപരിതലത്തിലൂടെ—ഞങ്ങൾക്കു സുപരിചിതവും പ്രിയപ്പെട്ടതുമായ ഭൂഭാഗത്തിന്റെ മുകളിലൂടെ—മെല്ലെയുയന്ന് യാത്രചെയ്യുമ്പോൾ ചക്രവാളത്തിനെതിരെ ഇരുണ്ടതായി പ്രത്യക്ഷപ്പെട്ടു ആ കാട്ട്.

# തവള

ചൂടേറിയ കാലാവസ്ഥ ഒരു മാസം മുഴവൻ നീണ്ടുനിന്നു. ചൂട് ശരിക്കും കാണാമെന്നു മുതിന്നവർ തീൎത്തുപറഞ്ഞുകൊണ്ടിരുന്നു.

"ചൂട് എങ്ങനെ കാണും?" ടാന്യ എല്ലാരോടും ചോദിക്കാറുണ്ടു്. അഞ്ചു വയസ്സുണ്ടു് അവൾക്കു്. നിത്യവും പുതിയപുതിയ സംഗതികൾ പഠിച്ചുകൊണ്ടിരിക്കുന്ന പ്രായം. മുന്നൂറുകൊല്ലം ജീവിച്ചിരുന്നാലും എല്ലാം അറിഞ്ഞിരിക്കുക അസാദ്ധ്യമാണ്. ഗ്ലെബ്ബമ്മാവൻെറ ഈ വാക്യം എത്ര പരമാൎത്ഥമാണു്!

"മുകളിലേയ്ക്കു വരു. ചൂട് കാണിച്ചു തരാം. അവിടെ നിന്നാൽ എല്ലാം കുറെക്കൂടി നന്നായി കാണാനൊക്കും." ഗ്ലെബ്ബ് പറഞ്ഞു.

കുത്തനെയുള്ള കോണി കയറി അവർ മുകളിലെത്തി. അവിടെ വെളിച്ചം ധാരാളമുണ്ടായിരുന്നു. മച്ചാകെ വെയിൽകൊണ്ടു പഴുത്തിരുന്നതിനാൽ വളരെയധികം ചൂടുണ്ടു്. അടുത്തുള്ള ഒരു മേപ്പിൾ മരം ജാലകത്തിലൂടെ ശാഖകൾ അകത്തേയ്ക്കു കടത്തി വിടാൻ നിരന്തരം ശ്രമിച്ചുകൊണ്ടു നില്ക്കുകയാണ്. അതുകൊണ്ടു് അതു് അടയ്ക്കുക പ്രയാസമാണ്. ജനൽ സദാ തുറന്നിട്ടിരുന്നതിനു കാരണം ഇതാവാം.

മുകളിൽ ഒരു ബാൽക്കണിയുണ്ടു്. കടഞ്ഞെടുത്ത അഴികളാണ് അതിനുള്ളതു്. ഗ്ലെബ് ടാന്യയെ അവിടേയ്ക്കു കൂട്ടിക്കൊണ്ടുപോയി, നദിക്കപ്പുറമുള്ള മൈതാനത്തിലേയ്ക്കും അകലെയുള്ള കാട്ടിലേയ്ക്കും നോക്കാൻ പറഞ്ഞു.

"ചായപ്പാത്രത്തിൽ നിന്നെന്നപോലെ മഞ്ഞനിറത്തിൽ പുക പൊങ്ങുന്നതു കണ്ടോ? അതാണ് ചൂട്. അതെ, നിനക്കു

ചൂടു് കാണാൻ കഴിയും; തണുപ്പും. നിനക്കാവശ്യമുള്ള എന്തും കാണാൻ സാധിക്കും.”

“മഞ്ഞുവീഴുമ്പോഴല്ലേ തണുപ്പു്?” ടാന്യ ചോദിച്ചു.

“അങ്ങനെയൊന്നുമില്ല. വേനൽക്കാലത്തും കാണാം. കുറച്ചൊന്നു ക്ഷമിക്കു്. ചൂടൊന്നു കുറയട്ടെ. അപ്പോൾ തണുപ്പെങ്ങനെയിരിക്കുമെന്നു കാണിച്ചുതരാം.”

“എന്തുപോലെ?”

“അതോ, വൈകിട്ടു ആകാശം നനഞ്ഞപുല്ലുപോലെ പച്ചനിറത്തിലായിരിക്കും. അപ്പോൾ ആകാശം തണുത്തിരിക്കും.”

പക്ഷേ, ആ സന്ദർഭത്തിൽ അസഹ്യമായ ഉഷ്ണംതന്നെയാണു തങ്ങിനിന്നിരുന്നതു്. ചൂടുകൊണ്ടു് ഏററവുമധികം വിഷമിച്ചിരുന്നതു് ചെടിപ്പടപ്പുകളുടെ കീഴിൽ പാർപ്പുറപ്പിച്ചിരുന്ന ഒരു ചെറിയ തവളയാണു്.

മുററമാകെ ചുട്ടുപഴുത്തുകഴിഞ്ഞു. ചെറുജന്തുക്കളെല്ലാം പുറത്തേയ്ക്കിറങ്ങാതെയായി. ഉറുമ്പുകൾപോലും പകൽസമയത്തു മണ്ണിനടിയിലുള്ള പുററുകളിൽനിന്നു പുറത്തിറങ്ങാതെ, സായാഹ്നമാകുന്നതു ക്ഷമയോടെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. പുൽച്ചാടികൾ മാത്രമേ ചൂടിനെ വകവയ്ക്കാതിരിക്കുന്നതായി തോന്നിയുള്ളു. പകലിനു ചൂടുകൂടുംതോറും അവ കൂടുതൽ ഉയരത്തിൽ ചാടാനും ശബ്ദിക്കാനും ശ്രമിക്കുകയായിരുന്നു. അവയെ പിടികൂടുക വളരെ പ്രയാസമാണു്. വിശന്നിരിക്കുക എന്നതു് എന്താണെന്നു് ആ തവള മനസ്സിലാക്കി.

ഒരു ദിവസം കലവറവാതിലിൽ ചെറിയ ഒരു ദ്വാരം അതു കണ്ടെത്തി. അതിൽപിന്നെ, അവിടത്തെ കുളിർമ്മയുള്ള നിലത്തു കിടന്നു മയങ്ങി അതു പകൽ തള്ളിനീക്കുകയായി.

വേലക്കാരി അരിഷ പാലെടുക്കുന്നതിനു് കലവറയിലേയ്ക്കു ചെല്ലുമ്പോൾ ആ തവള ഉണരുകയും ചാടിച്ചാടിയകന്നു് പൊളിഞ്ഞ ഒരു പൂപ്പാത്രത്തിന്റെ പിറകിൽ ഒളിച്ചിരിക്കുകയും ചെയ്യും. അരിഷ എന്നും പേടിച്ചലറാൻ ഇതു കാരണമാകാറുണ്ടു്.

വൈകുന്നേരം ആ തവള മുററത്തേയ്ക്കു് ഇഴഞ്ഞുചെല്ലും. വളരെ ജാഗ്രതയോടെ ചെടികൾ നട്ടുപിടിപ്പിച്ചിരിക്കുന്നിടത്തൊരു മൂലയിൽ ചെന്നുപററും. ആ സമയത്തു് അവിടെയുള്ള പുകയിലച്ചെടി നിറയെ പൂത്തുനില്ക്കുകയായിരിക്കും. ആസ്റ്ററുകൾ തഴച്ചുതിങ്ങിക്കൂടുന്നുണ്ടു് അവിടെ. എല്ലാദിവസവും വൈകുന്നേരം ചെടികൾ നനയ്ക്കാറുണ്ടു്. അതുകൊണ്ടു് അവിടെയിരുന്നു് സമാധാനത്തോടെ ശ്വാസംകഴിക്കാം- നനഞ്ഞമണ്ണിന്റെ തണുപ്പും നന്മയും ആസ്വാദ്യമാണു്. അതിനുപുറമെ പുകയിലച്ചെടിയുടെ വെളുത്ത ദളങ്ങളിൽനിന്നു് ഇടയ്ക്കിടയ്ക്കു വെള്ളത്തുള്ളികൾ തലയിൽ വീണുകൊണ്ടിരിക്കുകയും ചെയ്യും.

കണ്ണുമിഴിച്ചുപിടിച്ചു് ഇരുട്ടിനകത്തു് ആ തവള കുത്തിയിരുന്നു. മനുഷ്യരുടെ നടത്തവും സംസാരവും ഗ്ലാസ്സുകൾ കൂട്ടിമുട്ടലും വാഷ്സ്റ്റാൻഡിലെ ചെമ്പുകമ്പി തിരുപ്പിടിക്കലും എല്ലാമൊന്നു് അവസാനിക്കുന്നതും വിളക്കുകെടുത്തുന്നതും കാത്തിരിക്കയാണു് അതു്. അതിനുശേഷം എല്ലാം അന്ധകാരമയമാണു്; നിഗൂഢമാണു്.

എന്നിട്ടുവേണം ആ പൂക്കൂട്ടത്തിനുള്ളിൽ ചാടിച്ചാടിനടക്കുക; ആസ്റ്ററിലകൾ തിരുപ്പിടിക്കുക; മയക്കത്തിലുണർത്തുന്ന മുറുമുറുക്കലിൽ ചെവിനട്ടു് ഉറങ്ങുന്ന വണ്ടിനെ തൊട്ടുണർത്തുക. അതും കഴിഞ്ഞാൽ പൂവൻകോഴികളുടെ കൂകലും ബഹളവും. അർദ്ധരാത്രിയണയുന്നു. ഏററവും നല്ലസമയം. മഞ്ഞുതുള്ളികൾ വീണേക്കാം. എന്നാൽ നനഞ്ഞപുൽത്തകിടി മിന്നിമിന്നിപ്രകാശിക്കും. പ്രശാന്തവും ശീതളവുമായ നിശീഥം സാമൂഹ്യജീവിതമെന്തെന്നറിയാത്ത മൂങ്ങ, ഒരുപക്ഷേ, മൈതാനപ്പരപ്പിലെങ്ങും ശബ്ദം അലയടിക്കുമാറു് മൂളിയെന്നുവരാം.

സമർത്ഥനായ മീൻപിടുത്തക്കാരനായിരുന്നു. ബ്ലെച്ചമ്മാവൻ. എന്നുംവൈകുന്നേരം മേശവിരി എടുത്തുമാററിഅയാൾ കുറേ പെട്ടികൾ തുറന്നു് അവയിലുള്ള സാധനങ്ങളെല്ലാം മേശപ്പുറ

ത്തിട്ടം—തിളങ്ങുന്ന കൊളുത്തുകൾ, ഉരുണ്ടു കനത്ത തൊങ്ങലുകൾ, ഉള്ള മുഴവൻ കാണാവുന്ന നിറന്ന ചൂണ്ടൽ ന്തലുകൾ ഇവയൊക്കെ— അതിനുശേഷം ചൂണ്ടൽ നന്നാക്കുവാനിരിക്കും അയാൾ. ആ സമയത്തു് മേശയ്ക്കുടുത്തുചെല്ലാൻ ടാന്യയ്ക്കു് അനുവാദമുണ്ടായിരുന്നില്ല. കൊളുത്തെങ്ങാനും അവളുടെ വിരലിൽ തറച്ചു് മുറിവേററാലോ!

ചൂണ്ടൽ നന്നാക്കുന്നതിനിടയിൽ അയാൾ തലതാഴ്ത്തിയിരുന്നു പാടും—എന്നും ഒരേയൊരുപാട്ടായിരിക്കുമെന്നു മാത്രം:

'ചൂണ്ടലുകൾ നന്നാക്കാനും

കൊതുവഞ്ചി അനവധി നാളൊന്നിച്ചു ജലപ്പരപ്പിൽ ചാഞ്ചാടുന്നതു നോക്കിയിരിക്കാനും ആഗ്രഹിച്ച ഒരു മുക്കുവനുണ്ടായിരുന്നു.'

ഗ്ലെബിനെസ്സംബന്ധിച്ചിടത്തോളം മോശമായ ഒരു വേനലായിരുന്നു ഇതു്. വരണ്ട കാലാവസ്ഥകാരണം ഒരൊററ ഇരയെപ്പോലും കണ്ടുകിട്ടുന്നില്ല. അവയെ കണ്ടുപിടിക്കുന്നതിനു മിടുക്കനായ ഒരുവനെയും കിട്ടുന്നില്ല, എത്ര പ്രേരണചെലുത്തിയാലും.

നൈരാശ്യം മുഴുത്തു് വേലിയ്ക്കരികിൽ വലിയ അക്ഷരത്തിൽ അയാൾ എഴുതിവച്ചു:

"ആരുടെ കൈയിൽ നിന്നും ഇരവാങ്ങുന്നതായിരിക്കും."

പക്ഷേ, അതുകൊണ്ടും പ്രയോജനമുണ്ടായില്ല. അതിനടുത്തുകൂടി കടന്നുപോകുന്നവർ അതുവായിച്ചു തലയാട്ടിചിരിക്കും "എങ്ങനെയിരിക്കുന്നു?" അവർ കടന്നുപോകും. അടുത്തദിവസം ഏതോ ഒരു കുസൃതി അതേ വലിപ്പത്തിലുള്ള അക്ഷരത്തിൽ താഴെ എഴുതിവച്ചു.

"ഉരുളക്കിഴങ്ങു ജാമിനുപകരം."

ഗ്ലെബ്ബമ്മാവനു് എല്ലാം തുടച്ചുനീക്കുകയല്ലാതെ ഗത്യന്തരമില്ലെന്നു വന്നു.

മൂന്നു നാഴിക ദൂരെയുള്ള മലയിടുക്കിലേയ്ക്കു് അയാൾ ഇടയ്ക്കിടയ്ക്കു പോകാൻ തുടങ്ങി. അവിടെ, കുറെയേറെ ശ്രമിച്ചാൽ വല്ല മരക്കഷണങ്ങളുടെയും താഴെ പത്തിരുപതു പുഴുക്കളെ കണ്ടു കിട്ടിയെന്നു വരാം.

പൊന്നുകൊണ്ടുണ്ടാക്കപ്പെട്ടവയോ എന്നു തോന്നുമാറു് സശ്രദ്ധം അവയെ സൂക്ഷിക്കുക പതിവാണു് ഗ്ലെബ്ബമ്മാവൻ. നനഞ്ഞ പൂപ്പൽ തയാറാക്കിക്കൊടുക്കും അവയ്ക്കിരിക്കുവാൻ. അവയെ സൂക്ഷിക്കുന്ന പാത്രം പാൽക്കട്ടിത്തുണികൊണ്ടടയ്ക്കും. ഇരുണ്ട കലവറയ്ക്കകത്തു് അതു കൊണ്ടുപോയി വയ്ക്കും.

അവിടെ വച്ചാണു് ആ കൊച്ചു തവള പുഴുക്കളെ കണ്ടു പിടിച്ചതു്. മൂടി വലിച്ചു കളയാൻ വളരെ അദ്ധ്വാനിക്കേണ്ടി വന്നു അതിനു്. അതൊരുവിധം സാധിച്ചതോടെ അവൻ ചാറയ്ക്കകത്തു കടന്നു പററി, പുഴുക്കളെ യഥോചിതം കൈകാര്യം ചെയ്തു. ആ ജോലിയിൽത്തന്നെ ലയിച്ചിരുന്നതിനാൽ ഗ്ലെബ് കലവറയ്ക്കുള്ളിലേയ്ക്കു വരുന്ന ശബ്ദം അതു കേട്ടതേയില്ല. അയാൾ അതിൻെറ പിൻകാലുകൾ കൂട്ടിപ്പിടിച്ചു മുററത്തേയ്ക്കു കൊണ്ടു പോയി. അവിടെ ടാന്യ കുപിതവും കാഴ്ചശക്തി കുറഞ്ഞതുമായ ഒരു പിടക്കോഴിക്കു് തീററ കൊടുക്കുകയായിരുന്നു.

"അവിടെ." ഭീഷണിപ്പെടുത്തുന്ന രീതിയിൽ ഗ്ലെബ് പറഞ്ഞു. "ചോര നീരാക്കി പത്തു പന്ത്രണ്ടു പുഴുക്കളെ കണ്ടു പിടിക്കും. എന്നിട്ടു് ഈ നാണംകെട്ട തവള യാതൊരു കൂസലുമില്ലാതെ അതിനെയൊക്കെ കട്ടുതിന്നുകയാണു്. മൂടി മാററിക്കളയാൻ പോലും അതിനു സാധിച്ചു. അതിനെ ഒരു പാഠം പഠിപ്പിക്കണം നമുക്കു്."

"എങ്ങനെ?" ഉൽകണ്ഠയോടെ ടാന്യ ചോദിച്ചു. ആ അവസരത്തിൽ കോഴി ഔത്സുക്യത്തോടെ അതിനെ ചരിഞ്ഞുനോക്കുന്നുണ്ടായിരുന്നു.

"കോഴിക്കു തിന്നാനിട്ടുകൊടുക്കാം. അതുതന്നെവഴി!"

രക്ഷാമാർഗ്ഗമൊന്നുമില്ലാതെ വിവശമായി ആ തവള കാലുകൾ ആകാവുന്നിടത്തോളം ഇളക്കിനോക്കി. പക്ഷെ മോചനം നേടാൻ അതിനുകഴിഞ്ഞില്ല. കോഴി തൂവൽ കുടഞ്ഞു് പറന്നുയർന്നു. ഗ്ലെബ്ബിൻെറ കൈയ്യിൽനിന്നു് തവളയെ അതു് റാഞ്ചിക്കൊണ്ടുപോയെന്നുതന്നെ പറയാം.

"ഇതിനൊന്നും തുടങ്ങണ്ട." ടാന്യ കോഴിയെ ശകാരിച്ചു. അവൾ പൊട്ടിക്കരഞ്ഞുപോയി.

കോഴി ഒരു ഭാഗത്തേയ്ക്കു ചാടിമാറി പുതിയ സംഭവവികാസങ്ങൾക്കായി ചിന്താപൂർവ്വം കാത്തിരിക്കുകയായിരുന്നു, ഒററക്കാലേ അതു നിലത്തൂന്നിയിരുന്നുള്ളു.

"ഗ്ലെബ്ബമ്മാവാ, അതിനെ കൊല്ലല്ലേ. എനിക്കു തന്നേക്കൂ."

"ഇനിയും കുട്ടനടക്കാൻവേണ്ടിയോ?"

"അല്ല. ഞാൻ അതിനെ ഒരു ചാറയിലിട്ടു തീററകൊടുത്തു വളർത്തിക്കൊള്ളാം. അതു പാവമല്ലേ?"

"ശരി." ഗ്ലെബ് സമ്മതിച്ചു. "വേണമെങ്കിൽ അതിനെ എടുത്തോളൂ. നിന്നെയോർത്തുമാത്രം ഞാൻ അതിനു മാപ്പുകൊടുക്കുകയാണ്; പിന്നെ, അതു് ഒരു സാധാരണ തവളയല്ലാത്തതു മറെറാരു കാരണം.'

"ഹേ, അല്ലേ?" ടാന്യ കരച്ചിൽ നിർത്തി.

"നിനക്കു കാണാൻ വയ്യേ? അതു മരത്തവളയാണ്– നല്ല ശബ്ദമുള്ളവൻ. അതു് എപ്പോഴും മഴയുടെ വരവു് മുൻകൂട്ടി അറിയിക്കും."

"അതു നല്ലതല്ലേ?" സമാശ്വാസത്തോടെ അവൾ നെടുവീർപ്പിട്ടു. രാവുംപകലും ഇഗ്നററ് ആശാരി പറഞ്ഞ വാക്കുകൾ ഓർമ്മിച്ചു് ചടപിടന്നനെ അവൾ പറഞ്ഞുപ്പോയി. "നമുക്കു കുറച്ചു മഴ കിട്ടേണ്ടതു് അത്യാവശ്യമാണ്–ഇല്ലെങ്കിൽ, കാരററി തോട്ടങ്ങളും ധാന്യവുമെല്ലാം നശിക്കും. പിന്നെ നമ്മുടെ സ്ഥിതി എന്തായിരിക്കും?''

ടാന്യ തവളയെ പല്ലനിറച്ച ഒരു ചാറയിലിട്ട് ജാലകപ്പടിയിൽ വച്ചു.

"ഒരു മരക്കൊമ്പുകൂടി ചാറയിലേയ്ക്കിടണം." ഗ്ലെബ് ഉപദേശിച്ചു.

"എന്തിനു"?"

"തവള ആ ചില്ലയിൽ കയറി കരയാൻ തുടങ്ങും. മഴ വരുന്നതിൻെറ സൂചനയാണതു്."

പക്ഷേ മഴയുടെ ലക്ഷണമുണ്ടായിരുന്നില്ല. ചാറയ്ക്കകത്തിരുന്നിരുന്ന തവള വരൾച്ചയെപററി ആളുകൾ സംസാരിക്കുന്നതുകേട്ടു കിതച്ചുകൊണ്ടിരുന്നു. ചാറയ്ക്കകത്തെ ജീവിതത്തിനു് ചില ഗുണങ്ങളൊക്കെയുണ്ടു്, തീർച്ച. സുരക്ഷിതത്വവും സുഭിക്ഷതയുമുണ്ടു്— പക്ഷേ, ആകപ്പാടെ ഒരു വീർപ്പുമുട്ടൽ.

ഒരു രാത്രി ആ തവള മേപ്പിൾച്ചില്ലയിലൂടെ ചാറയ്ക്കു വെളിയിലിറങ്ങി കരുതലോടെ ചാടിച്ചാടി പൂന്തോട്ടത്തിലെത്തി· അവിടെയൊരു വേനൽക്കാല വസതിയുടെ മേല്പുരയിൽ ഒരു കുരുവിപക്ഷി കൂടുകെട്ടിയിരുന്നു.

തവള മെല്ലെ ശബ്ദമുയർത്തി. കുരുവി കൂട്ടിൽനിന്നു തല പുറത്തേയ്ക്കുനീട്ടി.

"എന്താണിതു്?'' ക്രുദ്ധമായി അതു ചോദിച്ചു. "പകൽ മുഴുവനും അങ്ങുമിങ്ങും ഓടിച്ചാടിനടക്കും—അതുതന്നെമതി, തല കറങ്ങാൻ. ക്ഷീണിച്ചവർക്കു രാത്രിപോലും കുറച്ചു വിശ്രമിക്കാൻ വയ്യാതായിരിക്കുന്നു.''

"ആദ്യം ഞാൻ പറയുന്നതു കേൾക്കു. പിന്നെയാവാം ഈ മുറുമുറുക്കലെല്ലാം." തവള പറഞ്ഞു. "ഞാൻ മുമ്പെന്നെങ്കിലും ഉണർത്തിയിട്ടുണ്ടെന്നു ധൈര്യമായി പറയാമോ?''

"ശരി, അതൊക്കെ പോകട്ടെ." കോട്ടുവായിട്ടുകൊണ്ടു കുരുവി പറഞ്ഞു.

"എന്താണു കാര്യം?''

ടാന്യ എങ്ങനെയാണു തന്റെ ജീവൻ രക്ഷിച്ചതെന്നും അതിനു പ്രതിഫലമായി എന്തെങ്കിലും ചെയ്യാൻ താൻ ആലോചിച്ചാലോചിച്ച് എങ്ങനെ കഴിഞ്ഞു കൂടിയെന്നും തവള കുരുവിയോടു പറഞ്ഞു. ഇതാ, ഒടുവിൽ, ഒരു വഴി കണ്ടുപിടിച്ചിട്ടുണ്ട്. പക്ഷേ, കുരുവി തുണയ്ക്കാൻ തയാറാണോ എന്നതിനെ ആശ്രയിച്ചിരിക്കും അത്.

മഴയില്ലാത്തതിനാൽ അസ്വസ്ഥരായിരിക്കയാണു മനുഷ്യർ—തവള പറഞ്ഞു. സകലതും ഉണങ്ങിക്കരിഞ്ഞു പോവുകയാണ്. കതിരുകൾ കരിഞ്ഞു പോകുന്നു. ഞങ്ങൾക്കുപോലും—പക്ഷികൾക്കും തവളകൾക്കും കഷ്ടകാലം വന്നിരിക്കുന്നു— പുഴക്കളും ഒച്ചുകളും നാമാവശേഷമായിരിക്കയാണ്.

ടാന്യയുടെ പിതാവ്— കർഷകനാണയാൾ—വരൾച്ചയെപ്പററി സംസാരിക്കുന്നതു തവള കേൾക്കുകയുണ്ടായി. ആ സമയത്ത് അതിൽ ശ്രദ്ധ പതിപ്പിച്ചിരുന്ന ടാന്യ കരയാൻ തുടങ്ങി. വരൾച്ചകൊണ്ടു ദുഃഖിതരായ പിതാവിന്റെയും മററു കൂട്ടുകൃഷിക്കാരുടെയും അവസ്ഥ അവളെ വേദനിപ്പിക്കുകയായിരുന്നു. വാടിക്കൊഴിഞ്ഞ റാസ്പ്ബെറിപ്പടർപ്പിനടുത്തു ടാന്യ നില്ക്കുന്നതു തവള കണ്ടിട്ടുണ്ട്. അവൾ കരുവാളിച്ച ഉണക്കിലകൾ തൊട്ടുനോക്കുന്നതും കരയുന്നതും അതു കാണുകയുണ്ടായി. മഴയുണ്ടാക്കാനുള്ള മാർഗ്ഗം മനുഷ്യർ താമസിയാതെ കണ്ടുപിടിക്കുമെന്നു ടാന്യയുടെ അച്ഛൻ പറയുന്നതു കേട്ടിട്ടുണ്ട് ആ തവള. പക്ഷെ അതുവരെ മററു സഹായങ്ങൾ വേണമല്ലോ.

“അതുവേണം” കുരുവി സമ്മതിച്ചു. “പക്ഷേ എങ്ങനെയാണ്? മഴ വളരെ വളരെ അകലെയാണ്. അനേകായിരം നാഴികയ്ക്കരെ. ഇന്നലെ പറക്കുന്നതിനിടയിൽ അതുവരെയെത്താൻ എനിക്കു സാധിച്ചില്ല. പക്ഷേ ഞാൻ കാണുകയുണ്ടായി. നല്ല കനത്തമഴ. ഒന്നേയുള്ളു. അതിങ്ങോട്ടെത്തുകയില്ല. ഇവിടെ എത്തുന്നതിനുമുമ്പുതന്നെ അതു പെയ്തുതീരും.”

"ഇങ്ങോട്ടുകൂട്ടിക്കൊണ്ടു വന്നുകൂടേ?" തവള അപേക്ഷിച്ചു.

"അതത്ര എളുപ്പമല്ലെന്നറിഞ്ഞുകൂടേ. കൂടാതെ, കുരുവിയുടെ തൊഴിലല്ല അതു്. സ്വിഫ്റ്റുകൾക്കു് അതു ചെയ്യാൻ പററുന്നതാണു്–അവർ കുറേക്കൂടി വേഗത്തിലാണു പറക്കുക"

"എന്നാൽ അവരോടുപറയൂ."

"അങ്ങനെയങ്ങുപറഞ്ഞാൽമതിയല്ലോ. അവരെന്തുതരക്കാരാണെന്നറിയാമോ–അറിയാതെ അവരുടെ കുഞ്ഞുങ്ങളുടെ മേൽ ഒന്നു മുട്ടിപ്പോയെന്നു വിചാരിക്കൂ. പിന്നത്തെ കോലാഹലത്തിനു് അവസാനമില്ല. ഏററുമുട്ടലിനെ വഷളാക്കുകയേ അവർ ചെയ്യൂ. നിലവിളിയും അലർച്ചയും ചിലയ്ക്കലും മാത്രം"

തവള തിരിച്ചുനടന്നു. അതിൻെറ കണ്ണിൽനിന്നു് ഒരശ്രുബിന്ദു പുല്ലിൽ വീണു.

"ശരി, കുരുവികളായ നിങ്ങൾക്കു മഴയെ ഇങ്ങോട്ടുകൂട്ടിക്കൊണ്ടുവരാൻ സാധിക്കില്ലെങ്കിൽ, ഇനി സ്വിഫ്റ്റുകളോടു പറഞ്ഞിട്ടെന്തുകാര്യം?" അതു പൊട്ടിക്കരഞ്ഞു.

"എന്താണു് പറഞ്ഞതു്, ഞങ്ങൾക്കു കഴിയില്ലെന്നോ?" കുരുവി ദേഷ്യപ്പെട്ടു.

"ആരുപറഞ്ഞു? ഞങ്ങൾക്കു ചെയ്യാനാവാത്തതൊന്നുമില്ല. മിന്നലിനെ തോല്പിക്കാൻ ഞങ്ങൾക്കു സാധിക്കും. വിമാനത്തേക്കാൾ വേഗത്തിൽ പറക്കാനും പററും. ഈച്ചകളെ പിടിക്കുന്നതുപോലെ തന്നെ മഴയെ ആനയിക്കുന്നതു് എളുപ്പമാണു് ഞങ്ങൾക്കു്. പക്ഷേ അതിനു് ഒന്നൊഴിയാതെ ഇവിടെയുള്ള എല്ലാ കുരുവികളെയും സംഘടിപ്പിക്കണം."

കുരുവി തൻെറ നഖങ്ങൾ കൊത്തി വൃത്തിയാക്കുകയും ഗാഢമായി ചിന്തിക്കുകയും ചെയ്തു.

"അതാ! കരയാതിരിക്കൂ. ഞങ്ങൾ മഴയെ ഇങ്ങോട്ടെത്തിക്കാം."

"എപ്പോൾ?" തവള ചോദിച്ചു.

കുരുവി വീണ്ടും സ്വയം കൊത്തി വെടിപ്പാക്കാനും ചിന്തിക്കാനും ആരംഭിച്ചു.

"നോക്കട്ടെ. എല്ലാ കരുവികളെയും വിളിച്ചുകൂട്ടുന്നതിനു രണ്ടു മണിക്കൂറോളം വേണ്ടിവരും. മഴക്കാറുകളുടെ അടുത്തെത്താൻ രണ്ടുമണിക്കൂറെടുക്കും. മഴയുമായി തിരിച്ചുവരുന്നതാണു വിഷമം. നാലുമണിക്കൂറെങ്കിലും വേണ്ടിവരും. അതുകൊണ്ടു് രാവിലെ പത്തുമണിക്കു തങ്ങൾ തിരിച്ചെത്തുമെന്നു പ്രതീക്ഷിക്കാം. ആകട്ടെ, ഇനി സമാധാനമായിരിക്കു.''

കുരുവി കൂട്ടിലേയ്ക്കു പറന്നുയർന്നു് ഒന്നു ചിലച്ചു. അതിനുശേഷം പലകയിട്ടുമേഞ്ഞ മേൽപുരയുടെ പിന്നിൽ അതു് അപ്രത്യക്ഷമായി.

തവള വീട്ടിലേയ്ക്കു തിരിച്ചു. വീട്ടിൽ എല്ലാവരും ഗാഢനിദ്രയിൽ മുഴുകിയിരിക്കുകയായിരുന്നു

അതു ചാറയ്ക്കകത്തേയ്ക്കു കയറി. പിന്നീടു മേപ്പിൾ കൊമ്പിലേയ്ക്കെത്തി പതുക്കെയൊന്നു ശബ്ദിച്ചു. ആരും അതു കേൾക്കുകയുണ്ടായില്ല. അതു ശബ്ദമുയർത്തി. വീണ്ടും വീണ്ടും ശബ്ദമുയർത്തി. വേഗത്തിൽ മുറികളിലും പിന്നീടു പൂന്തോട്ടത്തിലും അതിൻെറ ശബ്ദം തങ്ങിനിന്നു മുഴങ്ങി. ഗ്രാമത്തിലെ പൂവൻകോഴികളൊക്കെ ഉണൎന്നു കൂവുവാൻ തുടങ്ങി; മൎപടിയെന്നവണ്ണം. ഓരോന്നും മുററുള്ളവയെ തോല്പിക്കുന്നതിനു് ആവും മട്ടിൽ ശ്രമിച്ചു. അവയുടെ ശബ്ദം പരുഷമായി. ഒടുവിൽ ഒച്ചപൊങ്ങാതായി. വീണ്ടും പഴയപടിയാവുകയും ചെയ്തു. കൂവുന്നതിന്നിടയ്ക്കു് അവ ചിറകുകൾ ആഞ്ഞടിച്ചുകൊണ്ടിരുന്നു. എന്തൊരു കോലാഹലം! സകലരും ഉണർന്നു. ഗ്രാമത്തിനു തീ പിടിച്ചിരിക്കയാണെന്നു് എല്ലാവരും വിചാരിച്ചു.

"എന്താണു്, എന്താണു്?" ഉറക്കം തൂങ്ങിക്കൊണ്ടു ടാന്യ ചോദിച്ചു.

"മഴപെയ്യാൻ പോകുന്നു. മഴ.'' അച്ഛൻെറ ശബ്ദം അടുത്തമുറിയിൽ നിന്നു വന്നു. ''കേൾക്കുന്നില്ലേ? നിൻെറ തവള

വിളിച്ചുപറയുകയാണ്. എല്ലായിടത്തെയും കോഴികൾ കൂവാൻ തുടങ്ങിയിരിക്കുന്നു. ശരിയായ ലക്ഷണം."

ഗ്ലെബ്ബ് മെഴുകുതിരിയുമേന്തി ടാന്യയുടെ മുറിയിൽ പ്രവേശിച്ച് നേരെ തവളയുടെ സ്ഫടികഗൃഹത്തിനടുത്തേയ്ക്കു ചെന്നു.

"സംശയിക്കാനൊന്നുമില്ല. ഞാൻ വിചാരിച്ചതുപോലെ തന്നെ. തവള മരക്കൊമ്പിൽ കയറിയിരുന്ന് ആകാവുന്നിടത്തോളം ഉറക്കെ ശബ്ദിക്കയാണ്. ഈ അദ്ധ്വാനം കൊണ്ടു പച്ചനിറമുള്ളതായിത്തീർന്നിരിക്കുന്നു അതു്." ഗ്ലെബ്ബമ്മാവൻ പറഞ്ഞു.

പുലരിയണഞ്ഞു, മററന്നത്തേയും പോലെ അന്നും കണികാണാനില്ല, മേഘം. പക്ഷേ പത്തുമണിയായതോടെ, അങ്ങു പടിഞ്ഞാറ് ഒന്നാമത്തെ ഇടിവയൽപ്പരപ്പിനു മുകളിലൂടെ അലറിപ്പാഞ്ഞു.

കൃഷിക്കാർ നദീതീരത്തുള്ള പാറക്കെട്ടുകളിൽ കയറിനിന്നു്, കൈ കണ്ണിനുമുകളിൽ പിടിച്ചുകൊണ്ടു പടിഞ്ഞാട്ടു നോക്കി. കുട്ടികൾ മേല്പുരയിൽ കയറിനിന്നു. അരീഷാ എല്ലാ പൈപ്പുകളുടെയും താഴെ തൊട്ടികളും പാത്രങ്ങളും തയാറാക്കിവയ്ക്കുന്നതിൽ വ്യാപൃതയായി. ടാന്യയുടെ പിതാവ് ഇടയ്ക്കിടയ്ക്കു മുററത്തേയ്ക്കോടിച്ചെന്നു ആകാശം നോക്കി നിന്നുകൊണ്ടിരുന്നു. ഇടിനാദം ശ്രദ്ധിച്ചുകൊണ്ടു് അയാൾ പറഞ്ഞു. അതു വെറുതെ കടന്നുപോകാതിരുന്നെങ്കിൽ—കുറച്ചെങ്കിലും മഴ നമുക്കു കിട്ടിയെങ്കിൽ" ടാന്യയും പിന്നിൽ പററിക്കൂടിനിന്നു് ശ്രദ്ധിക്കുകയായിരുന്നു.

ഇടിനാദം അടുത്തെത്തിത്തുടങ്ങി. അതൊടൊപ്പം അതിന്റെ ഗാംഭീര്യവും വർദ്ധിച്ചു. ഒരു കാർമേഘം പടിഞ്ഞാറെ ചക്രവാളത്തിൽ പ്രത്യക്ഷപ്പെട്ടു. ചൂണ്ടലുകൾ എടുക്കാനും ബൂട്ട്സിൽ എണ്ണപുരട്ടാനും ഗ്ലെബ്ബ് തിടുക്കം കാണിച്ചു. നല്ലൊരു മഴയ്ക്കുശേഷം മത്സ്യങ്ങൾ ഭ്രാന്തുപിടിച്ചതുപോലെ ഇരകൊത്തുമെന്ന് അയാൾ പ്രഖ്യാപിച്ചു.

പുത്തൻകാററ് ശ്വസിക്കാൻ സുഖമാണ്. തോട്ടത്തിൽ ഇലകൾ പതുക്കെ മർമ്മരം പുറപ്പെടുവിച്ചു കൊണ്ടിരുന്നു. മഴക്കാറ് അടുത്തെത്തി. സന്തോഷതിമിർപ്പോടെ മിന്നൽപ്പിണർ ആകാശത്തെ പിളർക്കുകയായിരുന്നു.

ഒന്നാമത്തെ മഴത്തുള്ളി ഇരുമ്പുമേൽപുറത്തുവീണ ശബ്ദമുയർന്നു. പിന്നെ നിബിഡമായ നിശ്ശബ്ദത. എല്ലാവരും ശ്വാസമടക്കി, രണ്ടാമത്തെ മഴത്തുള്ളിയെ പ്രതീക്ഷിച്ചുകൊണ്ടു സശ്രദ്ധം നില്ക്കുന്നതുപോലെ. ഒന്നാമത്തെ മഴത്തുള്ളി യഥാസ്ഥാനത്തുതന്നെയാണോ വീണതെന്നു തീരുമാനിക്കാൻവേണ്ടി മഴയും തെല്ലൊന്നു നിന്നു ശ്രദ്ധിക്കുകയാണെന്നു തോന്നും. അതിന്നു സംതൃപ്തിലഭിച്ചെന്നു തോന്നുന്നു. അനേകായിരം മഴത്തുള്ളികൾ ഒന്നിച്ചുവീണ് മേൽപുരപ്പുറത്ത് ചെണ്ടകൊട്ടാൻതുടങ്ങി. ജനലകൾക്കു വെളിയിൽ ആകർഷകമായി പൊഴിഞ്ഞു വീണുതുടങ്ങി മഴ.

"ഇങ്ങോട്ടു വരൂ, വേഗം!" മുകളിൽനിന്ന് ഗ്ലെബ്ബിന്റെ ശബ്ദം ഒഴുകിവന്നു.

എല്ലാവരും മുകളിലേയ്ക്ക് ഓടിച്ചെന്നു. അക്കൂട്ടത്തിൽ ഏററവും പിന്നിൽ ടാന്യയും ഉണ്ടായിരുന്നു.

അങ്ങു മുകളിൽ ലക്ഷക്കണിനു കൊച്ചുപക്ഷികൾ മഴമുകിലുകളെ തെളിക്കുന്നതും പാറിപ്പറന്നു വഴിതെററിപ്പോകാതെ സൂക്ഷിക്കുന്നതും കാണാമായിരുന്നു. അനവധി പക്ഷികൾ ഒന്നിച്ചു മേഘങ്ങളുടെ അടുത്തേയ്ക്കു കുതിച്ചുചെല്ലുകയാണ്. അതിന്റെ ഫലമായി ശക്തമായ ഒരു കാററുളവാകുന്നു. അതു് മേഘങ്ങളെ ഭൂമിയോടു കൂടുതൽ കൂടുതൽ അടുപ്പിക്കുകയാണ്. അവയെല്ലാം ചരപിരന്നനെ വരണ്ടവയലുകളിലും കാട്ടുറിത്തോപ്പുകളിലും വീണുകൊണ്ടിരുന്നു.

ചില പറവകളുടെ ചിറകിൽ ചാററൽമഴയേററു. അവ മുന്നോട്ടു നീങ്ങുമ്പോൾ അവ നൂൽപോലെ പോഴിഞ്ഞുകൊണ്ടിരുന്നു.

ചിലപ്പോൾ, പെട്ടെന്നാണ് ആ പക്ഷികൾ ചിറകടിക്കുക. അപ്പോൾ പുറപ്പുറത്തു മഴ ആഞ്ഞടിക്കും. മാളികപ്പുറത്തിരിക്കുന്നവർക്കു വളരെ ഉറക്കെ സംസാരിക്കേണ്ടിവരും, അന്യോന്യം കേൾക്കാൻ. എന്നാലും ആർക്കും ഒരു വാക്കും തിരിഞ്ഞെന്നു വരുകയില്ല.

"എന്താണിതു്?, പക്ഷിമഴയോ?" ടാന്യ ചോദിച്ചു.

"എനിക്കറിഞ്ഞുകൂടാ. എന്തെങ്കിലും മനസ്സിലാവുന്നുണ്ടോ, ഗ്ലെബ്ബ്?" ടാന്യയുടെ പിതാവു ചോദിച്ചു.

"ഇല്ലല്ലോ." ഗ്ലെബ്ബ് പറഞ്ഞു. "കുരുവികളെല്ലാം പുതിയപാർപ്പിടം തേടിപ്പോകുകയാണെന്നു തോന്നുന്നു."

പുറപ്പുറത്തു് ആഞ്ഞടിച്ചുകൊണ്ടിരുന്ന പേമാരി ശാന്തമായ മഴയായി മാറി. കുരുവികളെല്ലാം പോയിക്കഴിഞ്ഞു. ടാന്യ തവളയെ ചാറയിൽനിന്നു പുറത്തെടുത്തു് പൂമുകലന്, മർമ്മരം പൊഴിക്കുന്ന തോട്ടത്തിൽ വിട്ടു. മഴച്ചാറലേററ് അവിടത്തെ പുല്ലോടികളും ഇലകളും ഉലയുകയായിരുന്നു.

അവൾ ആ തവളയുടെ തണുത്ത കൊച്ചു തലയിൽ പതുക്കെ പതുക്കെ തഴുകിക്കൊണ്ടുപറഞ്ഞു:

"മഴ കൊണ്ടുവന്നതിനു നന്ദി. ഇനി നീ പേടിക്കണ്ട. ആരും നിന്നെ തൊടില്ല."

തവള ടാന്യയെ നോക്കി, പക്ഷേ, ഒന്നും പറഞ്ഞില്ല. മനുഷ്യരുടെ ഭാഷയിലെ ഒരൊററവാക്കുപോലും ഉച്ചരിക്കാൻ അതിന്നു സാധിക്കില്ലല്ലോ—സ്വന്തം ഭാഷയിൽ ശബ്ദിക്കാനേ കഴിയൂ. എങ്കിലും അതിൻെറ കണ്ണുകളിൽ സ്നേഹപാരമ്യം നിഴലിച്ചിരുന്നു. ടാന്യ അതിനെ വീണ്ടും തലോടി.

തവള പുകയിലച്ചെടിയുടെ താഴേയ്ക്കു ചാടിച്ചെന്നു് ശരീരം ഇളക്കാൻ തുടങ്ങി. മഴയത്തു് അങ്ങനെയാണതു കുളിക്കുക.

അതിനുശേഷം എല്ലാവരും തവളയോടു സ്നേഹപുരസ്സരമാണ് പെരുമാറിയതു്. അതിനെയെങ്ങാനും കണ്ടുപോയാൽ ഇപ്പോൾ അരീഷ നിലവിളിക്കാറില്ല. തൻെറ അമൂല്യമായ

ചാറയിൽ സൂക്ഷിച്ചുവയ്ക്കാറുള്ള ഏററവും നല്ല പുഴക്കളെ അതിന്നു കൊടുത്തുതുടങ്ങി ഗ്ലെബ്ബ്.

ഇതിനിടയ്ക്കു മഴയേററ കതിരുകൾ വിളഞ്ഞു. നനഞ്ഞ പൂന്തോട്ടങ്ങൾ വെളിച്ചത്തിൽ വെട്ടിത്തിളങ്ങി. കായ്കറിത്തോട്ടത്തിൽ നിന്നു് നല്ല കുമ്പളങ്ങയുടെയും തക്കാളിയുടെയും പെരുംജീരകത്തിൻെറയും ഹൃദ്യമായ മണം ഉയൎന്നു. മത്സ്യങ്ങൾ കൂട്ടംകൂട്ടമായി കൊളുത്തിൽ അത്യാൎത്തിയോടെ ചെന്നു കൊത്തും. അതുകൊണ്ടു്, ദിവസേന ഗ്ലെബ്ബിൻെറ വിലപ്പെട്ട തിളങ്ങുന്ന കൊളുത്തുകളിൽനിന്നു രക്ഷപ്പെടുകയും പതിവായി.

ടാന്യ തോട്ടത്തിൽ അവിടവിടെ ചുററിത്തിരിഞ്ഞു നടക്കും. തവളയുടെകൂടെ ഒളിച്ചുകളിക്കും. അങ്ങനെ മഞ്ഞിൽ കണികകളേററു് അവളുടെ ഉടുപ്പു് നനയുകയും ചെയ്യും. ഉദ്യാനത്തിൽ ഇത്തരം സംഭവങ്ങളും ചിരിയും നടക്കുന്നതെന്തുകൊണ്ടെന്നറിയാൻ ജിജ്ഞാസുക്കളായ എട്ടുകാലികൾ മരച്ചില്ലകളിൽ നിന്നു് അദൃശ്യമായ നൂൽനീട്ടുന്നു. കാൎയ്യംമനസ്സിലായതോടെ, അവ നൂലുകൾ സൂചിത്തലപ്പിനോളം വലുപ്പമുള്ള ചുരുളുകളാക്കി ഇലകളുടെ ഇളംചൂടുള്ള തണലിൽ കിടന്നുറങ്ങുവാൻ തുനിയുകയാണു്.

38542

# ഒരു കുട്ടച്ചുള്ളിക്കൊമ്പുകൾ

ആ ശരൽകാലത്തു് സംഗീതജ്ഞനായ എഡ്വേഡ് ഗ്രീഗ് ബെർഗനടുത്തുള്ള ഒരു നാട്ടിൻപുറത്താണു താമസിച്ചതു്. മർമ്മരംപുറപ്പെടുവിക്കുന്ന ഇലകളും ശബ്ദമുയർത്തുന്ന കൂണുകളും നിറഞ്ഞ എല്ലാ വനപ്രദേശങ്ങളും ആഹ്ളാദകരങ്ങളാണ്. എന്നാൽ കടലിന്നടുത്തു തലയുയർത്തിനില്ക്കുന്ന മലകളോടുചേർന്നു നില്ക്കുന്നവ പ്രത്യേകിച്ചും ആഹ്ളാദമുണ്ടാക്കുന്നവയാണ്. തിരമാലകളുടെ ശബ്ദംകൊണ്ടു് അവ മുഖരിതമാകുന്നു. മരങ്ങളെ കടലിലെ മൂടൽമഞ്ഞുകൊണ്ടു് ആവരണം ചെയ്യുന്നു. ഈറനായ അന്തരീക്ഷത്തിൽ പൊടിച്ചുയരുന്ന പൊടിപ്പുല്ലു് ശാഖകളിൽ നിന്നു് നിലത്തേയ്ക്കു താടിപോലെ നീണ്ടുനില്ക്കുകയാണ്. ഈ കാട്ടിൽത്തന്നെ രസികൻ ഒരു മാറ്റൊലി, ഒരു അനുകാരപ്പക്ഷിയുമുണ്ടു്. ഓരോ ശബ്ദത്തേയും പിടികൂടി പാറക്കെട്ടുകൾക്കു മുകളിലൂടെ അവയെ എറിഞ്ഞെത്തിക്കാൻ കൊതിപൂണ്ടിരിക്കയാണതു്.

ഇത്തരമൊരു കാട്ടിലാണ് ഗ്രീഗ് ഒരു ബാലികയെ കണ്ടുമുട്ടിയതു്. മുടി രണ്ടായിപിന്നി പിന്നിലേയ്ക്കിട്ടിരിക്കുകയാണവൾ. കൈയിൽ ഒരു കുട്ടയുണ്ടു്. അവൾ ചുള്ളികൾ പെറുക്കുകയായിരുന്നു.

ശരൽകാലം സമാഗതമായിക്കഴിഞ്ഞു. ആരെങ്കിലും ലോകത്തിലുള്ള സ്വർണ്ണവും ചെമ്പും തല്ലിപ്പരത്തി അവയെ അസംഖ്യം മനോഹരമായ ഇലകളാക്കിയാലും അവ മലയുടെ ശരൽകാല വിഭൂതിയുടെ തുലോം തുഛമായ ഒരു ഭാഗം മാത്രമേ ആവുകയുള്ളു. അതുപോലെതന്നെ അവയുടെ ശില്പവിധാനം എത്ര മികച്ചതായിരുന്നാലും ശരി, പ്രകൃതിയുടെ നിർമ്മാണ നൈപുണ്യത്തി

നോട്ട താരതമ്യപ്പെടുത്തുമ്പോൾ അതു് അപരിഷ്കൃതമായേ തോന്നുകയുള്ളു. പ്രത്യേകിച്ചും പക്ഷിയുടെ ഗാനം കേട്ടാലുടൻ തുള്ളിത്തുടങ്ങുന്ന ആസ്പെൻ ഇലകൾ.

"നിന്റെ പേരെന്താണു, കുഞ്ഞേ?'' ഗ്രീഗ് ചോദിച്ചു.

"ഡാഗ്നി പെഡെർസൻ'' ഭയത്തേക്കാൾ ലജ്ജകൊണ്ടു പതിഞ്ഞ സ്വരത്തിൽ മറുപടി—അവൾ ഭയപ്പെടാൻ കാരണമൊന്നുമില്ല. കാരണം, ഗ്രീഗിന്റെ കണ്ണുകൾ ആഹ്ളാദം കൊണ്ടു മിന്നുകയായിരുന്നു.

"നിനക്കുതരാൻ ഒരു സമ്മാനം എന്റെ കൈയിലില്ലാത്തതു് എത്ര കഷ്ടമായി'' ഗ്രീഗ്വേദനാപൂർവ്വം പറഞ്ഞു. "റിബണില്ല, പാവയില്ല, വെൽവെററ് മുയലുമില്ല.''

''വീട്ടിൽ എനിക്കു് ഒരു പഴയ പാവയുണ്ടു്'' അവൾ അയാളെ അറിയിച്ചു. ''അമ്മയുടേതായിരുന്നു അതു്. അവളുടെ കണ്ണു് ഇങ്ങനെ അടയും. അവൾ കണ്ണുകൾ പതുക്കെ അടച്ചു. വീണ്ടും തുറന്നപ്പോൾ അവ ഹരിതാഭമാണെന്നും, കാട്ടിലെ ഇലകളുടെ പൊന്നൊളി അവയിൽ തങ്ങുകയാണെന്നും അയാൾകണ്ടു.

"ഇപ്പോൾ അവൾ കണ്ണുതുറന്നാണുറങ്ങുക.'' ഖിന്നതയോടെ ആ ബാലിക തുടർന്നു. "പ്രായമായവർക്കു സുഖമായി ഉറങ്ങാൻ സാധിക്കുകയില്ല. അപ്പൂപ്പന്റെ കഥതന്നെ എടുത്തോളൂ— രാത്രി മുഴവൻ ഞരങ്ങിയും നിരങ്ങിയും കഴിക്കുകയാണു്."

"എന്താണെന്നു പറയാമോ, ഡാഗ്നി,'' ഗ്രീഗ് പറഞ്ഞു: ''ഞാൻ ഒരു കാര്യമാലോചിക്കയാണു്. നിനക്കു് നല്ലൊരു സമ്മാനം തരാൻപോകുന്നു. ഇപ്പോഴല്ല, പത്തുകൊല്ലത്തിനകം."

"ഓ, അതു വളരെ വൈകിയിട്ടല്ലേ'' അന്ധാളിച്ചുകൊണ്ടു് അവൾ കൈകൾ പിണച്ചുപിടിച്ചു.

''അതെ. അതുണ്ടാക്കണ്ടേ?"

"എന്തായിരിക്കും?''

"സമയമാവുമ്പോൾ അറിയാം."

"പത്തുകൊല്ലം വേണോ അതിനു്? ജീവിതകാലം മുഴുവനും കൊണ്ടു് അഞ്ചോ കളിപ്പാട്ടങ്ങളേക്കാൾ അധികം ഉണ്ടാക്കാൻ സാധിക്കില്ലേ?'' അവളുടെ ശബ്ദത്തിൽ അല്പം പഴിക്കുന്ന മട്ടുണ്ടായിരുന്നു.

"അതല്ല." സന്ദേഹത്തോടെ അയാൾ പ്രതിവചിച്ചു: "അതിനു് ഏതാനും ദിവസങ്ങൾ മതിയായേക്കാം. പക്ഷേ കുട്ടികൾക്കു കൊടുക്കാനുള്ളതല്ല അതു്, മുതിന്നവർക്കു മാത്രമുള്ളതാണു് എന്റെ സമ്മാനങ്ങൾ."

ഡാഗ്നി അപേക്ഷാ ഭാവത്തിൽ അയാളുടെ ഉടുപ്പിന്റെ കൈയിലൊന്നു തൊട്ടു. "ഞാൻ പൊട്ടിച്ചു കളയില്ല സത്യം. ഒന്നും ചെയ്യില്ല. അപ്പൂപ്പന്റെ കൈയിൽ ഒരു കണ്ണാടിത്തോണിയുണ്ടു്. അതു് തുടച്ചു മിനുക്കുന്നതു ഞാനാണു്. ഒരു ചെറിയ കഷണംപോലും ഞാൻ അടത്തിക്കളഞ്ഞിട്ടില്ല."

"ഈ ഡാഗ്നി എന്നെ വല്ലാത്ത ഒരു വിഷമസന്ധിയിൽ കുടുക്കി'' ഗ്രീഗ് വിചാരിച്ചു. ഇത്തരം അവസരങ്ങളിൽ മുതിന്നവർ സ്വീകരിക്കാറുള്ള തന്ത്രം തന്നെ അയാൾ സ്വീകരിച്ചു: "നീ ഇപ്പോഴും ഒരു ചെറിയ കുട്ടിയാണു്. നിനക്കു മനസ്സിലാക്കാൻ ഇന്നു സാധിക്കാത്ത പല സംഗതികളുമുണ്ടു്. കുറച്ചു ക്ഷമ പഠിക്കൂ. ആട്ടെ, ആ കൂട്ട ഞാനെടുക്കാം—നിനക്കെടുക്കാൻ വയ്യാത്ത ഭാരമുണ്ടു് അതിനു്. ഞാൻ വീടുവരെ നിന്റെ കൂടെ പോരാം. നമുക്കു മറേറതെങ്കിലും കാര്യത്തെപ്പററി സംസാരിക്കുകയും ചെയ്യാം.''

നെടുവീർപ്പിട്ടുകൊണ്ടു ഡാഗ്നി ആ കൂട്ട ഗ്രീഗിന്റെ കൈയിൽ കൊടുത്തു. വാസ്തവത്തിൽ, അതു വളരെ കനത്തതായിരുന്നു. പശവററാത്ത ഫിർചുള്ളികൾക്കു് പയിൻ ചുള്ളികളെക്കാൾ ഘനമുണ്ടായിരിക്കുമല്ലോ.

വനംസൂക്ഷിപ്പുകാരന്റെ കൊച്ചു വീടു് മരങ്ങൾക്കിടയിലൂടെ കാണാമെന്നായപ്പോൾ ഗ്രീഗ് പറഞ്ഞു: "ശരി, ഡാഗ്നി, ഇനിയുള്ള വഴി നീ തനിച്ചു പൊയ്ക്കോളൂ. ആകട്ടെ–നോ

ർവ്വേയിൽ അനവധി ചെറിയഡാഗ്നിപെഡെർസന്മാരുണ്ടാവാനിടയുണ്ട്. നിൻെറ അച്ഛൻെറ ശരിയായ പേരെന്താണ്?''

"ഹാഗെറപ്പ്" ഡാഗ്നി മറുപടി പറഞ്ഞു. ''അങ്ങോട്ടു വരുന്നില്ലേ?'' നെററി ചുളിച്ചുകൊണ്ട് അവൾ ചോദിച്ചു. "അവിടെ ചിത്രപ്പണികളുള്ള മേശ വിരിയും ചെമന്നപൂച്ചയും കണ്ണാടിത്തൊണിയുമുണ്ട്. അതു കൈയിലെടുക്കാൻ അപ്പൂപ്പൻ സമ്മതിക്കും.''

''നന്ദി. പക്ഷേ ഇപ്പോൾ നിവൃത്തിയില്ല; പോകട്ടെ ഡാഗ്നി" ഗ്രീഗ് അവളുടെ മുടിയിൽ തലോടി കടലിൻെറ നേരെ നടന്നുപോയി. പുരികം ചുളിച്ച്, ഗൗരവം തിളങ്ങുന്ന കണ്ണുകളോടെ അവൾ അയാളെത്തന്നെ നോക്കിനിന്നു. കുട്ട ചാഞ്ഞുതൂങ്ങുകയായിരുന്നു അവളുടെ കൈയിൽ. അതിനാൽ ഏതാനും ചുള്ളികൾ നിലത്തുവീണു.

''ഉവ്വ് അതെ''ഗ്രീഗ് വിചാരിച്ചു. ''അവൾക്കു പ്രത്യേകമായി ഞാനൊരു ഗാനം രചിക്കും. ആദ്യത്തെ പേജിൽ തന്നെ അച്ചടിക്കും. വനം വിചാരിപ്പുകാരനായ ഹാഗെറപ്പ് പെഡെർസൻെറ മകൾ ഡാഗ്നി പെഡെർസനു്, പതിനെട്ടാം വയസ്സുതികയുമ്പോൾ."

* * * *

ബെർഗനിലെ വീട്ടിലെല്ലാം താൻ വിട്ടുപോയപ്പോഴത്തെ നിലയിൽത്തന്നെ കിടക്കുന്നതു് ഗ്രീഗ് കണ്ടു. പരവതാനികൾ, തിരശ്ശീലകൾ, കുഷനിട്ട ഫർണിച്ചർ എന്നിങ്ങനെയുള്ള ശബ്ദഗ്രാഹികളെല്ലാം മുമ്പുതന്നെ മാററിക്കഴിഞ്ഞിരിക്കുന്നു. ആ പഴയ സോഫമാത്രമേ ബാക്കിയുള്ളു. പത്തുപേർക്കു് ഒന്നിച്ചിരിക്കാം, അതിൽ. അതു കൈയൊഴിച്ചുകളയാൻ ഗ്രീഗിനു തോന്നിയില്ല. മരംവെട്ടുകാരൻെറ കുടിൽപോലെ ശൂന്യമാണ് ആ വീടു് എന്നു് അയാളുടെ ചങ്ങാതികൾ പറയാറുണ്ടു്. അതിനെന്തെങ്കിലും സവിശേഷത നല്കിയിരുന്നതു് പിയാനോ മാത്രമാണ്.

ആ വെള്ളപൂശിയ ചുമരുകൾക്കകത്തു് വശീകരണക്ഷമമായ ശബ്ദങ്ങൾ കേൾക്കാൻ ഒരു ഭാവനാശാലിക്കു സാധിക്കും–ചിലപ്പോൾ, അന്ധകാരത്തിലൂടെ, മുകളിൽ കാററിൻെറ ചൂളം വിളിയോടുകൂടിയ വടക്കേ കടൽ ഗർജ്ജിക്കുന്നതായിരിക്കും; മററുചിലപ്പോൾ ഒരു പെൺകുട്ടി തൻെറ തുണിപ്പാവയെ താരാട്ടുപാടി ഉറക്കുന്നയായിരിക്കും.

നവ്യവും മഹത്തരവുമായ കാര്യങ്ങൾക്കുവേണ്ടിയുള്ള മനുഷ്യാത്മാവിൻെറ തപരയെറിക്കുച്ചെന്നപോലെ തന്നെ സ്നേഹത്തെക്കുറിച്ചും ഗ്രീഗിൻെറ പിയാനോ നിർബ്ബാധം പാടാറുണ്ടു്. കറുത്തും വെളുത്തുമുള്ള കീകൾ അംഗുലിസ്പർശമേററു ചലിച്ചു് ദുഃഖിക്കുകയും ചിരിക്കുകയും ചെയ്യും. അലറും, കോപിക്കും. ഒന്നുമല്ലെങ്കിൽ, ശൂന്യതയിൽ വിലയിക്കും.

പിന്നീടു് നിശ്ശബ്ദതയിൽ ഒരു സ്വരത്തിൻെറ അവസാനത്തെ പ്രേതം–സിൻഡെറെലയുടെ സഹോദരിമാരെക്കുറിച്ചുള്ള പതിഞ്ഞവിലാപം ചെവിയിലെത്തിക്കും. കീബോർഡിൽനിന്നു് ആകാവുന്നിടത്തോളം അകലേയ്ക്കു ചാഞ്ഞിരുന്നു് ഗ്രീഗ് ഈ ഒടുവിലത്തെ ശബ്ദം ഒഴുകിയൊഴുകി അട്ടക്കളയിലെത്തി അലിഞ്ഞുതീരുന്നതുവരെ ശ്രദ്ധിച്ചുകൊണ്ടിരിക്കും. കുറേക്കാലമായി അവിടെ ഒരു മണ്ണട്ടയാണു താമസം. പൈപ്പിൽ നിന്നു് വെള്ളം ഇററിററുവീഴുന്നതും കേൾക്കാം. മെട്രോണോമിനെപ്പോലെ കൃത്യമായി താളം പിടിക്കുന്നുണ്ടാവും അതു്. കാലം ആർക്കുവേണ്ടിയും കാത്തിരിക്കുകയില്ല; അതുകൊണ്ടു്, ചെയ്യാനുള്ളതു വേഗം ചെയ്തുതീർക്കണം. ഓരോ ജലബിന്ദുവും ഇതു് ഊന്നിപ്പറയുകയായിരുന്നു.

ഡാഗ്നിപെഡെർസനുവേണ്ടിയുള്ള സംഗീതം സംവിധാനം ചെയ്യാൻ ഒരു മാസത്തിലധികം കാലം വേണ്ടിവന്നു ഗ്രീഗിനു്.

ഹേമന്തം വന്നുചേർന്നു. മൂടൽമഞ്ഞുപാളികൾ നിവർത്തി വീടുകളെ വിഴുങ്ങിനിന്നു. തുരുമ്പുപിടിച്ച കപ്പലുകൾ—സപ്തസ

മുദ്രങ്ങളിൽ നിന്നുംവരുന്നവയാണവ- നീരാവിയുദ്വമിച്ചുകൊണ്ടു് മരംകൊണ്ടുണ്ടാക്കിയ വാർഷകളിൽ മയങ്ങിനിന്നു. മഞ്ഞു വീണു. മഞ്ഞുകട്ടകൾ വീഴുന്നതും മരത്തലപ്പുകളിൽ തങ്ങുന്നതും തന്റെ ജാലകത്തിലൂടെ ഗ്രീഗിനു കാണാമായിരുന്നു.

സംഗീതത്തെ വാക്കുകളിലൂടെ ആവിഷ്കരിക്കുക ദുഷ്കരമാണു്. ബാലികാത്വത്തിന്റെ ആനന്ദവും ആകർഷകത്വവും ഗ്രീഗ് വർണ്ണിച്ചു. സ്വരങ്ങൾ ചിട്ടപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ പ്രകാശമുള്ള പച്ചക്കണ്ണുകളുള്ള ഒരു പെൺകുട്ടി തന്റെ നേരെ ഓടിവരുന്നതു് അയാൾ കാണുകയാണു്. സന്തോഷത്തോടെ കഴുത്തിൽ കെട്ടിപ്പിടിച്ചു് അവൾ തന്റെ ഇളം ചൂടുള്ള കവിൾത്തടങ്ങൾ അയാളുടെ നരച്ച കുററിരോമമുള്ള മുഖത്തു് അമർത്തുകയാണു്. "നന്ദി!" അവൾ പറഞ്ഞു, എന്തിനാണയാളോടു കൃതജ്ഞതപറയുന്നതെന്നു് അവൾക്കറിഞ്ഞുകൂടെങ്കിലും."

"സൂര്യനെപ്പോലെയാണു് നീ; പ്രഭാതത്തിലെ ഇളംകാററുപോലെയാണു്. വസന്തത്തിന്റെ പരിമളം മുററിനില്ക്കുന്നവെള്ളപ്പൂവാണു നിന്റെ ഹൃദയം." അയാൾ അവളോടു പറഞ്ഞു. "ഈ നീണ്ടകാലത്തിനിടയ്ക്കു ഞാൻ ജീവിതം ധാരാളം കണ്ടിട്ടുണ്ടു്. മററുള്ളവർ എന്തുംപറഞ്ഞുകൊള്ളട്ടെ, ജീവിതം അത്ഭുതകരവും അമൂല്യവുമാണെന്നു് എനിക്കറിയാം. ഞാൻ വൃദ്ധനാണു്, പക്ഷെ യുവത്വത്തിനു് ഞാൻ എന്റെ ജോലിയും കലാവാസനയും ജീവിതവും നിർല്ലോഭം കൊടുത്തിട്ടുണ്ടു് എന്നും. അതുകൊണ്ടാണു്, ഡാഗ്നി, ഞാൻ നിന്നെക്കാൾ ഒരു പക്ഷേ സന്തുഷ്ടനായിരിക്കുന്നതു്."

"നീ വടക്കൻ രാജ്യത്തിലെ മദ്ധ്യവേനൽ രാത്രിയുടെ നിഗൂഢമായ അർദ്ധപ്രകാശമാണു്. പുലരിയുടെ തിളക്കമാണു്. നീ ആനന്ദമാണു്. നിന്റെ ശബ്ദത്തിന്റെ അലകൾ എന്റെ ഹൃദയത്തെ നൃത്തംചെയ്യിക്കുന്നു. നിന്റെ കണ്ണുപതിയുന്നതെല്ലാം

കരസ്പർശമേല്ക്കുന്നതെല്ലാം അനുഗ്രഹീതമാകുന്നു. നിന്നെ സന്തോഷിപ്പിക്കുന്നതെല്ലാം, നിന്നെ ചിന്താഭരിതയാക്കുന്നതെല്ലാം അനുഗ്രഹിക്കപ്പെട്ടവയാണ്.

ഇതൊക്കെയായിരുന്നു ഗ്രീഗിൻെറ വിചാരം. അയാളുടെ അംഗുലികൾ കീകളുടെ മീതെ ചരിച്ചുകൊണ്ടു് ഈ ചിന്തകളെ രേഖപ്പെടുത്തി. ഒളിച്ചുനിന്നു കേൾക്കുന്നവർ എപ്പോഴും പുറമുണ്ടെന്നു് അയാൾ സംശയിച്ചു: മരങ്ങളിലിരിക്കുന്നപക്ഷികൾ, ഹാർബറിലിറങ്ങിയ മദ്യമത്തരായ നാവികന്മാർ, അയൽപക്കത്തെ അലക്കുകാരി, മണ്ണട്ട, ആകാശത്തിൽനിന്നു പൊഴിയുന്ന മഞ്ഞുകട്ടകൾ, പഴയ ഉടുപ്പുധരിച്ചസിൻഡെറെല -എല്ലാവരും. വികാരഭരിതരായി ആ പക്ഷികൾ ചിറകടിച്ചു ചിലയ്ക്കും പക്ഷേ ആ ചിലയ്ക്കലിനു പിയാനോവിൻെറ ശബ്ദത്തെ അധഃകരിക്കാൻ കഴിഞ്ഞില്ല. നാവികന്മാർ വാതിൽപ്പടികളിലിരുന്നു് അതു കേട്ടു് ഏങ്ങിയേങ്ങിക്കരയും. അലക്കുകാരി ശരീരം നിവർത്തി പുറംകൈകൊണ്ടു കലങ്ങിയ കണ്ണുകൾ തുടച്ചു് അത്ഭുതത്തോടെ തലയാട്ടും. ചീവിടു് ഇഷ്ടികയടുപ്പിൻെറ പിളർപ്പിൽ നിന്നു പുറത്തുവന്നു് ആ സംഗീതകാരനെ എത്തിനോക്കും. ആ കൊച്ചുവീട്ടിൽ നിന്നൊഴുകിവരുന്ന നാദത്തിൻെറ മനോഹരമായ വീചികളിൽ ഒന്നു മുങ്ങുന്നതിനായി ഹിമശകലങ്ങൾ അന്തരീക്ഷത്തിൽ തെല്ലിട നിന്നുപോകും. സിൻഡെറെലയാകട്ടെ, പുഞ്ചിരിയോടെ നിലത്തേയ്ക്കു നോക്കും. അവിടെ, അവളുടെ നഗ്നപാദങ്ങൾക്കരികിൽ നിന്നു് രണ്ടു സ്ഫടിക പാദുകങ്ങൾ ഗ്രീഗിൻെറ പിയാനോവിൻെറ ശബ്ദത്തിനൊത്തുക്കിലുങ്ങുകയാണ്.

മര്യാദക്കാരും ആകർഷകമായി വസ്ത്രമണിഞ്ഞവരുമായ ആസ്വാദകന്മാരെയല്ല, ഈ ശ്രോതാക്കളെയാണ് ഗ്രീഗിനിഷ്ടം.

*                *                *                *

ഡാഗ്നിക്കു് പതിനെട്ടു വയസ്സായി. പള്ളിക്കൂടം വിട്ടു. ക്രിസ്റ്റ്യാന്യയിൽ താമസിക്കുന്ന തൻെറ സഹോദരി മാഗ്ഡ

KOTTAYAM PUBLIC LIBRARY KOTTAYAM

യുടെ അടുക്കലേയ്ക്കു് പിതാവ് അവളെ അയച്ചു. അവൾ ലോകം കാണട്ടെ, രസിക്കട്ടെ! (മിനുത്തുതഴച്ച മുടി രണ്ടായി പിന്നിയിട്ടിട്ടുള്ള ഈ യുവസുന്ദരി അച്ഛന്റെ കണ്ണിൽ ഇന്നും വെറുമൊരു കുഞ്ഞുമാത്രമാണു്.) ആളുകൾ എങ്ങനെയാണു ജീവിക്കുന്നതെന്നു് അവൾ മനസ്സിലാക്കട്ടെ. നാളെ അവൾക്കു വന്നുചേരാനിരിക്കുന്നതെന്താണെന്നു് ആർക്കറിയാം!—വിശ്വസ്തനും സ്നേഹസമ്പന്നനുമാണെങ്കിലും മന്ദബുദ്ധിയും ലുബ്ധനുമായ ഒരു ഭർത്താവായിരിക്കാം. അല്ലെങ്കിൽ, നാട്ടിൻപുറത്തെ ഏതെങ്കിലും കടയിലോ ബെർഗിലെ ഏതെങ്കിലും ഷിപ്പിങ്ങ് ഓഫീസിലോ ജോലിയാവാം.

ഒരു നാടകശാലയിലെ വസ്ത്രനിർമ്മാണമാണു മാഗ്ഡയുടെ തൊഴിൽ. അവരുടെ ഭർത്താവായ നിൽസ് വിഗ്ഗ് ഉണ്ടാക്കുന്നവനും. തിയറററിന്റെ മേൽക്കൂടിനു നേരെ താഴെയുള്ള ചെറിയ മുറിയിലേയ്ക്കെത്താൻ വീതികുറഞ്ഞ ഒരു കോണികയറണം. ജാലകത്തിലൂടെ നോക്കിയാൽ ഇബ്സന്റെ സ്മാരകവും വിവിധ രാജ്യങ്ങളുടെ കൊടികൾ പാറിപ്പറക്കുന്ന ഉൾക്കടലും കാണാം. തുറന്നിട്ട ജനലിലൂടെ കപ്പലുകളുടെ കാഹളം എപ്പോഴും കേൾക്കാം. അതുകൊണ്ടു്, ശബ്ദംകൊണ്ടുതന്നെ ഓരോകപ്പലിന്റെയും പേർ പറയാൻ നിൽസിനു കഴിഞ്ഞിരുന്നു—കോപ്പൻഹാഗനിൽ നിന്നുവരുന്ന നോർഡേർനേ, ഗ്ലാസ്ഗോവിൽനിന്നുള്ള സ്കോട്ടിഷ്ബാർസ്, ബോർഡോവിൽനിന്നെത്തിയ ജീൻഡ്'ആർക്കു്.

നാടകശാലയ്ക്കാവശ്യമായ സാധനങ്ങൾ ആ മുറിയിൽ തിങ്ങിക്കൂടി കിടക്കുകയായിരുന്നു—കസവുകൾ, പട്ടു്, മുഖപടങ്ങൾ, റിബൺ, നാട, കറുത്ത ഒട്ടകപ്പക്ഷിത്തൂവൽപിടിപ്പിച്ച തൊപ്പികൾ, ജിപ്സിഷാളുകൾ, നരച്ച കൃത്രിമമുടികൾ, പിച്ചളക്കുടുക്കുകളുള്ള ഉയർന്ന ബൂട്ട്സുകൾ, വടിവാളുകൾ, വിശറികൾ, തേഞ്ഞുതുടങ്ങിയ വെള്ളിച്ചെരുപ്പുകൾ. കേടുപാടുകൾ തീർക്കാനും തുന്ന

വാനും കഴുകാനും ഇസ്തിരി ഇടാനുമൊക്കെയുള്ളതാണവ. പുസ്തകങ്ങളിൽനിന്നും മാസികകളിൽനിന്നും വെട്ടിയെടുത്ത ചിത്രങ്ങൾ ഭിത്തികളിൽ തൂങ്ങുന്നു—ലൂയി പതിനാലാമന്റെ സദസ്യർ, കമ്പിളിപ്പാവാടയണിച്ച സുന്ദരികൾ, അശ്വാരൂഢന്മാർ, സാരാഫാൻ അണിഞ്ഞ റഷ്യൻ വനിതകൾ, നാവികന്മാർ മാലയിട്ട കടൽക്കള്ളന്മാർ. അവിടെ എപ്പോഴും ചായത്തിന്റെയും വാർണീഷിന്റെയും മണമുയന്നുകൊണ്ടിരുന്നു.

*   *   *   *

ഡാഗ്നി പലപ്പോഴും നാടകം കാണാൻ പോകാറുണ്ട്. അവ ഏററവും ആസ്വാദ്യമായിത്തോന്നിയിരുന്നു അവൾക്ക്. പക്ഷേ കണ്ടുകഴിഞ്ഞാൽപിന്നെ ഉറക്കം വരുകയില്ല. ചിലപ്പോൾ കിടക്കയിൽ കിടന്നു കരഞ്ഞുപോകാറുമുണ്ട്.

മാഗ്ഡയെ ഇതുവല്ലാതെ വിഷമിപ്പിച്ചു. നാടകരംഗത്തുകാണുന്നതെല്ലാം കാര്യമായെടുക്കരുതെന്നു പറഞ്ഞു. അവർ അവളെ സമാശ്വസിപ്പിക്കാൻ ശ്രമിക്കും. നിൽസ് അമ്മാവന്റെ അഭിപ്രായം മറെറാന്നാണ്. ഭാര്യയെ കുറുകുന്ന കോഴിയെന്നു വിളിച്ച് അയാൾ ചോദിക്കും, അതൊന്നും വിശ്വസിക്കുകയില്ലെങ്കിൽപ്പിന്നെ നാടകത്തിന്റെ ആവശ്യമെന്താണെന്ന്. അങ്ങനെ ഡാഗ്നി വിശ്വസിച്ചുകൊണ്ടുതന്നെ ജീവിച്ചു.

ഒരുദിവസം പാട്ടുകച്ചേരിക്കുപോകാമെന്നു മാഗ്ഡ നിർദ്ദേശിച്ചു. ഒരു മാററമാവുല്ലോ. നിൽസ് എതിർക്കുകയുണ്ടായില്ല സംഗീതം പ്രതിഭയെ പ്രതിഫലിപ്പിക്കുന്നതല്ലേ? അവ്യക്തമെങ്കിലും ആർഭാടപൂർണ്ണമായ പദങ്ങളാണ് നിൽസ് ഇഷ്ടപ്പെട്ടിരുന്നതു്. അയാളുടെ അഭിപ്രായത്തിൽ ഡാഗ്നി പൂർവ്വരംഗത്തിന്റെ അനാവരണം പോലെയാണ്. മാഗ്ഡയ്ക്കു് ആളുകളിൽ പരിവർത്തനമുണ്ടാക്കാൻ മായികമായൊരു ശക്തിയുണ്ടെന്നയാൾ പ്രഖ്യാപിക്കും. തിയേററിലേക്കാവശ്യമായ വസ്ത്രങ്ങൾ തയാറാക്കലല്ലേ അവളുടെ ജോലി. വസ്ത്രം മാറുന്നതോടെ

മനുഷ്യനാകെ മാറിപ്പോകുന്നുവെന്നതു പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണല്ലോ. അതുകൊണ്ടു് ഇന്നലെ; ഇന്നലെ കൊലപാതകിയായ വില്ലനായിരുന്ന നടൻ ഇന്നു് ഹൃദയം തുറന്ന കാമുകനാകും; നാളെ വിദൂഷകൻ; മററന്നാളോ—നാടിൻെറ ആരാധനാപാത്രം.

'ഈ പഴയ തത്വചിന്തകൻെറ വാക്കൊന്നും ശ്രദ്ധിക്കണ്ട!' മാഗ്ഡ ഉറക്കെ പറയും. "ഡാഗ്നി കുഞ്ഞേ, നീ അതൊന്നും സാരമാക്കണ്ട. വെറും വിഡ്ഢിത്തം—എന്താണു പറയുന്നതെന്നു് അദ്ദേഹത്തിനുതന്നെ അറിഞ്ഞുകൂടാ."

മിതോഷ്ണമുള്ള ജൂൺ മാസം. വടക്കൻ രാജ്യങ്ങളുടെ 'വെളുത്ത രാത്രി'കളുടെ കാലം. പബ്ളിക് പാർക്കിലെ തുറസ്സായ സ്ഥലത്തുവച്ചായിരുന്നു കച്ചേരി. തൻെറ ഒരേയൊരു നല്ല ഫ്രോക്കു്—വെളുപ്പുനിറമാണതിനു്— ധരിക്കണമെന്നായിരുന്നു ഡാഗ്നിയുടെ ആഗ്രഹം. പക്ഷേ നീൽസ് അമ്മാവനു് അക്കാര്യം കേൾക്കുകയേ വേണ്ട. പശ്ചാത്തലത്തിൽ തെളിഞ്ഞു നില്ക്കണം ഒരു സുന്ദരി എന്നദ്ദേഹം ശഠിച്ചു. അയാൾ നീണ്ടൊരു പ്രസംഗംതന്നെ ചെയ്തു. അതിങ്ങനെ ഒരുപദേശമായി സംക്ഷേപിക്കാം: സാധാരണ രാത്രികളിൽ ശ്വേതവസ്ത്രംകൊണ്ടു തെളിഞ്ഞു നില്ക്കണം. പക്ഷേ വെളുത്ത രാത്രികളിൽ—കറുത്ത വസ്ത്രം ധരിക്കുക.

നീൽസ് അമ്മാവനോടു വാദിക്കുന്നതു നിഷ്ഫലമാണു്. അതുകൊണ്ടു മാഗ്ഡ തിയററിലെ വസ്ത്രശേഖരത്തിനിടയിൽ നിന്നു് പട്ടുപോലെ മൃദുലമായ ഒരു കറുത്ത വസ്ത്രം തെരഞ്ഞെടുത്തു. ഡാഗ്നി അതു ധരിച്ചപ്പോൾ, നീൽസ് അമ്മാവൻ പറഞ്ഞതു് ഒരിക്കലെങ്കിലും ശരിയായെന്നു സമ്മതിക്കാതെ വയ്യെന്നു വന്നു മാഗ്ഡയ്ക്കു്. ഡാഗ്നിയുടെ മങ്ങിയ സൗന്ദര്യത്തെയും അവളുടെ കേശഭാരത്തിലെ പഴയ സ്വർണ്ണത്തിൻെറ കാന്തിയേയും ആ കറുത്ത വെൽവെററ് അത്ഭുതകരമാംവണ്ണം തെളിച്ചുകാണിച്ചു.

"അവളെയൊന്നു നോക്കു!" നീൽസ് മാഗ്ഡയോട് രഹസ്യമായി പറഞ്ഞു.

"സങ്കേതത്തിലേയ്ക്കു് ആദ്യമായി പോകുന്ന ഒരു പെൺകുട്ടിയുടെ സൗന്ദര്യമുണ്ടു് അവൾക്കു്."

"സങ്കേതംതന്നെ!" മാഗ്ഡ പതുക്കെ പറഞ്ഞു. "നമ്മുടെ ആദ്യത്തെ കൂടിക്കാഴ്ച ഞാൻ ഓർമ്മിക്കുകയാണു്. പക്ഷേ, സ്നേഹസമ്പന്നനും സുന്ദരനും ആയ ഒരു കാമുകനെ ഓർമ്മിക്കുന്നതായി തോന്നുന്നില്ല. നിങ്ങൾ ഒരു പഴഞ്ചൻ കാററുസഞ്ചിയാണു്. സംശയമില്ല!" എന്നിട്ടു് അവൾ അയാളുടെ മൂർദ്ധാവിൽത്തന്നെ ചുംബിച്ചു.

സൂര്യാസ്തമയം കഴിഞ്ഞ ഉടനെ, ഹാർബറിലെ ആ പഴയ തോക്കിൽനിന്നു വൈകുന്നേരത്തെ വെടിയുതിർന്നതോടെ, കച്ചേരി ആരംഭിച്ചു. സംഗീത സംഘത്തിലെ നേതാവും മററംഗങ്ങളും വിളക്കു തെളിക്കുകയുണ്ടായില്ല. ആ രാത്രി പ്രകാശപൂർണ്ണമായിരുന്നു. അതുകൊണ്ടു്, പാർക്കിലെ നാരകങ്ങളിലുണ്ടായിരുന്ന വിളക്കുകൾ അലങ്കാരം മാത്രമായിതോന്നും.

സിംഫണി മാതൃകയിലുള്ള ആ സംഗീതം ഇദംപ്രഥമമായ ഒരനുഭൂതിയായിരുന്നു ഡാഗ്നിക്കു്. അതവളെ വല്ലാതെ ആകർഷിച്ചു. അവളുടെ മനസ്സിലൂടെ സ്വപ്നസദൃശമായ ചിത്രങ്ങൾ വായിക്കുകയായിരുന്നു അതു്. പെട്ടെന്നു് അവൾ തലയുയർത്തി. വല്ലാത്ത അമ്പരപ്പുതോന്നി: സായാഹ്ന വേഷംധരിച്ച ആ കൃശഗാത്രൻ അവളുടെ പേരാണോ വിളിച്ചു പറഞ്ഞതു്? അയാൾ പ്രോഗ്രാമിലെ ഓരോ പരിപാടിയും വിളിച്ചു പറയുകയായിരുന്നല്ലോ.

"അമ്മാവാ, എന്നെ വിളിച്ചോ?" അവൾ ചോദിച്ചു. അയാളുടെ കണ്ണുകളിൽ അത്ഭുതത്തിൻെറയോ അഭിനന്ദനത്തിൻെറയോ ലാഞ്ഛന കണ്ടു് അവൾ നെററിചുളിച്ചു. മാഗ്ഡ അമ്മാവിയും കെർചീഫ് വായിൽ ചേർത്തുപിടിച്ചു് അവളെ മിഴിച്ചു നോക്കുകയായിരുന്നു.

"എന്താണ്?" ഡാഗ്നി ചോദിച്ചു, മാഗ്ഡ അവളുടെ കൈപിടിച്ച്, പതുക്കെ പറഞ്ഞു: "ശ്ശ്ശ്! കേൾക്കു!"

അനൗൺസർ പറയുന്നതു ഡാഗ്നി കേട്ടു: "പിന്നിലിരിക്കുന്നവർക്കുവേണ്ടി ഞാൻ അതൊന്നുകൂടി ആവർത്തിക്കാം: അടുത്ത ഐറ്റം എഡ്വേർഡ് ഗ്രീഗിൻെറ പ്രഖ്യാതമായ കൃതിയാണ് വനംവിചാരിപ്പുകാരനായ ഹാഗെറപ്പ് പെഡർസൻെറ മകൾ ഡാഗ്നി പെഡർസനു് പതിനെട്ടു വയസ്സു തികയുമ്പോൾ സമർപ്പിക്കപ്പെട്ടിരിക്കുന്നതു്."

ഡാഗ്നി പെട്ടെന്നു ദീർഘമായി ശ്വസിച്ചു. അതവളെ വീർപ്പുമുട്ടിച്ചു. അതേസമയം അവളിൽനിന്നു പൊട്ടിവളന്ന തേങ്ങൽ തടയാൻ ഒരു വിധത്തിലും ശക്തമായതുമില്ല. കുനിഞ്ഞിരുന്നു് അവൾ മുഖം കൈകൊണ്ടു പൊത്തി.

ആദ്യമൊക്കെ തൻെറ ഉള്ളിലുണ്ടായിരുന്ന സംഭ്രമത്തിൻെറ കോലാഹലമല്ലാതെ മററൊന്നും കേൾക്കാൻ അവൾക്കു സാധ്യമായില്ല. പിന്നീട് ശതക്കണക്കിനു പ്രതിധ്വനികളുയർത്തിക്കൊണ്ടു് ഒരാട്ടിടയൻ പുലരിയിൽ ആടുകളെ ഉണത്തുന്ന പുല്ലാങ്കുഴൽ നാദം കേൾക്കായി. മ ര ത്ത ല പ്പു ക ളി ലൂ ടെ പാഞ്ഞു് ഇ ല ക ൾ പൊ ഴി ച്ചു്, പു ൽ ക്കൊ ടി ക ളെ ചാഞ്ചാടിച്ചുകൊണ്ടും കടലിലെ തണുത്ത ജലത്തിൻെറ മുത്തുകൾ മുഖത്തു വാരിയെറിഞ്ഞുകൊണ്ടും നില്ക്കുന്ന കാററുപോലെ ആ സംഗീതം വളന്നു; ഗർജ്ജിച്ചു. അതെ, അതവൾക്കു പരിചിതമായ വനം തന്നെ. അവളുടെ മലനിരകൾ തന്നെ. അവൾക്കു സുപരിചിതമാണ് ആ മുരളീരവം. അതുപോലെ കടൽക്കരയിൽ ആഞ്ഞടിക്കുന്ന തിരമാലകളും. അവൾക്കു പ്രശാന്തത ലഭിക്കുന്നതായിതോന്നി.

കണ്ണാടിക്കപ്പലുകൾ വെള്ളം കുടഞ്ഞു കൊണ്ടിരുന്നു. കാററ് അവയുടെ പാമരക്കയറുകളെ വീണക്കമ്പികളാക്കി. അനന്തരം, അതീന്ദ്രിയമായ ചില പരിവത്തനങ്ങൾ. താഴ്വരയിലെ

ലില്ലിപ്പൂക്കളുടെ സംഗീതത്തിനൊപ്പം സാഹ്ളാദം ചിലങ്കകൾ കിലുങ്ങി. ആകാശത്തിൽ പക്ഷികൾ തലകുത്തിമറിഞ്ഞു; കളിക്കുന്ന കുട്ടികൾ ആർത്തുവിളിച്ചു. ജാലകത്തിനരികിൽനിന്നു കാമുകനെറിഞ്ഞ കല്ലുകൾകൊണ്ടു പ്രഭാതത്തിലുണർത്തപ്പെട്ട യുവതി മധുരഗാനം പൊഴിച്ചു. തന്റെ വനാന്തര ജീവിതത്തിൽ ഡാഗ്നി പലപ്പോഴും കേട്ടിട്ടുള്ളതാണ് ആ പാട്ട്.

അപ്പോൾ, പൊക്കം കൂടിയ, നരബാധിച്ച മനുഷ്യൻ, ഗാനഗന്ധർവ്വനായ എഡ്വേർഡ് ഗ്രീഗായിരുന്നു! തനിക്കു വേണ്ടി ഫിർ ചുള്ളികൾ നിറച്ച കുട്ട ചുമന്നുനടന്നില്ലേ അദ്ദേഹം! സാധനങ്ങൾ അതിവേഗത്തിലുണ്ടാക്കാൻ സാധിക്കാത്തതിനു താൻ അദ്ദേഹത്തെ പഴിച്ചതു് അവൾ ഓർമ്മിച്ചു-അപ്പോൾ പത്തുകൊല്ലം മുമ്പു് അദ്ദേഹം വാഗ്ദാനം ചെയ്ത സമ്മാനം ഇതാണു്.

ലജ്ജകൂടാതെ അവൾ കരഞ്ഞു. കൃതജ്ഞതയുടെ ബാഷ്പപ്രവാഹം. ആ സംഗീതം ഭ്രമിക്കും അന്നു പട്ടണത്തിന്റെ മുകളിൽ തങ്ങിയിരുന്ന മേഘപരമ്പരകൾക്കുമിടയിലുള്ള മണ്ഡലമാകെ പരന്നൊഴുകി. ശബ്ദത്തിന്റെ അലകൾ മേഘങ്ങളിൽച്ചെന്നടിച്ചു് അവയെ കീറിമുറിച്ചു് ആ വിള്ളലുകളിലൂടെ മിന്നിത്തിളങ്ങാൻ നക്ഷത്രങ്ങളെ അനുവദിച്ചു.

സംഗീതം വെറുമൊരു സംഗീതമല്ലാതായി. ദുഃഖം പ്രേമത്തെ ഭീഷിണിപ്പെടുത്താത്ത, ആരുടെയും ആനന്ദം അപഹരിക്കപ്പെടാത്ത പരദേവതയുടെ ശിരസ്സിൽ സ്വർണ്ണക്കിരീടമെന്നപോലെ സൂര്യൻ ശോഭിക്കുന്ന ആ പ്രദേശത്തിലേയ്ക്കു കടന്നുചെല്ലാൻ അതു് ആഹ്വാനം നല്കുകയാണു്. അതിനുശേഷം സ്വരങ്ങളുടെ മധുരോദാരമായ സങ്കലനത്തിൽനിന്നു വരുന്ന ആ പരിചിത ശബ്ദം: “നീയാണാനന്ദം. നീയാണു പ്രഭാതത്തിന്റെ പ്രകാശം.”

നിശ്ശബ്ദത പരന്നു. ആദ്യം പതുക്കെയും, പിന്നീട് ചൈതന്യം നേടിയും ഹർഷാരവം പൊട്ടിപ്പുറപ്പെട്ടു. ഡാഗ്നി എഴുന്നേററ് പാർക്കിന്റെ വാതില്ക്കലേയ്ക്കു കുതിച്ചു. എല്ലാവരും തിരിഞ്ഞുനോക്കി— ആർക്കാണോ ഗ്രീഗ് തന്റെ അമര സംഗീതം സമർപ്പിച്ചതു്, ആ ഡാഗ്നി പെഡെർസനാണതെന്നു്, ഒരു പക്ഷേ, അവരിൽ ചിലർക്കു മനസ്സിലായിട്ടുണ്ടാവാം.

അദ്ദേഹം മരിച്ചിരിക്കും. ഡാഗ്നി വിചാരിച്ചു. എന്തിനു്? ഹാ, അദ്ദേഹത്തെ വീണ്ടും കാണാൻ കഴിഞ്ഞെങ്കിൽ! ഒരൊററത്തവണയായാലും മതി. അവൾ അതിവേഗത്തിൽ അയാളുടെ അടുത്തേയ്ക്കു് ഓടിച്ചെല്ലും, കഴുത്തുകെട്ടിപ്പിടിക്കും, തന്റെ കണ്ണീരണിഞ്ഞ കവിൾത്തടം അയാളുടേതിനോടു ചേർത്തമർത്തിയിട്ടു പറയും: "നന്ദി!"

"നീ എന്തിനു നന്ദിപറയുന്നു?" അദ്ദേഹം ചോദിക്കും.

"എനിക്കറിഞ്ഞുകൂടാ. എന്നെ മറക്കാതിരുന്നതിനു്; അങ്ങയുടെ നന്മയോർത്തു്; ജീവിതം എത്ര മഹത്തരമാണെന്നു് എനിക്കു കാണിച്ചുതന്നതിനു്."

നിർജ്ജനമായ തെരുവുകളിലൂടെ ഒരു ലക്ഷ്യവുമില്ലാതെ ഡാഗ്നി നടന്നു. മാഗ്ഡ പറഞ്ഞയച്ചതനുസരിച്ചു തന്നെ പിന്തുടരുന്ന നീൽസ് അമ്മാവനെ അവൾ കണ്ടതേയില്ല. മദ്യപനെപ്പോലെ അയാൾ കുറച്ചൊന്നാടുന്നുണ്ടു്. തന്റെ സാധാരണ ജീവിതത്തിൽ സംഭവിച്ച ഒരത്ഭുതത്തെക്കുറിച്ചയാൾ സ്വയം എന്തോ പറഞ്ഞുകൊണ്ടിരുന്നു.

രാത്രിയുടെ മങ്ങൽ അപ്പോഴും പട്ടണത്തെ മൂടുപടമണിയിച്ചിരിക്കുകയായിരുന്നു. എങ്കിലും, ഉത്തരദിക്കുകളിലെ പുലരിയുടെ ആദ്യത്തെ തങ്കക്കതിരുകൾ ജാലകങ്ങളിൽ പ്രതിഫലിച്ചു കഴിഞ്ഞിരുന്നു.

ഡാഗ്നി കടലിനട്ടത്തെത്തി. ഗാഢനിദ്ര പ്രാപിച്ചിരിക്കയാണെന്ന തോന്നി അതു്. ഒററക്കുഞ്ഞലപോലുമില്ല അതിൻെറ ശാന്തമായ ഉപരിതലത്തെ കളങ്കപ്പെടുത്താൻ. പ്രപഞ്ചത്തിൻെറ സൗന്ദര്യംകണ്ടു സ്തബ്ധയായി, ബദ്ധാഞ്ജലിയായി അവരം നിന്നു.

ചാരവർണ്ണത്തിലുള്ള വെള്ളത്തിൽ കപ്പലുകളിലെ വിളക്കുകഠം മെല്ലെ മെല്ലെ ചാഞ്ചാടുന്നതു നോക്കിനിന്നു് ആഹ്ലാദാതിരേകത്തോടെ അവരം പൊട്ടിച്ചിരിച്ചു.

നീൽ, കുറച്ചകലെനിന്നു്, ആ ചിരികേട്ടു. അയാഠം വീട്ടിലേയ്ക്കു മടങ്ങി.

"അവഠംക്കു കുഴപ്പമൊന്നമില്ല." അയാഠം സ്വയം ധൈര്യപ്പെടുത്തി. "ജീവിതത്തിൽ വല്ലതും അവഠം നേടും."

---

# ഡിക്കൻസ്

(ഒരെഴുത്തുകാരൻെറ കുറിപ്പുകളിൽ നിന്നു്.)

മഞ്ഞമേഘങ്ങൾ ഫ്യോഡോസിയയുടെ മുകളിൽ തങ്ങിനില്ക്കുന്നു. കുപിതവും ഭീഷണവുമായ മേഘങ്ങൾ. വല്ലാത്ത ചൂട്. ചെറിയ കുട്ടികൾ കിഴവനായ ഒരു അക്കേഷ്യാ മരത്തിൽ കയറിയിരുന്നു് അതിൻെറ ഉണങ്ങിയ മധുരപുഷ്പങ്ങൾ വായിൽ കുത്തിച്ചെലുത്തുകയാണ്. അകലെ ചക്രവാളപ്പരപ്പിൽ അടുത്തണയുന്ന ഒഡെസ്സാ കപ്പലിൽ നിന്നുയന്ന ധൂമപടലം തങ്ങുന്നു. അപ്രസന്നനും പ്രായം ചെന്നവനുമായ ഒരു മീൻപിടുത്തക്കാരൻ വെറും അലസതകൊണ്ടു മുഷിഞ്ഞു് ചൂളം വിളിക്കുകയും വെള്ളത്തിലേക്കു തുപ്പുകയുമാണ്. ബെൽട്ടിനുപകരം കീറിയ മീൻവലയുടെ കഷണമാണ് അയാൾ ധരിച്ചിരുന്നതു്. അയാളുടെ അടുത്തിരുന്നു് ഒരുകുട്ടി പുസ്തകം വായിക്കുകയാണ്. "നോക്കു, കുഞ്ഞേ, ആ പുസ്തകമൊന്നു നോക്കട്ടെ." പരുത്ത ശബ്ദത്തിൽ ആ മുക്കുവൻ പറയുന്നു. കുട്ടി ഭയത്തോടെ പുസ്തകം കൊടുക്കുന്നു. അയാൾ വായനയാരംഭിക്കുകയാണ്. അഞ്ചുനിമിഷം കഴിഞ്ഞു. പിന്നെ പത്തു്. ആവേശത്താൽ അമത്തിമൂളുന്നു അയാൾ. "ഈശ്വരാ, അയാൾ അതു് അട്ടിയിട്ടിരിക്കയല്ലേ."

ആ ആൺകുട്ടി അവിടെയിരിക്കുകയാണ്, പ്രതീക്ഷയോടെ. അര മണിക്കൂർനേരം ആ മുക്കുവൻ വായിച്ചിട്ടുണ്ടാവണം. മേഘങ്ങൾ കുറേക്കൂടി ഉയന്നുകഴിഞ്ഞു. ഒരു അക്കേഷ്യമരം ശൂന്യമാക്കി കുട്ടികൾ അടുത്തതിൽ കയറിപ്പററിയിരിക്കുകയാണ്. എന്നിട്ടും ആ മുക്കുവൻ വായന തുടരുകയാണ്. അയാളെ ഉൽകണ്ഠയോടെ നോക്കുന്നു കുട്ടി. ഒരുമണിക്കൂർ കട

ന്നപോയി. "ദയവുചെയ്യു്, മിസ്റ്റർ," അവൻ പതുക്കെ പറഞ്ഞു. "എനിക്ക വീട്ടിലെത്തണം."

"അമ്മയുടെ അടുക്കലേയ്ക്കോ?" തലയുയർത്താതെ മുക്കുവൻ ചോദിച്ചു.

"അതെ."—മറുപടി.

"കുറച്ചു ക്ഷമിക്കട്ടെ അമ്മ." മുക്കുവൻ മുരളുകയാണു്. കുട്ടി നിശ്ശബ്ദനായി. മുക്കുവൻ ധൃതിയിൽ താളുകൾ മറിക്കുകയാണു്. ആർത്തിയോടെ വിഴുങ്ങുകയാണു്. വീണ്ടും അരമണിക്കൂർ കൂടി കഴിഞ്ഞു കുട്ടി മെല്ലെ കരയാൻ തുടങ്ങി. കപ്പൽ തുറമുഖത്തടുത്തു. രാജകീയവും താൽപര്യശൂന്യവുമായ കാഹളങ്ങൾ അതിൽ നിന്നുയന്നു. ആ മുക്കുവൻ ഒന്നും കേൾക്കുകയുണ്ടായില്ല.

ഇപ്പോൾ ആ കുട്ടി തേങ്ങിത്തേങ്ങിക്കരയുകയാണു്. വിറകൊള്ളുന്ന കവിൾത്തടത്തിലൂടെ കണ്ണീർച്ചാലൊഴുകുകയാണു്. മുക്കുവൻ ഒന്നും കാണുന്നില്ല, കേൾക്കുന്നുമില്ല. വൃദ്ധനായ പാലം കാവൽക്കാരൻ അയാളോടു വിളിച്ചു പറഞ്ഞു:

"ഹേയ്, പെട്യോ! നാണമില്ലല്ലോ നിങ്ങൾക്കു്? ആ കുട്ടിയെ വിഷമിപ്പിക്കാതെ. പുസ്തകം തിരിച്ചു കൊടുത്തേക്കു."

മുക്കുവൻ വിസ്മയത്തോടെ ആ കുട്ടിയെ നോക്കി. പുസ്തകം അവൻെറ നേരെ എറിഞ്ഞു വെറുപ്പോടെ അയാൾ പറഞ്ഞു.

"ഇതാ—എടുത്തോളൂ. വാശിക്കാരൻ ചെറുക്കൻ. അതു നിന്നെ ശ്വാസം മുട്ടിക്കട്ടെ!"

കുട്ടി പുസ്തകം എടുത്തു് പാലത്തിൻെറ മുകളിലൂടെ, തിരിഞ്ഞൊന്നു നോക്കുക പോലും ചെയ്യാതെ, ഓടിപ്പോയി.

"അതേതു പുസ്തകമാണു്?" ഞാൻ മുക്കുവനോടു ചോദിച്ചു.

"ഡിക്കൻസ്." മനസ്താപം വിടാതെ അയാൾ പറഞ്ഞു. "എന്തൊരെഴുത്തുകാരൻ—പശപോലെ ഒട്ടുകയാണു്—വിട്ടുകളയാൻ സാധ്യമാവുകയില്ല."

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* MF9 *Acc. No.* 38542

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 30 JAN 1969 | | |
| 26 JUL 1974 | | |
| 23 JUL 1976 | | |
| -4 JAN 1977 | | |
| 14 APR 1987 | | |
| -4 AUG 1994 | | |
| 30 DEC [illegible] | | |

NF9 PAU. 385A2

പൗസ്തോവ്സ്കി. കെ.

കാലത്തിന്റെ ഒച്ചകൾ.

C.I.C.C. BOOK HOUSE · ERNAKULAM ·

## നോവലുകൾ

| | | |
|---|---|---|
| സൈറൺ | — മാഡംമജറോവ | 9—00 |
| ഒററമൂലി | — ഏവൂർ സി. കെ. | 3—00 |
| രാഗംതെററിയ ഗാനധാര | — വല്ലച്ചിറ മാധവൻ | 3—00 |
| ചോര | — ഇ. വാസു | 4—00 |
| ഇരുൾമൂടിയ വീഥികൾ | — ചന്ദ്രൻ ചേലാട്ട് | 5—00 |
| കണ്ണിമാങ്ങകൾ (രണ്ടാംപതിപ്പ്) | — സി. രാധാകൃഷ്ണൻ | 4—00 |
| താമസി (രണ്ടാംപതിപ്പ്) | — ജരാസന്ധൻ | 4—50 |
| ഉഴുതുമറിച്ച പുതുമണ്ണ് | — ഷോലഖോവ് | 7—00 |

**സി. ഐ. സി. സി. ബുക്ക് ഹൌസ്,**

**ടി. ബി. റോഡ്, എറണാകുളം.**

ഫോൺ: 3557